# സമകാലിക ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ഡിസംബർ 1, 2014 പുസ്തകം 1 ലക്കം 4

December1, 2014 Volume1 Issue 4

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**എസ്. സുധീർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസിസ്റ്റന്റ് എഡിറ്റർ
**അരുൺ എസ്.എസ്.**

ട്രാൻസ്‌ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **നാഫിഹ് എം.,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **എൻ. രാധാകൃഷ്ണപിള്ള,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ. സുരേഷ്കുമാർ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ.ടി. ശേഖരൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി



**വരിക്കാരാകാൻ:** *സമകാലിക ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാംനില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471-2517036**


മുഖക്കുറിപ്പ്

# സ്ത്രീ ശാക്തീകരണവും സംരംഭങ്ങളും

എല്ലാ മേഖലയിലുമുണ്ടായ സ്ത്രീ മുന്നേറ്റം ഇന്നൊരു ചരിത്ര രേഖയാണ്. പുരുഷനൊപ്പം സ്ത്രീ പരിഗണിക്കപ്പെടുകയും ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് സ്വീകരിക്കപ്പെടുകയും ചെയ്യും വിധം സാമൂഹ്യമനശ്ശാസ്ത്രത്തിലും കുറെയൊക്കെ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ഇന്നത്തെ യുവതികളിലും വളർച്ചയുടെ ഘട്ടത്തിലുള്ള പെൺകുട്ടികളിലും വീടിന്റെ ചുമരുകൾക്കപ്പുറത്തെ വിശാല ലോകത്തിൽ വ്യക്തിമുദ്രപതിപ്പിക്കണമെന്ന ആഗ്രഹം കാണാം. ആ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും ഒപ്പം നിൽക്കാൻ മനസ്സുള്ള സമൂഹമായി കേരളവും മാറുകയാണ്. എന്നാൽ ശുഭകരമായ ഇത്തരം സംഗതികൾക്കിടയിലും പുഴുക്കുത്തുപോലെ ചില പോരായ്മകൾ കാണാം. സ്ത്രീകൾക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ അതിലൊന്നാണ്. ഒരു സമൂഹത്തിനെ ഒന്നടങ്കം വേദനിപ്പിക്കുകയും ഒരുപരിധിവരെ കളങ്കിതമാക്കുകയും ചെയ്യുന്നതാണ് ഇത്തരം അക്രമങ്ങൾ. ഈവക സംഭവങ്ങളുടെ തുടർവാർത്തകൾ കേൾക്കുന്നത് അങ്ങേയറ്റം ലജ്ജാകരവുമാണ്.

സ്ത്രീക്ക് തന്റേടവും സ്വയംപര്യാപ്തതാ ശീലവും അഭിമാനബോധവും നിയമപരിജ്ഞാനവും വർധിച്ചാൽ ഒരുപരിധി വരെ ഇത്തരം പ്രശ്നങ്ങൾക്ക് പ്രതിവിധിയുണ്ടാക്കാം. ഇതിന് ശരിയായ ബോധവൽക്കരണവും ആസൂത്രിത സഹായ പദ്ധതികളും ആവശ്യമാണ്. സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതികൾക്കും ഇക്കാര്യങ്ങൾ കണക്കിലെടുത്തു കൊണ്ടുള്ള ദീർഘകാല ലക്ഷ്യങ്ങളാണുള്ളത്. വിവിധ സ്ത്രീ ശാക്തീകരണ- സമാശ്വാസ പദ്ധതികൾ സർക്കാർ സംവിധാനങ്ങളിലൂടെ നടപ്പാക്കുന്നു. സാമൂഹ്യനീതി വകുപ്പു വഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾ, കുടുംബശ്രീയുടെ വിപുലമായ പ്രവർത്തനങ്ങൾ, വനിതാവികസന കോർപ്പറേഷൻ നൽകുന്ന സ്വയം സംരംഭക വായ്പാ പദ്ധതികൾ, പഞ്ചായത്തുതല ജാഗ്രതാസമിതികൾ, ജൻഡർപാർക്ക്, തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് പരിഹാരം കാണാനുള്ള നിർഭയ പദ്ധതി, കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള സ്വയരക്ഷാ പരിശീലന പരിപാടി തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്.

സ്ത്രീകൾ തന്നെ സംരംഭകരും ഡ്രൈവർമാരുമായ ഷീടാക്സി പദ്ധതിയും ഇത്തരം കാഴ്ചപ്പാടോടെ വിഭാവനം ചെയ്തതാണ്. ഡ്രൈവർ ജോലിയിലേക്ക് സാധാരണഗതിയിൽ സ്ത്രീകൾ കടന്നു വരാൻ മടിക്കും. അത് സ്ത്രീക്ക് അപ്രാപ്യമാണെന്ന വിശ്വാസവും അടിയുറച്ചതാണ്. എന്നാൽ ഈ വിശ്വാസത്തിൽ സമൂലമായ മാറ്റം വരുത്തിക്കൊണ്ടാണ് ഒരു വർഷം മുമ്പ് തിരുവനന്തപുരത്ത് ഷീടാക്സി പദ്ധതിക്ക് തുടക്കം കുറിച്ചത്. രാജ്യത്തു തന്നെ ഇത്തരത്തിലുള്ള ആദ്യ പദ്ധതിയായിരുന്നു ഷീടാക്സി.

ഈ ലക്കം സമകാലിക ജനപഥത്തിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

**മിനി ആന്റണി**
ചീഫ് എഡിറ്റർ

# സമകാലിക ജനപഥം

ഡിസംബർ 1, 2014


ഉള്ളടക്കം




10
**സ്ത്രീ മുന്നേറ്റത്തിന്റെ കാലം**
ഡോ. എം.കെ. മുനീർ
പഞ്ചായത്ത്-സാമൂഹികനീതി മന്ത്രി

13
**ആത്മവിശ്വാസത്തിന്റെ വലയം തിരിക്കുന്നവർ**
അരുൺ എസ്.എസ്.

16
**സ്ത്രീശാക്തീകരണ പദ്ധതികളുമായി വനിതാ വികസന കോർപറേഷൻ**

28
**ഫോട്ടോ ഫീച്ചർ**





6 കേരള വാർത്തകൾ

40 ജാലകം

42 ജില്ലകളിലൂടെ

51 പദപാഠം

52 ഭരണഭാഷ

54 കാലത്തിനൊപ്പം




20
**അറബിമലയാളത്തിന്റെ ഈടുവെപ്പുകൾ**
ഇ. അഹമ്മദ് എം.പി.

26
**നക്ഷത്ര ജ്വലനം**
എ.എം. സന്ധ്യ

30
**എന്തതിശയമേ**
ഗിരീഷ് പുലിയൂർ

32
**മാതൃകയായി സിവിൽസർവീസ് അക്കാദമി**
പി.കെ. ശങ്കരൻകുട്ടി

36
**കാവ്യ കൃപാസാഗരം**
രാജ്മോഹൻ കൂവളശ്ശേരി


38
**രൂപങ്ങളിലെ ധ്യാനാത്മക വിശുദ്ധി**
കാട്ടൂർ നാരായണപിള്ള

22
**കാഴ്ചയുടെ വർണജാലകം**
സിൽവി മാക്സി മേന





34
**ജീവൈക്യ കവിതകൾ**
വി.എം. ഗിരിജ

# അന്താരാഷ്ട്ര വ്യാപാരമേള കേരള പവലിയന് വെങ്കലം

പ്രഗതി മൈതാനത്തെ അന്താരാഷ്ട്ര വ്യാപാരമേളയിലൊരുക്കിയ കേരളത്തിന്റെ പവലിയൻ വെങ്കല മെഡലിന് അർഹത നേടി. മുൻവർഷങ്ങളിൽ ആറു തവണ സ്വർണമെഡലും, നാലു തവണ വെള്ളിയും കേരള പവലിയൻ നേടിയിട്ടുണ്ട്.

മൂന്ന് കുതിരകളെ പൂട്ടിയ തേര് തെളിക്കുന്ന വനിതയുടെ രൂപം മുഖപ്പിൽ അവതരിപ്പിച്ചിട്ടുള്ള പവലിയനുള്ളിൽ കൈകൾ ചിറകുകളായി വനിതാ സംരംഭകരെ സംരക്ഷിക്കുന്ന സ്ത്രീയുടെ വലിയ പ്രതിമയും സന്ദർശകരെ ആകർഷിച്ചു. ആയിരക്കണക്കിനാളുകൾ പവലിയൻ സന്ദർശിച്ചു.

വനിതാ സംരംഭകത്വം വിഷയമായ മേളയിൽ 64 ൽപ്പരം സ്റ്റാളുകൾ ഒരുക്കി. വിവിധ വകുപ്പുകൾ വഴിയുള്ള വിജയകഥകളുടെ വിവരണങ്ങളും വൈവിധ്യമാർന്ന ഉത്പന്നങ്ങളും പവലിയനിൽ ഉണ്ടായിരുന്നു.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൻെറ ഏകോപനത്തിലുള്ള പവലിയൻ രൂപ കല്പന ചെയ്തത് ആർട്ടിസ്റ്റ് ജിനനും, മേൽനോട്ടം പി.ഡബ്ല്യു.ഡി ആർക്കിടെക്ട് ആർ. രാജീവുമാണ്. സംസ്ഥാന ഫുഡ് സ്റ്റാളുകളുടെ ഇനത്തിൽ കേരളത്തിന്റെ കുടുംബശ്രീ വെള്ളിമെഡൽ നേടി.



അന്താരാഷ്ട്ര വ്യാപാരമേളയിലെ കേരള പവലിയന്റെ ഉദ്ഘാടനം മന്ത്രി കെ.സി. ജോസഫ് നിർവഹിക്കുന്നു

## കപ്പപഴവും തേനീച്ച പൂമ്പൊടിയുമായി 'ഹോർട്ടികോർപ്പ്' സ്റ്റാൾ

കേരള പവലിയനിലെ ചുവന്ന കപ്പപഴം കണ്ട് ഉത്തരേന്ത്യക്കാരായ സന്ദർശകർ. ആശ്ചര്യപ്പെടുകയായിരുന്നു. കേരള പവലിയനിലെ 'ഹോർട്ടികോർപ്പ്' സ്റ്റാളിലാണ് വിവിധയിനം തേൻ ഉൾപ്പെടെയുള്ള കേരളത്തനിമയുള്ള ഉത്പന്നങ്ങൾ ഒരുക്കിയത്.

തെക്കൻ കേരളത്തിന്റെ സവിശേഷതയുള്ള വാഴപ്പഴമായ ചെങ്കദളി (ചുവന്ന കപ്പ) പഴത്തിന് പുറമെ രസകദളി, പാളയൻ തോടൻ, നേന്ത്രൻ തുടങ്ങിയ വാഴപ്പഴങ്ങളും ഇവിടെ ഒരുക്കി. മൂന്നാറിൻെറ സ്വന്തം പഴമായ 'സ്ട്രോബറി'യിൽ തയാറാക്കിയ 'സ്ട്രോബറി പ്രിസർവ്' മറ്റൊരിനം.

ചിപ്സുകളുടെ വമ്പിച്ച ശേഖരവുമുണ്ടായി. വെളിച്ചെണ്ണയിൽ വറുത്ത നേന്ത്രൻ, നേന്ത്രപ്പഴം, ശർക്കര ഉപ്പേരി, ചക്ക, മരച്ചീനി ചിപ്സുകളുണ്ട്. വാഴക്കുളം പൈനാപ്പിളും വില്പ്പനയ്ക്കായി ഒരുക്കിയിട്ടുണ്ട്. കുരുമുളക് പൊടി ചേർത്ത ചേമ്പ്



കേരള പവലിയന് ലഭിച്ച വെങ്കലമെഡലും കേരളത്തിന്റ ഫുഡ്സ്റ്റാളിന് ലഭിച്ച വെള്ളിമെഡലും പി.ആർ.ഡി. ഡയറക്ടർ മിനി ആന്റണി ഐ.എ.എസ്. കേന്ദ്ര സാംസ്കാരിക ടൂറിസം സഹമന്ത്രി ഡോ. മഹേഷ്ശർമ്മയിൽ നിന്ന് ഏറ്റുവാങ്ങുന്നു

ചിപ്സും സ്റ്റാളിലുണ്ട്.

വിവിധയിനം തേൻ ഇനങ്ങളായ ഇഞ്ചിത്തേൻ, തുളസിത്തേൻ, മുരിങ്ങത്തേൻ, വെളുത്തുള്ളിത്തേൻ, നാടൻ തേൻ എന്നിവയ്ക്ക് പുറമെ മാംസ്യ സമ്പുഷ്ടമായ തേനീച്ച പൂമ്പൊടിയും ഈ സ്റ്റാളിലുണ്ട്. മുഖകാന്തി വർധിപ്പിക്കുന്നതിനുള്ള തേൻ മെഴുകും ഇവിടെ ലഭ്യമാണ്.

കേരളത്തിലെ വീട്ടമ്മമാർ തയാറാക്കിയ ചെറുനാരങ്ങ, മാങ്ങ അച്ചാറുകളും ഇഞ്ചിനീര് ചേർത്ത 'ജിഞ്ചർ ലെമൺ സ്ക്വാഷും' ഹോർട്ടി കോർപ്പ് സ്റ്റാളിലുണ്ട്.

### സ്ത്രീ സംരംഭകത്വത്തിൻെറ വിജയകഥകളുമായി മൃഗസംരക്ഷണ വകുപ്പ്

പശു, കോഴി, താറാവ്, ആട് എന്നിവയെ വളർത്തി സ്വാശ്രയരായ വനിതാ സംരംഭകരുടെ വിജയഗാഥകളും മറ്റും പ്രദർശിപ്പിച്ച മൃഗസംരക്ഷണ വകുപ്പിന്റെ പ്രദർശനവും കേരള പവലിയനിൽ ശ്രദ്ധേയമായി.

സ്ത്രീ സംരംഭകർ വർധിക്കുന്നതിലൂടെ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദനത്തിലുണ്ടായ ഉണർവ് മൃഗസംരക്ഷണ വകുപ്പ് എടുത്തു കാണിക്കുന്നു. കന്നുകുട്ടികൾക്ക് പകുതി വിലയ്ക്ക് കാലിത്തീറ്റ നൽകുന്നതടക്കം വനിതാ സംരംഭകർക്ക് നൽകുന്ന വിവിധ സഹായങ്ങളും ചിത്രീകരിച്ചിരുന്നു.

വ്യാപാരമേളയിലെ മൃഗസംരക്ഷണ വകുപ്പിന്റെ പ്രദർശന ശാലയ്ക്ക് അസിസ്റ്റൻറ് ഡയറക്ടർ ഡോ. ബി. ജോതിഷ്കുമാർ, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാരായ കെ. സുധി, എ. അസ്മത്തുള്ള ഖാൻ എന്നിവർ നേതൃത്വം നൽകി.

*ഡോ. സി. വേണുഗോപാൽ*
*ഇൻഫർമേഷൻ ഓഫീസർ, ന്യൂഡൽഹി*

# നെഹ്രു ശതോത്തര രജതജൂബിലി ആഘോഷങ്ങൾക്ക് തുടക്കം

ഒരു വർഷം നീണ്ടുനിൽക്കുന്ന ജവഹർലാൽ നെഹ്രു ശതോത്തര രജതജൂബിലി ആഘോഷങ്ങൾക്ക് സംസ്ഥാനതലത്തിൽ തുടക്കമായി. തിരുവനന്തപുരം വി.ജെ.ടി ഹാളിൽ നടന്ന ചടങ്ങിൽ മന്ത്രി വി.എസ്. ശിവകുമാർ ഉദ്ഘാടനം നിർവഹിച്ചു. രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് വൈദേശിക അടിമത്തം അവസാനിപ്പിക്കുന്നതിനും രാജ്യത്തിന് സ്വാതന്ത്ര്യം ലഭിക്കുന്നതിനും പങ്കുവഹിച്ച മഹദ് വ്യക്തിത്വമാണ് നെഹ്രുവിന്റേത്. രാജ്യത്തിന്റെ ഭാവി കുട്ടികളിലാണെന്ന തിരിച്ചറിവോടെ നല്ല പൗരന്മാരെ വളർത്തിയെടുക്കുന്നതിനുള്ള കർമ പദ്ധതികൾ നെഹ്രു ആസൂത്രണം ചെയ്തു. രാജ്യത്തെ ആധുനീകരിക്കുന്നതിൽ നെഹ്രു വഹിച്ച പങ്ക് നിസ്തുലമാണെന്നും



**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിച്ച പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ശതോത്തര രജതജൂബിലി ആഘോഷം മന്ത്രി വി.എസ്. ശിവകുമാർ ഉദ്ഘാടനം ചെയ്യുന്നു**

മന്ത്രി പറഞ്ഞു. പ്രധാനമന്ത്രിയെന്ന നിലയിൽ രാജ്യത്തിന്റെ വികസനത്തിന് അടിത്തറയിട്ട നെഹ്രു ലോകരാഷ്ട്രങ്ങൾക്ക് മുന്നിൽ ഇന്ത്യയ്ക്ക് തലയുയർത്തി നിൽക്കാനുള്ള അവസരമൊരുക്കി. മൂന്നാം ലോകരാഷ്ട്രങ്ങളെ ഒന്നിപ്പിക്കുന്നതിനും വ്യക്തമായ നിലപാടുകളോടെ അതിന് നേതൃപരമായ പങ്കുവഹിക്കാനും ഇന്ത്യയ്ക്ക് സാധ്യമായത് നെഹ്രുവിന്റെ കാഴ്ചപ്പാടും പ്രവർത്തനങ്ങളുമാണെന്നും മന്ത്രി പറഞ്ഞു. മുൻ അംബാസഡർ ടി.പി. ശ്രീനിവാസൻ അധ്യക്ഷത വഹിച്ചു. മേയർ അഡ്വ. കെ. ചന്ദ്രിക, ഡോ. എം.എ. കരീം, ഇൻഫർമേഷൻപബ്ലിക് റിലേഷൻസ് അഡീഷണൽ ഡയറക്ടർ സി. രമേശ്കുമാർ, കൾച്ചറൽ ഡെവലപ്മെന്റ് ഓഫീസർ എസ്. ബാഹുലേയൻ നായർ എന്നിവർ പ്രസംഗിച്ചു.



**എഴുത്തച്ഛൻ പുരസ്കാരം നേടിയ വിഷ്ണുനാരായണൻ നമ്പൂതിരിയെ മന്ത്രി കെ.സി. ജോസഫ് സന്ദർശിച്ചപ്പോൾ**

കേരള വാർത്തകൾ

# സ്വദേശാഭിമാനി കേസരി പുരസ്കാരം ബി.ആർ.പിക്ക്

**വി**വാദങ്ങളല്ല സംവാദങ്ങളാണ് കേരളത്തിന് ഇന്ന് ആവശ്യമെന്ന് ധനമന്ത്രി കെ.എം.മാണി.ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ഹാളിൽ വച്ച് സംസ്ഥാന സർക്കാരിന്റെ 2013ലെ സ്വദേശാഭിമാനി കേസരി പുരസ്കാരം പ്രമുഖ മാധ്യമപ്രവർത്തകൻ ബി.ആർ.പി.ഭാസ്കറിന് സമർപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. മത്സരാധിഷ്ഠിത മാധ്യമ ലോകത്ത് വിവാദങ്ങളുടെ പിന്നാലെയാണ് ഇന്നത്തെ പത്രദൃശ്യ മാധ്യമ സമൂഹം പോകുന്നത്. ജനകീയ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് ശരിയും തെറ്റും തിരിച്ചറിയാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് മാധ്യമങ്ങൾ ചെയ്യേണ്ടത്. ആഗോളീകരണ കാലത്ത് ലാഭം മാത്രം ലാക്കാക്കിയുള്ള പ്രവർത്തനങ്ങൾ മൂലം മൂല്യം നഷ്ടമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഇല്ലാതാകണം. നേരറിയാൻ ജനങ്ങളെ സഹായിക്കുകയാണ് മാധ്യമ ധർമമെന്നും ധനമന്ത്രി പറഞ്ഞു. മാധ്യമങ്ങൾ സ്വയം വിമർശനവും ആത്മപരിശോധനയും നടത്തേണ്ടിയിരിക്കുന്നു. മാധ്യമങ്ങൾ ജനാധിപത്യത്തിലെ തിരുത്തൽ ശക്തിയായി മാറേണ്ടിയിരിക്കുന്നു. നശികരണ ശക്തിയാകാതെ ക്രിയാത്മകമാകണം മാധ്യമ പ്രവർത്തനം. അപ്പോൾ മാത്രമേ മാധ്യമ പ്രവർത്തനം സർഗാത്മകമാകുകയുള്ളുവെന്നും ധനമന്ത്രി പറഞ്ഞു. മൂല്യാധിഷ്ഠിത പത്രപ്രവർത്തന പാരമ്പര്യമുൾക്കൊള്ളുന്ന അവാർഡ് ജേതാവ് ബി.ആർ.പി.ഭാസ്കർ പുതുതലമുറ മാധ്യമ പ്രവർത്തകർക്ക് അനുകരണീയ മാതൃകയാണെന്ന് ധനമന്ത്രി ചൂണ്ടിക്കാട്ടി.ദേശീയ മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുമ്പോഴും മലയാളം മറക്കാത്ത പത്രപ്രവർത്തകനായിരുന്നു അദ്ദേഹം. പൗരാവകാശം നിഷേധിക്കപ്പെട്ടവർക്കും അടിച്ചമർത്തപ്പെട്ടവർക്കും വേണ്ടി എന്നും പ്രവർത്തന മേഖലയിൽ ഉറച്ചു നിന്ന വ്യക്തിയാണ് ബി.ആർ.പി.ഭാസ്കർ. മാധ്യമ രംഗത്ത് അനുകരണീയമായ നിരവധി മാതൃകകളുടെ വ്യക്തിത്വമാണ് ബി.ആർ.പി.ഭാസ്കറെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന സാംസ്കാരിക ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് മന്ത്രി കെ.സി.ജോസഫ് പറഞ്ഞു. സാമൂഹ്യ പ്രശ്നങ്ങളിൽ നിലപാടുകളിൽ ഉറച്ചു നിന്നുകൊണ്ട് വിട്ടു വീഴ്ചയില്ലാത്ത പ്രവർത്തനങ്ങളുമായി എന്നും മുന്നിൽ നിന്ന വ്യക്തിത്വമാണ് ബി.ആർ.പി.ഭാസ്കറിന്റേതെന്നും അദ്ദേഹം പറഞ്ഞു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് സെക്രട്ടറി റാണി ജോർജ് സ്വാഗതമാശംസിച്ചു. വകുപ്പ് ഡയറക്ടർ മിനി ആന്റണി, കേരള പത്രപ്രവർത്തക യൂണിയൻ ജനറൽ സെക്രട്ടറി എൻ.പത്മനാഭൻ, തിരുവനന്തപുരം പ്രസ് ക്ലബ് പ്രസിഡന്റ് പി.പി.ജെയിംസ് എന്നിവർ ആശംസകൾ നേർന്നു. ഡെപ്യൂട്ടി ഡയറക്ടർ സി.ആർ. രാജമോഹൻ നന്ദി രേഖപ്പെടുത്തി. അഡീഷണൽ ഡയറക്ടർ സി.രമേശ് കുമാർ പ്രശസ്തിപത്രം വായിച്ചു. പുരസ്കാര ജേതാവ് ബി.ആർ.പി. ഭാസ്കർ മറുപടിപ്രസംഗം നടത്തി.



**സ്വദേശാഭിമാനി കേസരി പുരസ്കാരം ബി.ആർ.പി. ഭാസ്കറിന് നൽകുന്നു**

# മലയാള ഭാഷാ നിയമം കൊണ്ടുവരും: മുഖ്യമന്ത്രി

**മ**ലയാള ഭാഷാ നിയമം കൊണ്ടു വരുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും ഇക്കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ പിആർഡിയുടെ സഹകരണത്തോടെ തിരുവനന്തപുരം കനകക്കുന്നു കൊട്ടാരം ഗ്രൗണ്ടിൽ സംഘടിപ്പിച്ച ശ്രേഷ്ഠ ഭാഷാ ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശ്രേഷ്ഠ ഭാഷാ പദവി കൊണ്ടു തൃപ്തിപ്പെട്ടാൽ പോരാ മലയാള ഭാഷയോട് കേരളത്തിന് നീതി പുലർത്താനാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു. നിർബന്ധമായും മലയാളം പഠിച്ചിരിക്കണം. മലയാള ഭാഷാനിയമം കൊണ്ടുവരണമെന്ന് പല തട്ടിൽ നിന്നും ഉയർന്ന ആവശ്യം പരിഗണിച്ച സർക്കാർ അതിനുള്ള നടപടികളുടെ അന്തിമ ഘട്ടത്തിലാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഭരണ നടപടികളിൽ മലയാളം കൊണ്ടു വരുന്നതിനുള്ള ശ്രമങ്ങൾ ഊർജിതമാക്കണമെന്ന് ചടങ്ങിൽ ഭാഷാ കംപ്യൂട്ടിങ് സോഫ്റ്റ്‌വെയറുകളുടെ പ്രകാശനം നിർവഹിച്ച് പ്രതിപക്ഷ നേതാവ് വി.എസ് അച്യുതാനന്ദൻ പറഞ്ഞു. കേരളത്തിന്റെ ഭാഷയും സംസ്കാരവും ഉയർത്തിപ്പിടിക്കുന്ന പ്രവർത്തനങ്ങൾ ഉണ്ടാകണമെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന സാംസ്കാരിക മന്ത്രി കെ.സി.ജോസഫ് പറഞ്ഞു. ചടങ്ങിൽ ബോധേശ്വരൻ രചിച്ച കേരള ഗാനത്തിന് സംഗീതസംവിധായകൻ എം.ജയചന്ദ്രൻ ഈണം നൽകി പുറത്തിറക്കിയ സി.ഡി. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രതിപക്ഷനേതാവ് വി.എസ്.അച്യുതാനന്ദന് നൽകി പ്രകാശനം ചെയ്തു. കേരള ഭാഷാ നിഘണ്ടു മുഖ്യമന്ത്രിയിൽ നിന്ന് സുഗതകുമാരി ഏറ്റുവാങ്ങി. ഔദ്യോഗിക ഭാഷാ വകുപ്പിന്റെ പുരസ്കാര വിതരണം കെ.മുരളീധരൻ എം.എൽ.എ. നിർവഹിച്ചു. സാംസ്കാരിക വകുപ്പ് സെക്രട്ടറി റാണിജോർജ് ഔദ്യോഗിക ഭാഷ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കെ. മുരളീധരൻ എം.എൽ.എ, മുൻ കേന്ദ്ര മന്ത്രി ഒ. രാജഗോപാൽ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.എം.ആർ.തമ്പാൻ, സിഡാക് എക്സിക്യൂട്ടീവ് ഡയറക്ടർ ബി. രമണി തുടങ്ങിയവർ സംബന്ധിച്ചു.

# മംഗൾയാൻ സംഘാംഗങ്ങൾക്ക് കേരളത്തിന്റെ ആദരം



മംഗൾയാൻ വിജയകരമാക്കിയ ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ. കെ. രാധാകൃഷ്ണനേയും ശാസ്ത്രജ്ഞരെയും മുഖ്യമന്ത്രി ഉമ്മൻചാണ്ടി അനുമോദിക്കുന്നു

**ലോ**കത്തിന് മുന്നിൽ ഇന്ത്യയുടെ യശസ്സുയർത്തിയ മംഗൾയാൻ ദൗത്യത്തിന് പിന്നിൽ പ്രവർത്തിച്ച ശാസ്ത്രജ്ഞർക്ക് കേരള സർക്കാരിന്റെ ആദരം. സെക്രട്ടേറിയറ്റിലെ പഴയനിയമസഭാ മന്ദിരത്തിൽ നടന്ന പ്രൗഢമായ ചടങ്ങിൽ ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ.കെ.രാധാകൃഷ്ണനുൾപ്പെടെയുള്ള ശാസ്ത്രജ്ഞർ കേരളത്തിന്റെ ആദരം ഏറ്റുവാങ്ങി. ലോകത്ത് ഇന്ത്യക്കാർ എവിടെയുണ്ടോ അവിടെയെല്ലാം മംഗൾയാന്റെ വിജയദിനം ആവേശത്തിന്റേതായിരുന്നുവെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ആശംസാപ്രസംഗത്തിൽ പറഞ്ഞു. ദൗത്യത്തിന്റെ ആദ്യ ശ്രമത്തിൽ തന്നെ മംഗൾ യാൻ വിജയമാക്കിയ ഐ.എസ്.ആർ.ഒ യുടെ നേട്ടം രാജ്യത്തെ പുതുതലമുറയ്ക്ക് അവേശം സൃഷ്ടിക്കുന്നതാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ചരിത്രത്തിൽ ആദ്യമായിട്ടാണ് ശാസ്ത്രജ്ഞൻമാർക്ക് ഇത്തരത്തിലൊരു സ്വീകരണം ലഭിക്കുന്നതെന്ന് മറുപടി പ്രസംഗത്തിൽ ഡോ.രാധാകൃഷ്ണൻ പറഞ്ഞു. ചരിത്രപ്രാധാന്യമുള്ള പഴയ നിയമസഭാ മന്ദിരത്തിൽ ചടങ്ങ് സംഘടിപ്പിച്ചതിന് കേരള സർക്കാരിന് അദ്ദേഹം നന്ദിയും പറഞ്ഞു. രാജ്യസഭാ ഉപാധ്യക്ഷൻ പ്രൊഫ.വി.ജെ.കുര്യൻ, മന്ത്രിമാരായ കെ.എം.മാണി, ആര്യാടൻ മുഹമ്മദ്, കെ.ബാബു, എ.പി. അനിൽ കുമാർ, വി.എസ്.ശിവകുമാർ, അനൂപ് ജേക്കബ്, മേയർ കെ.ചന്ദ്രിക, കെ.സി.വേണുഗോപാൽ എം.പി., വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ദൗത്യത്തിൽ പങ്കാളികളായ ശാസ്ത്രജ്ഞർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. ഡോ.രാധാകൃഷ്ണനും സംഘാംഗങ്ങൾക്കും മുഖ്യമന്ത്രി ഉപഹാരങ്ങളും വിതരണം ചെയ്തു.




സെക്രട്ടേറിയറ്റിൽ സ്ഥാപിച്ച നീര വെൻഡിംഗ് മെഷീന്റെ ഉദ്ഘാടനത്തിനു ശേഷം

■ ഡോ. എം.കെ. മുനീർ
പഞ്ചായത്ത്-സാമൂഹികനീതി മന്ത്രി



# സ്ത്രീ മുന്നേറ്റത്തിന്റെ കാലം

**സ്ത്രീ സുരക്ഷയുടെയും സ്ത്രീ ശാക്തീകരണത്തിന്റെയും രംഗങ്ങളിൽ ദീർഘദർശനത്തോടെയുള്ള പരിപാടികൾ ആവിഷ്കരിച്ചു വരികയാണ് ഈ സർക്കാർ**



കേരളീയ സ്ത്രീസമൂഹം സുരക്ഷിതകളും സുശക്തകളുമായി നിലകൊള്ളണം എന്നതാണ് നമ്മുടെ ലക്ഷ്യം. കേരളീയരുടെ മുഴുവൻ ആഗ്രഹവും അതാണ്. കേരളം ഭരിച്ച ഒട്ടെല്ലാ ഗവൺമെന്റുകളുടെയും അജൻഡയിലെ പ്രധാന പരിപാടികളിൽ സ്ത്രീ സുരക്ഷയും സ്ത്രീശാക്തീകരണവും ഉൾപ്പെട്ടിരുന്നു. എന്നാൽ ഈ രംഗങ്ങളിൽ ദീർഘദർശനത്തോടെ അതിശക്തവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞത് ഇന്നത്തെ യു.ഡി.എഫ്. സർക്കാരിനാണ്. പഞ്ചായത്ത്, സാമൂഹികനീതി വകുപ്പുകൾ അവയുടെ സുപ്രധാന ദൗത്യവും ഉത്തരവാദിത്വവുമായി ഇത് ഏറ്റെടുത്തു എന്നതാണ് വാസ്തവം.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ വർധിച്ചുവരുന്ന വാർത്തകൾ നടുക്കം സൃഷ്ടിച്ചുകൊണ്ടിരുന്ന അവസ്ഥയിലാണ് യു.ഡി.എഫ്. ഭരണമേൽക്കുന്നത്. തൃശൂരിനടുത്ത് ഒരു കുട്ടി ട്രെയിനിൽ നിന്ന് പാളങ്ങളിലേക്ക് വലിച്ചിഴക്കപ്പെട്ട് ക്രൂരമായ മാനഭംഗത്തിന് വിധേയയാവുകയും അതേത്തുടർന്ന് അവൾ മരണപ്പെടുകയും ചെയ്തു. കായംകുളത്തിനടുത്ത് ഒരു വീട്ടമ്മ നെൽപ്പാടത്ത് കൂട്ട ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ടു. ദില്ലിയിലെ നിർഭയയുടെ ദാരുണാന്ത്യം രാജ്യത്തിന്റെ തോരാത്ത കണ്ണീരായി. കശക്കിയെറിയപ്പെടുന്ന കുരുന്നുബാല്യങ്ങൾ ഹൃദയാലുക്കളുടെ നിറദുഃഖമായി. സാമൂഹികനീതിവകുപ്പ് ആരംഭിച്ച 'നിർഭയ' ഈ അതിക്രമങ്ങൾക്കു പരിഹാരം കാണാൻ വേണ്ടിയായിരുന്നു. ഇന്ത്യയിൽ ഒരു സംസ്ഥാനം ഇപ്രകാരം ശക്തമായ ഒരു നടപടി സ്വീകരിച്ചത് ആദ്യമായിട്ടാണ്. പീഡനത്തിനിരകളാകുന്നവർക്ക് അടിയന്തര വൈദ്യശുശ്രൂഷ, നിയമസഹായം, പുനരധിവാസം, സമാശ്വാസധനം, കുട്ടികളാണെങ്കിൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യം, കുറ്റവാളികളെ പെട്ടെന്ന് വിചാരണ ചെയ്യാൻ ഫാസ്റ്റ് ട്രാക്ക് കോടതി, പ്രത്യേക അന്വേഷണ സംഘം

**ഷീടാക്സി ഉദ്ഘാടന വേളയിൽ മന്ത്രി എം.കെ. മുനീർ, ഗുഡ്‌വിൽ അംബാസിഡർ മഞ്ജു വാര്യർ തുടങ്ങിയവർ**



> സാമൂഹിക, സാമ്പത്തിക, സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ സമഗ്ര മുന്നേറ്റം ലക്ഷ്യമാക്കി കോഴിക്കോട് സ്ഥാപിതമാകുന്ന 'ജൻഡർ പാർക്കി'ന്റെ ശിലാസ്ഥാപനം നടന്നുകഴിഞ്ഞു. ഇത്തരത്തിൽ ഏഷ്യയിലെ ആദ്യ സ്ഥാപനമാണിത്. 41.5 ലക്ഷം അയൽക്കൂട്ട അംഗങ്ങളുള്ള കുടുംബശ്രീ മിഷൻ യഥാർഥത്തിൽ ഇന്ന് ഇന്ത്യക്കും ലോകത്തിനും മാതൃകയായ ദാരിദ്ര്യനിർമാർജന–സ്ത്രീശാക്തീകരണ പ്രസ്ഥാനമാണ്.

എന്നിവയോടുകൂടിയ 'നിർഭയ' എന്ന സംവിധാനത്തിന് സുഗതകുമാരി, സുനിതാകൃഷ്ണൻ, ലിഡാ ജേക്കബ്, മല്ലികാസാരാഭായ്, ശാരദാ മുരളീധരൻ, എം.എസ്. ജയ എന്നീ പ്രഗത്ഭ വനിതകളുടെ ഒരു സംഘം ഗവൺമെന്റിന് ഉപദേശ നിർദേശങ്ങൾ നൽകുകയുണ്ടായി. ഇന്ന് സംസ്ഥാനത്തൊട്ടാകെ എട്ട് നിർഭയ ഷെൽട്ടർ ഹോമുകൾ വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ പ്രവർത്തിക്കുന്നു.

'ഷീടാക്സി' എന്ന തികച്ചും നൂതനമായ ഒരു സംരംഭവുമായി സംസ്ഥാന ജൻഡർ പാർക്കും വനിതാവികസന കോർപറേഷനും രംഗത്തെത്തി. ടാക്സി വാങ്ങാനുള്ള സാമ്പത്തിക സഹായവും ഡ്രൈവിങ് പരിശീലനവും ഏർപ്പാടാക്കിയുള്ള ഈ സംരംഭം വിജയകരമായി. തിരുവനന്തപുരം, എറണാകുളം നഗരങ്ങളിൽ ഇപ്പോൾ 'ഷീ ടാക്സി' സേവനം ലഭ്യമാണ്. സ്ത്രീകളുടെ സുരക്ഷിതയാത്ര 'ഷീടാക്സി' ഉറപ്പാക്കുന്നു. ഇവയുടെ ഓട്ടവും സുരക്ഷയും 24 മണിക്കൂറും ട്രാക്ക് ചെയ്യപ്പെടുന്നു. കോഴിക്കോട് നഗരത്തിൽകൂടി ഉടൻതന്നെ 'ഷീടാക്സി' പദ്ധതി ആരംഭിക്കും. മഞ്ജുവാര്യർ പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡർ ആയി വന്നത് ഏറെ സ്വാഗതം ചെയ്യപ്പെട്ടു. കുടുംബശ്രീ ട്രാവൽസ് എന്ന പേരിൽ വനിതകൾ നടത്തുന്ന നാനോ ടാക്സി സർവീസും വിജയകരമാണ്. പെൺകുട്ടികളുടെ നൈപുണ്യ വികസനത്തിനുള്ള 'റീച്ച്', കൗമാരപ്രായക്കാർക്കുള്ള സെൽഫ് ഡിഫൻസ് പരിശീലനം, ഷീടോയ്‌ലറ്റ് തുടങ്ങിയ പദ്ധതികളുമായി വനിതാവികസന കോർപറേഷൻ സ്ത്രീശാക്തീകരണ – സ്ത്രീ സുരക്ഷാരംഗങ്ങളിൽ മുൻപന്തിയിലുണ്ട്. 'ഇരകളോട് മാത്രമല്ല സംസാരിക്കേണ്ടത്' എന്ന കോർപറേഷൻ സ്പോൺസർ ചെയ്ത നാടകം സ്ത്രീപീഡനത്തിനെതിരായ അതിശക്തമായ ഒരു സന്ദേശമായിരുന്നു.

പഞ്ചായത്തുകളിലെ ജാഗ്രതാ സമിതികൾ വാർഡ് തലത്തിൽ സജീവമാക്കിക്കൊണ്ട് സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾക്ക് തടയിടുന്നതിന് തീരുമാനിക്കുകയുണ്ടായി. ജനപ്രതിനിധികളുടെ താഴേത്തട്ടിലുള്ള സംവിധാനത്തിനാണ് അതിക്രമികളെ തിരിച്ചറിയാനും തടയിടാനും വേഗം കഴിയുക. ജാഗ്രതാ സമിതികൾക്ക് നിയമപ്രാബല്യം നൽകാനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

സാമൂഹിക, സാമ്പത്തിക, സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ സമഗ്ര മുന്നേറ്റം ലക്ഷ്യമാക്കി കോഴിക്കോട് സ്ഥാപിതമാകുന്ന 'ജൻഡർ പാർക്കി'ന്റെ ശിലാസ്ഥാപനം നടന്നുകഴിഞ്ഞു. ഇത്തരത്തിൽ ഏഷ്യയിലെ ആദ്യ സ്ഥാപനമാണിത്. 41.5 ലക്ഷം അയൽക്കൂട്ട അംഗങ്ങളുള്ള കുടുംബശ്രീ മിഷൻ യഥാർഥത്തിൽ ഇന്ന് ഇന്ത്യക്കും ലോകത്തിനും മാതൃകയായ ദാരിദ്ര്യനിർമാർജന–സ്ത്രീശാക്തീകരണ പ്രസ്ഥാനമാണ്. മൈക്രോഫിനാൻസിലൂടെ തൊഴിൽ കണ്ടെത്തുന്ന പ്രസ്ഥാനം എന്നതിലുപരി കുടുംബശ്രീ ഉത്പന്നങ്ങൾ ഇന്ന് അന്താരാഷ്ട്ര വിപണിയിൽ കടക്കുകയാണ്. തരിശ് നിലങ്ങളിൽ കൃഷിയിറക്കിക്കൊണ്ട് മഹിളാ കിസാൻ സശാക്തീകരണ പദ്ധതിയിലൂടെ പുതിയൊരു കാർഷിക വിപ്ലവത്തിന് കുടുംബശ്രീ



**കോഴിക്കോട് നടന്ന 'തന്റേടം' ജൻഡർഫെസ്റ്റ് ഉദ്ഘാടനവേളയിൽ**



**കുടുംബശ്രീയെപറ്റി പഠിക്കാനെത്തിയ ദക്ഷിണാഫ്രിക്കൻ സംഘം മന്ത്രി എം.കെ. മുനീറിനെ സന്ദർശിച്ചപ്പോൾ**

സജ്ജമായി. കുടുംബശ്രീ അംഗങ്ങളുടെ ശാക്തീകരണാനുഭവങ്ങളുടെ നേർസാക്ഷ്യങ്ങളായി അവർ തന്നെ രചിച്ച 1071 പുസ്തകങ്ങൾ ഒരു പുതിയ വെളിച്ചമാണ്. സമൂഹത്തിലെ ഏറ്റവും പാർശ്വവത്കൃതരെ ഏറെക്കുറെ മുഴുവനും കുടുംബശ്രീ അംഗങ്ങളാക്കുവാൻ ഈ കാലഘട്ടത്തിൽ സാധിച്ചു. ഇന്ത്യയിലെ അരഡസനോളം സംസ്ഥാനങ്ങളിൽ ദാരിദ്ര്യനിർമാർജന പ്രവർത്തനത്തിനുള്ള റിസോഴ്സ് കേന്ദ്രമാണ് കുടുംബശ്രീ. എത്യോപ്യൻ, ദക്ഷിണാഫ്രിക്കൻ ഗവൺമെന്റുകൾ ആ രാജ്യങ്ങളിലെ സ്ത്രീശാക്തീകരണ സംരംഭവുമായി സഹകരിക്കാൻ കുടുംബശ്രീയുമായി ധാരണാപത്രത്തിൽ ഒപ്പുവെക്കുവാൻ തീരുമാനിച്ചു.

സമൂഹത്തിലെ ഏറ്റവും പാർശ്വവത്കൃതരെ ഏറെക്കുറെ മുഴുവനും കുടുംബശ്രീ അംഗങ്ങളാക്കുവാൻ ഈ കാലഘട്ടത്തിൽ സാധിച്ചു. ഇന്ത്യയിലെ അരഡസനോളം സംസ്ഥാനങ്ങളിൽ ദാരിദ്ര്യനിർമാർജന പ്രവർത്തനത്തിനുള്ള റിസോഴ്സ് കേന്ദ്രമാണ് കുടുംബശ്രീ. എത്യോപ്യൻ, ദക്ഷിണാഫ്രിക്കൻ ഗവൺമെന്റുകൾ ആ രാജ്യങ്ങളിലെ സ്ത്രീശാക്തീകരണ സംരംഭവുമായി സഹകരിക്കാൻ കുടുംബശ്രീയുമായി ധാരണാപത്രത്തിൽ ഒപ്പുവെക്കുവാൻ തീരുമാനിച്ചു.

നൂറുശതമാനം ആദിവാസികൾ മാത്രമുള്ള ഇടുക്കി ജില്ലയിലെ ഇടമലക്കുടി പഞ്ചായത്തിൽ മൂന്നാറിൽ നിന്നുള്ള ദുർഗമമായ കാട്ടുപാതയിലൂടെ 23 കിലോമീറ്ററിൽ അധികം ദൂരം സ്ത്രീകൾ തന്നെ സോളാർ പാനലുകൾ ചുമന്നുകൊണ്ടുപോയി വൈദ്യുതിയില്ലാത്ത തങ്ങളുടെ ഊരിലെ വീടുകളിൽ വെളിച്ചമെത്തിച്ചത് ഉണരുന്ന ആദിവാസി സ്ത്രീയുടെ ഇച്ഛാശക്തിയുടെ ഭാവിപ്രതീക്ഷയുടെ സൂചകമാണ്. അവർക്ക് ഈ കരുത്ത് നൽകിയതിന് താങ്ങും തണലുമായത് കുടുംബശ്രീയാണ്.

'മീഡിയശ്രീ' എന്ന പുതുസംരംഭത്തിലൂടെ കുടുംബശ്രീ മാധ്യമരംഗത്തേക്ക്കുടികടക്കുകയാണ്. അച്ചടി, ദൃശ്യ, ശ്രാവ്യ നവമാധ്യമങ്ങൾക്ക് നേതൃത്വം നൽകുന്നതോടൊപ്പം കുടുംബശ്രീ വനിതകളുടെ സജീവ സാന്നിധ്യമുണ്ടാകും. 35 നും 50 നും മധ്യേ പ്രായമുള്ള അവിവാഹിതരായ അമ്മമാർ, വിവാഹബന്ധം വേർപെടുത്തിയവർ, വിധവകൾ, പീഡനത്തിനിരയായവർ എന്നിവർക്ക് തൊഴിലും വരുമാനമാർഗവും നൽകുന്ന 'പുനർജനി' മറ്റൊരു നൂതന പദ്ധതിയാണ്.

കെട്ടിടനിർമാണ രംഗത്തേക്കുകൂടി കുടുംബശ്രീ കടന്നുവരികയാണ്. ഒപ്പംതന്നെ ഹോം നേഴ്സിങ്, സ്നേഹിത ഷോർട്ട് സ്റ്റേ ഹോമുകൾ, ഫുഡ് ഓൺ വീൽസ്, എയർലൈൻസ് കാറ്ററിങ് എന്നിങ്ങനെ സുശക്തമായ സാന്നിധ്യമാവുകയാണ് കുടുംബശ്രീ.

72 ഗ്രാമപഞ്ചായത്തുകളിൽ ക്രൈംമാപ്പിങ് നടത്തിക്കൊണ്ട് സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങളുടെ പശ്ചാത്തലവും കാരണവും അപഗ്രഥനവിധേയമാക്കുകയുണ്ടായി. നമ്മുടെ ഗ്രാമങ്ങൾ സ്ത്രീ-ശിശു സൗഹൃദങ്ങളാക്കി മാറ്റുന്നതിൽ കുടുംബശ്രീ നടത്തിയ ഈ പഠനം സഹായകമാകും.

സാമൂഹികനീതി വകുപ്പിനു കീഴിലെ വനിതാ കമ്മിഷൻ ഗാർഹിക പീഡനം ഉൾപ്പെടെ സ്ത്രീപീഡനം സംബന്ധിച്ച പരാതികൾക്ക് അദാലത്തുകളിലൂടെയും നേരിട്ടും പരിഹാരം കണ്ടെത്തുകയുണ്ടായി. കമ്മിഷൻ നടത്തിയ ബോധവത്കരണ പരിപാടികൾ, ദേശീയ വനിതാ കമ്മിഷൻ അധ്യക്ഷയെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ സെമിനാർ എന്നിവ ശ്രദ്ധേയമായി.

മുതിർന്ന സ്ത്രീകളുടെ സംരക്ഷണത്തിനായി പ്രത്യേക പ്രാധാന്യം സാമൂഹികനീതി വകുപ്പ് നൽകുന്നുണ്ട്. മുതിർന്ന പൗരർക്കുവേണ്ടിയുള്ള കേരള സർക്കാരിന്റെ നയം ഇത് വ്യക്തമാക്കുന്നു.

സ്ത്രീ സുരക്ഷ, ശാക്തീകരണം എന്നീ മേഖലകളിൽ ഇതുവരെ കൈവരിച്ച നേട്ടങ്ങൾ സുസ്ഥിരമാക്കുകയും കൂടുതൽ സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് ഏകോപിതമായി നടപ്പാക്കുകയും ചെയ്യുക എന്ന നയം സമയബന്ധിതമായി പൂർത്തിയാക്കും. ■

■ അരുൺ എസ്.എസ്.



# ആത്മവിശ്വാസത്തിന്റെ വളയം തിരിക്കുന്നവർ

**സ്ത്രീസുരക്ഷയും സ്വയംസംരംഭകത്വവും ലക്ഷ്യമിടുന്ന ഷീടാക്സി പദ്ധതി ഒരുവർഷം പൂർത്തിയാക്കുന്നു. തിരുവനന്തപുരത്തും കൊച്ചിയിലും ഓടുന്ന ഷീടാക്സി താമസിയാതെ കോഴിക്കോടും എത്തും.**

പൂർണസുരക്ഷിത ബോധത്തോടെ സ്ത്രീകൾക്ക് യാത്രാസൗകര്യമൊരുക്കുന്ന ഷീടാക്സി പരിപാടിക്ക് ഒരു വയസ്സ്. സാമൂഹ്യനീതി വകുപ്പിനു കീഴിലെ ജെൻഡർ പാർക്ക് മുൻകയ്യെടുത്ത് സർക്കാർ നിക്ഷേപമില്ലാതെ ഒരുക്കിയ പരിപാടിക്ക് വലിയ സ്വീകാര്യതയാണ് സ്ത്രീസമൂഹം നൽകിയത്. തിരുവനന്തപുരത്തും കൊച്ചിയിലുമായാണ് നിലവിൽ ഷീടാക്സികൾ ഓടുന്നത്. താമസിയാതെ കോഴിക്കോടും തുടക്കമിടും. സ്ത്രീകൾ തന്നെ ഡ്രൈവറും സംരംഭകരുമാകുന്ന അപൂർവത, ജി.പി.എസ്. അധിഷ്ഠിത സുരക്ഷാ ക്രമീകരണങ്ങൾ എന്നിവയെല്ലാം ഷീടാക്സിയെ ജനപ്രിയമാക്കുന്നു. ഡ്രൈവറും വാഹന ഉടമകളുമായി വനിതകൾ രംഗത്തെത്തുന്ന രാജ്യത്തെ ആദ്യ സംരംഭമാണെന്നതും പ്രത്യേകത. ഷീടാക്സിയുടെ ചുവടുപിടിച്ച് ഹൈദരാബാദ് മുനിസിപ്പൽ കോർപറേഷനും ബംഗലൂരുവിലെ കിരൺ മജുംദാർ നേതൃത്വം നൽകുന്ന സന്നദ്ധ സംഘടനയുമൊക്കെ സമാന സംരംഭങ്ങൾക്ക് തുടക്കം കുറിച്ചു.


പ്രത്യേക നിരക്കിൽ വാഹനം തരാൻ തയാറായ കാർ നിർമാണ കമ്പനി മാരുതി-സുസുക്കിയുമായി ജെൻഡർപാർക്ക് ഉണ്ടാക്കിയ കരാർ പ്രകാരം മാരുതി ആൾട്ടോ മുതൽ ആഡംബര വാഹനം വരെ ലഭ്യമാക്കാൻ ധാരണയുണ്ടാക്കി. സംരംഭകരാകാൻ താൽപര്യമുള്ള ലൈസൻസും ബാഡ്ജുമുള്ള വനിതകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അഭിമുഖവും മാരുതിയുടെ അഡീഷണൽ ടെസ്റ്റും നടത്തി സംരംഭകരെ തിരഞ്ഞെടുത്തു. കാർ വാങ്ങുന്നതിന് വനിതാവികസന കോർപറേഷനിൽ നിന്ന് സംരംഭകർക്ക് വായ്പ നൽകി. ആദ്യത്തെ മൂന്നു മാസ മൊറട്ടോറിയവും അനുവദിച്ചു. നിറം മാറ്റി പ്രത്യേക രൂപഭംഗിയോടെയാണ് ടാക്സികൾ നിരത്തിലിറക്കിയത്.

പ്രശസ്ത ചലച്ചിത്രതാരം മഞ്ജുവാര്യരാണ് ഗുഡ്‌വിൽ അംബാസഡർ. മറ്റ് സംസ്ഥാനങ്ങളിലും സമാനസംരംഭങ്ങൾ തുടങ്ങിയത് വലിയ ആത്മവിശ്വാസം ഉണ്ടാക്കിയതായി ജെന്റർപാർക്ക് സി.ഇ.ഒ ഡോ.പി.ടി.എം. സുനീഷ് പറഞ്ഞു.

## ജി.പി.എസ്. അധിഷ്ഠിത സുരക്ഷാ ക്രമീകരണങ്ങൾ

ഷീടാക്സികളിൽ സുരക്ഷക്കായി വിപുലസംവിധാനങ്ങളുണ്ട്. ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്) വഴി വാഹനത്തിന്റെ സഞ്ചാരദിശ മുഴുവൻ സമയവും കൺട്രോൾ റൂമിൽ നിരീക്ഷിക്കും. അസ്വാഭാവികമായി വാഹനത്തിന്റെ ദിശയിൽ മാറ്റമുണ്ടാകുകയോ നിർത്തിയിടുകയോ ചെയ്താൽ കൺട്രോൾ റൂമിൽ നിന്ന് അന്വേഷണമുണ്ടാകും. അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് നടപടി സ്വീകരിക്കാനും കൺട്രോൾ റൂം വഴി സംവിധാനമുണ്ട്. യാത്രക്കാരുടെ സീറ്റിന് സമീപവും ഡ്രൈവറുടെ സീറ്റിന് സമീപവും അലർട്ട്





ബഹുജന ശ്രദ്ധനേടിയ ഇത്തരമൊരു പദ്ധതി സാമൂഹ്യനീതി വകുപ്പിന് കീഴിലെ പുതിയ ആശയമായ ജെന്റർപാർക്കിന് നടത്താൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നു. വനിതകൾക്ക് സുരക്ഷിതവും മാതൃകാപരവുമായ യാത്രാസൗകര്യമെന്ന ദീർഘകാല സ്വപ്നമാണ് ഷീടാക്സിയിലൂടെ സഫലമാകുന്നത്.

**ഡോ.എം.കെ.മുനീർ**
*(സാമൂഹ്യനീതി വകുപ്പ് മന്ത്രി)*

സ്ത്രീയുടെ കരുത്തും അഭിമാന ബോധവും ഉയർത്തിക്കാട്ടുന്നുവെന്നതാണ് ഷീടാക്സി പദ്ധതിയുടെ പ്രത്യേകത. കഴിവുറ്റ ഒരു കൂട്ടം സ്ത്രീകൾ ഇവിടെ സംരംഭകരും ഡ്രൈവർമാരുമായി പ്രവർ ത്തിക്കുന്നു. ഇന്ദിരാഗാന്ധിയുടെ പ്രശംസ കിട്ടിയ മുൻകാല ഓട്ടോ ഡ്രൈവർ ആനിചേച്ചിയെപ്പോലുള്ളവർ നല്ല മാതൃകകളാണ്. സ്വയംപര്യാപ്തത, അധ്വാനശീലം, സുരക്ഷ എന്നിവയെല്ലാം പ്രോത്സാഹിപ്പിക്കുന്നതാണ് ഈ പദ്ധതി.



**മഞ്ജു വാര്യർ**
*(ഷീടാക്സി ഗുഡ്‌വിൽ അംബാസഡർ)*





ബട്ടണുകളുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ ബട്ടണർത്തിയാൽ കൺട്രോൾ റൂമിൽ അപായ സൂചന ലഭിക്കും. പൊലീസ്, മെഡിക്കൽ, മെക്കാനിക്കൽ സഹായങ്ങൾ എത്തിക്കുന്നതിന് അതിവേഗത്തിൽ നടപടിയുണ്ടാകും. ഡ്രൈവറുടെ പേര് വിവരങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ, അടിയന്തരഘട്ടത്തിൽ പ്രർത്തിക്കേണ്ട രീതി എന്നിവയെല്ലാം യാത്രക്കാർക്ക് കാണാവുന്ന വിധം ഇലക്ട്രോണിക് സംവിധാനം വഴി വാഹനത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടാകും.

### ഇരുപത്തിനാലു മണിക്കൂറും പ്രവർത്തന സജ്ജം; ടോൾഫ്രീ നമ്പർ: 8590000543

ഷീടാക്സി സേവനം ഞായറാഴ്ച ഉൾപ്പെടെ എല്ലാദിവസവും 24 മണിക്കൂറും ലഭ്യമാണ്. 8590000543 എന്ന ടോൾ ഫ്രീ നമ്പരിൽ വിളിച്ച് മുൻകൂട്ടി ബുക്ക് ചെയ്യാം. യാത്രക്കാരുടെ പൂർണവിവരം ലഭ്യമാക്കണം. സ്ത്രീകൾക്കു വേണ്ടിയാണ് സംവിധാനമെങ്കിലും സ്ത്രീ യാത്രക്കാർക്ക് ഒപ്പമെത്തുന്ന പുരുഷന്മാർക്കും യാത്ര ചെയ്യാം. തിരുവനന്തപുരം, എറണാകുളം ജില്ലാ പരിധികളിലും സമീപജില്ലകളിലും സർവീസ് നടത്തും. പുലർകാലത്ത് ക്ഷേത്രദർശനം നടത്തുന്ന മുതിർന്ന സ്ത്രീകൾ, അതിരാവിലെ ട്യൂഷന് പെൺമക്കളെ കൊണ്ടു പോകുന്ന അമ്മമാർ, ഗർഭിണികൾ എന്നിവർക്കെല്ലാം ഷീടാക്സി ആശ്രയമാണ്. ടെക്നോപാർക്കിലെ വിവിധ കമ്പനികൾക്കായും സ്ഥിരം സർവീസുകൾ നടത്തുന്നു. രാത്രിയിൽ വിമാനങ്ങളിലെത്തുന്ന സ്ത്രീകൾക്ക് എയർപോർട്ടിൽ നിന്ന് താമസസ്ഥലത്തെത്തുന്നതിനായി വിദേശത്തു നിന്നും ബുക്കിംഗുകളുണ്ടാകും.

### രണ്ട് ജില്ലകളിലായി 35 ടാക്സികൾ

തിരുവനന്തപുരത്ത് അഞ്ച് ടാക്സികളുമായാണ് പ്രവർത്തനം തുടങ്ങിയത്. ഇന്ന് തിരുവനന്തപുരത്തും കൊച്ചിയിലുമായി 35 ഷീടാക്സികളുണ്ട്. തിരുവനന്തപുരത്ത് 22 ഉം കൊച്ചിയിൽ 13 ഉം. കോഴിക്കോട് ജില്ലയിൽ അഞ്ച് ടാക്സികളുമായി പ്രവർത്തനം തുടങ്ങുന്നു. 2013 നവംബർ 19ന് തിരുവനന്തപുരത്ത് കനകക്കുന്ന് കൊട്ടാരത്തിൽ സാമൂഹ്യനീതി വകുപ്പ് മന്ത്രി എം.കെ.മുനീറും ഗുഡ്‌വിൽ അംബാസിഡർ മഞ്ജു വാര്യരും ചേർന്നാണ് ഷീടാക്സി പരിപാടി ഉദ്ഘാടനം ചെയ്തത്. 2014 മെയ് 19ന് കൊച്ചിയിലും പ്രവർത്തനം തുടങ്ങി. കഴിഞ്ഞ ആറു മാസത്തിനിടെ തിരുവനന്തപുരത്തും കൊച്ചിയിലുമായി നാലായിരത്തിലധികം ട്രിപ്പുകൾ ഓടി. പതിനായിരത്തോളം പേർ യാത്ര ചെയ്തു. ആയിരത്തിലധികം രാത്രികാല ട്രിപ്പുകളും ലഭിച്ചു. 2013ലെ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ(ഐ.എഫ്.എഫ്.കെ) വനിതാ ഡെലിഗേറ്റുകൾക്കായി 1,500 ട്രിപ്പുകളായി സർവ്വീസ് നടത്തി. 55,000 രൂപയാണ് ഓരോ വാഹനത്തിന്റെയും ശരാശരി പ്രതിമാസ വരുമാനം. ■

## ഇന്ദിരാഗാന്ധിയുടെ അഭിനന്ദനം കിട്ടിയ ഡ്രൈവർ

ഇന്ദിരാപ്രിയദർശിനിയുടെ വാക്കുകൾക്ക് നാലുദശകങ്ങൾക്കിപ്പുറം പുതിയ അർത്ഥതലങ്ങൾ ഉണ്ടായ കഥയാണ് ഷീടാക്സി ഉടമയും ഡ്രൈവറുമായ പി.ഡി. ആനിക്ക് പറയാനുള്ളത്. വർഷം 1973. തൃശൂർ നഗരം. ഹർത്താൽ ദിനത്തിൽ പതിവില്ലാതെ ഒരോട്ടോറിക്ഷ റോഡിലൂടെ. ഹർത്താലനുകൂലികൾ തടഞ്ഞു നിർത്തി അദ്ഭുതപ്പെട്ടു. ഡ്രൈവിംഗ് സീറ്റിലൊരു പെണ്ണാണ്. എന്തിനാ തടഞ്ഞതെന്ന ചോദ്യത്തിന് ഹർത്താലാണെന്ന് മറുപടി. ഓട്ടം പോകാൻ അനുവദിക്കില്ലെന്നു പറഞ്ഞപ്പോൾ എതിർപ്പില്ലാതെ മടങ്ങാൻ തയാർ. പക്ഷേ എതൊക്കെയോ പത്രക്കാർ ചുറ്റും നിന്ന് പടമെടുക്കുന്നുണ്ടായിരുന്നു. അടുത്ത ദിവസം വാർത്ത. ഏതാനും ദിവസം കഴിഞ്ഞ് ഒരു കത്തു കിട്ടി. ആഭ്യന്തര മന്ത്രി കെ.കരുണാകരന്റെ കത്ത്. ഡ്രൈവറാകാൻ കാണിച്ച തന്റേടത്തിന് മനസ്സു നിറഞ്ഞ പ്രശംസ. പിന്നാലെ കേരളാ പൊലീ



പി.ഡി. ആനി

സിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യാൻ താൽപര്യമുണ്ടോയെന്ന് പൊലീസിൽ നിന്ന് അന്വേഷണം. പൊലീസ് ജോലിയോട് പേടിയായിരുന്നു. നിരസിച്ചു. കുറച്ചു ദിവസങ്ങൾക്കു ശേഷം ഒരു കത്തു കൂടി കിട്ടി. ഇംഗ്ലീഷിലാണ്; വായിക്കാനറിയില്ല. അറിയുന്നവരെ കൊണ്ട് വായിപ്പിച്ചു. കത്ത് പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടേത്. – 'നമ്മുടെ രാജ്യത്ത് വനിതകൾ കടന്നുവരാൻ ധൈര്യപ്പെടാത്ത പല തൊഴിൽ മേഖലകളുമുണ്ട്. ഡ്രൈവിംഗ് അതിലൊന്നാണ്. സ്വയംപര്യാപ്തതാ ബോധത്തോടെ ഇത്തരം രംഗങ്ങളിലേക്ക് കടന്നു വരുന്നവർ ചുരുക്കമാണ്. ആനി കാണിച്ച ധൈര്യം അങ്ങേയറ്റം വിലപ്പെട്ടതാണ്. ഇനിയും ഇത്തരം സംരംഭങ്ങളിലേക്ക് വനിതകൾ കടന്നു വരട്ടെ...' ഇന്ദിരയുടെ വാക്കുകൾ മനസ്സിൽ നിന്ന് മായുന്നില്ല. കുറച്ചു വർഷങ്ങൾക്കു ശേഷം ഡ്രൈവിംഗ് പരിശീലനത്തിലേക്ക് തിരിഞ്ഞു. ഇപ്പോൾ വയസ്സ് 60. കഴിഞ്ഞ വർഷം സർക്കാർ ഷീടാക്സി പദ്ധതി തുടങ്ങുന്നതറിഞ്ഞ് അപേക്ഷിച്ചു. ഷീടാക്സി ഉടമയും ഡ്രൈവറുമായി. പ്രതിമാസം നാൽപതിനായിരം രൂപയിലധികം വരുമാനം. ലോൺ തിരിച്ചടവുണ്ട്. രണ്ട് പെൺമക്കളുടെയും വിവാഹം കഴിഞ്ഞു. ഭർത്താവിന് ഹൃദയസംബന്ധമായ അസുഖത്തിന് ചികിത്സ കഴിഞ്ഞു; വിശ്രമം വേണം. തിരുവനന്തപുരം മുട്ടടയിലെ വീട്ടിൽ ജീവിതം സ്വസ്ഥം. വണ്ടി വീട്ടിലാണ് ഒതുക്കുന്നത്. ഒരിക്കൽ വിളിച്ചവർ തന്റെ വണ്ടി തന്നെ വേണമെന്നാവശ്യപ്പെട്ട് കോൾ സെന്ററിലേക്ക് വിളിക്കാറുണ്ട്. ആശുപത്രിയിലേക്കും എയർപോർട്ടിലേക്കുമുള്ള യാത്രകളാണ് രാത്രിയിൽ മിക്കപ്പോഴും വേണ്ടിവരിക. പ്രായം തടസ്സമാകുന്നില്ല. കാൾസെന്ററിൽ നിന്ന് അടുത്ത ട്രിപ്പിനുള്ള അറിയിപ്പ് പ്രതീക്ഷിക്കുകയാണ് ആനി. ■

കവർസ്റ്റോറി



# സ്ത്രീശാക്തീകരണ പദ്ധതികളുമായി വനിതാ വികസന കോർപറേഷൻ

**സ്ത്രീകളെ സ്വയംസംരംഭകരാക്കാനും മികച്ച വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകാനുമായി വനിതാവികസന കോർപറേഷൻ നിരവധി പദ്ധതികൾ നടപ്പാക്കുന്നു. പട്ടികജാതി, മുന്നാക്ക - പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങളിലെ വനിതകൾക്കായി നടപ്പാക്കുന്ന വിവിധ വായ്പാ പദ്ധതികളുടെ ലഘുചിത്രം.**

സ്ത്രീ സമൂഹം അനുഭവിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയെ ആസൂത്രിത പദ്ധതികളിലൂടെ സമഗ്ര വികസനം സാദ്ധ്യമാക്കുന്നതിനായി 1988 ഫെബ്രുവരിയിൽ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ച പൊതുമേഖലാ സ്ഥാപനമാണ് സംസ്ഥാന വനിതാ വികസന കോർപറേഷൻ.

2005-2006 ൽ മികച്ച പ്രവർത്തനത്തിനുള്ള രാജ്യത്തെ സ്റ്റേറ്റ് ചാനലൈസിങ് ഏജൻസിയായി കോർപറേഷനെ തിരഞ്ഞെടുത്തിരുന്നു.

### വിവിധ വായ്പാ പദ്ധതികൾ

വിവിധ സാമ്പത്തിക വികസന പദ്ധതികളുടെ കൂട്ടത്തിൽ വനിതാ വികസന കോർപ്പറേഷൻ വനിതകൾക്കുള്ള പലതരം വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

### മുന്നാക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വനിതകൾക്ക് വായ്പ നൽകുന്നതിന് ധനസഹായം ലഭ്യമാക്കാൻ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളൊന്നും നിലവിൽ ഇല്ല. അതിനാൽ, ഇവർക്ക് ആവശ്യമായ സ്വയം തൊഴിൽ വായ്പ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് നൽകുന്നത്.

### യോഗ്യതാ മാനദണ്ഡങ്ങൾ

1) അപേക്ഷക മുന്നാക്ക സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട ആളായിരിക്കണം.
2) അപേക്ഷകയുടെ കുടുംബ വാർഷിക വരുമാന പരിധി നഗര പ്രദേശങ്ങളിൽ 1,03,000 രൂപയിലും ഗ്രാമ പ്രദേശങ്ങളിൽ 81,000 രൂപയിലും താഴെയായിരിക്കണം.
3) അപേക്ഷകയുടെ പ്രായം 18 നും 55നും മദ്ധ്യേ ആയിരിക്കണം.
4) വസ്തു ജാമ്യമോ, സർക്കാർ/സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ ജാമ്യമോ നൽകണം.
5) വരുമാനം ലഭിക്കാവുന്ന ഏത് തൊഴിൽ പദ്ധതിയ്ക്കും വായ്പ ലഭ്യമാകാൻ അർഹതയുണ്ട്.

പരമാവധി രണ്ടു ലക്ഷം രൂപ വരെ. പദ്ധതി ചെലവിന്റെ 95 ശതമാനം സംസ്ഥാന സർക്കാർ വിഹിതമായും വായ്പയായും, അഞ്ചു ശതമാനം അപേക്ഷകരുടെ വിഹിതമായും സ്വരൂപിക്കും. പലിശ നിരക്ക് ആറു ശതമാനം, തിരിച്ചടവ് കാലാവധി 60 തുല്യ മാസ ഗഡുക്കൾ. (ഏറ്റവും കുറഞ്ഞ തിരിച്ചടവ് കാലാവധി 36 മാസം).

### പിന്നാക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതി

പിന്നാക്ക സമുദായങ്ങളിലെ വനിതകൾക്ക് തൊഴിൽ സംരംഭം ആരംഭിക്കാനോ വിപുലീകരിക്കാനോ വായ്പ നൽകും.

### സ്വയംതൊഴിൽ വായ്പയ്ക്കുള്ള മാനദണ്ഡം

1) അപേക്ഷക പിന്നാക്ക സമുദായാംഗം ആയിരിക്കണം.
2) കുടുംബ വാർഷിക വരുമാനം നഗര പ്രദേശങ്ങളിൽ 1,03,000 രൂപയിലും ഗ്രാമ പ്രദേശങ്ങളിൽ 81,000 രൂപയിലും താഴെയായിരിക്കണം.
3) പ്രായം 18 നും 55 നും മദ്ധ്യേ.
4) വസ്തു ജാമ്യമോ, സർക്കാർ/സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ ജാമ്യമോ നൽകണം.
5) വരുമാനം ലഭിക്കാവുന്ന ഏത് പദ്ധതിക്കും വായ്പ ലഭ്യമാകാൻ അർഹതയുണ്ട്.

പരമാവധി രണ്ടു ലക്ഷം രൂപ വരെ. എന്നാൽ രണ്ടു ലക്ഷത്തിന് മുകളിലുള്ള വായ്പകൾക്ക് കേന്ദ്ര കോർപറേഷന്റെ മുൻകൂർ അനുവാദം വേണം. പദ്ധതി ചെലവിന്റെ 85 ശതമാനം ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) വായ്പയായും, 10 ശതമാനം സംസ്ഥാന സർക്കാർ വിഹിതമായും ബാക്കി അഞ്ചു ശതമാനം അപേക്ഷകരുടെ വിഹിതമായി സ്വരൂപിക്കും. പലിശ നിരക്ക് രണ്ടു ലക്ഷം വരെ ആറു ശതമാനംവും അഞ്ചു ലക്ഷത്തിന് മുകളിൽ എട്ടു ശതമാനം. തിരിച്ചടവ് കാലാവധി 60 തുല്യ മാസ ഗഡുക്കൾ.

### വിദ്യാഭ്യാസ വായ്പയ്ക്കുള്ള മാനദണ്ഡം

1) പിന്നാക്ക സമുദായാംഗമായ വനിതയാകണം.
2) കുടുംബ വാർഷിക വരുമാന പരിധി നഗരത്തിൽ 1,03,000, ഗ്രാമത്തിൽ 81,000.
3) പ്രൊഫഷണൽ കോഴ്സ് അഡ്മിഷൻ

നേടിയിരിക്കണം, (അംഗീകൃത ഏജൻസികളായ എ.ഐ.സി.ടി.ഇ., മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ, യു.ജി.സി. മുതലായവ)

4) വികലാംഗർക്കും, യുദ്ധത്തിൽ മരിച്ച ഭടൻമാരുടെ ആശ്രിതർക്കും മുൻഗണന.

5) വസ്തു ജാമ്യമോ, സർക്കാർ/സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ ജാമ്യമോ നൽകണം.

6) പ്രായം 16 നും 32 നും മദ്ധ്യേ.

### കോഴ്സുകൾ

1) എം.ബി.എ. അല്ലെങ്കിൽ തത്തുല്യം (എ.ഐ.സി.ടി.ഇ. യുടെ അംഗീകാരമുള്ള)

2) എം.സി.എ. തത്തുല്യം (എ.ഐ.സി.ടി.ഇയുടെ അംഗീകാരമുള്ള)

3) എഞ്ചിനിയറിംഗിൽ ബിരുദം (ഐ.ഐ.റ്റി നടത്തുന്ന) (എ.ഐ.സി.ടി.ഇയുടെ അംഗീകാരമുള്ള)

4) മെഡിസിൻ (ആയുർവേദം, യുനാനി, ഹോമിയോപതി) (മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നടത്തുന്ന കോളേജുകൾ അല്ലെങ്കിൽ തത്തുല്യം)

5) നാഷണൽ കൗൺസിൽ ഓഫ് ഹോട്ടൽ മാനേജ്മെന്റ് നടത്തുന്ന ഡിപ്ലോമ ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്

പരമാവധി പത്തു ലക്ഷം രൂപയോ ആകെ ചെലവിന്റെ 90 ശതമാനമോ മോ ഇതിലേതാണോ കുറവ് അത്. സ്ഥാപനത്തിന്റെ മേധാവി നൽകുന്ന ചെലവ് പത്രികയുടെ അടിസ്ഥാനത്തിലാണ് വായ്പാ അനുവദിക്കുന്നത്. പ്രതിവർഷം 2.50 ലക്ഷം രൂപ വരെ മാത്രമേ (ഇന്ത്യയിൽ പഠിക്കുന്നവർക്ക്) വായ്പാ നൽകുകയുള്ളൂ. പരമാവധി 20 ലക്ഷം രൂപ വരെ വിദേശ രാജ്യത്ത് പഠിക്കുന്നവർക്ക് നൽകും. ട്യൂഷൻ ഫീ, ബുക്കിന്റെ ചെലവ്, ഹോസ്റ്റൽ ഫീ, പരീക്ഷാ ഫീ, എന്നിവയ്ക്ക് വായ്പാ നൽകും. നേരിട്ട് പഠന സ്ഥാപനത്തിനാണ് തുക നൽകുക. 10 ശതമാനമോ സംസ്ഥാന സർക്കാർ വിഹിതമായോ അപേക്ഷകരുടെ വിഹിതമായോ സ്വരൂപിക്കും.

### പലിശ നിരക്കും തിരിച്ചടവ് കാലാവധിയും

പിന്നാക്ക വിഭാഗങ്ങൾക്കുള്ള പലിശ നിരക്ക് 3.5 ശതമാനമാണ്. തിരിച്ചടവ് കാലാവധി 60 തുല്യ മാസ ഗഡുക്കൾ (തിരിച്ചടവ് തുടങ്ങുന്നത് കോഴ്സ് കഴിഞ്ഞ് 6 മാസത്തിന് ശേഷമോ അല്ലെങ്കിൽ ജോലി ലഭിച്ച് മൂന്ന് മാസത്തിനുശേഷമോ) ഏതാണോ ആദ്യം വരുന്നത് അന്ന് മുതൽ.

### ന്യൂ സ്വർണിമാ സ്കീം
### യോഗ്യത മാനദണ്ഡം

1. അപേക്ഷക മറ്റ് പിന്നാക്ക സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട ആളായിരിക്കണം.

2. കുടുംബ വാർഷിക വരുമാന പരിധി പട്ടണ പ്രദേശങ്ങളിൽ 1,03,000 രൂപയിലും, ഗ്രാമ പ്രദേശങ്ങളിൽ 81,000 രൂപയിലും താഴെയായിരിക്കണം.

3. പ്രായം 18 നും 55 നും മദ്ധ്യേ.

4. ഭർത്താവ് മരിച്ച വനിതകൾക്കും ഭർത്താവ് ഉപേക്ഷിച്ച വനിതകൾക്കും, വികലാംഗ വനിതകൾക്കും മുൻഗണന നൽകുന്നതാണ്. തെരഞ്ഞെടുപ്പ് വേണ്ടി വന്നാൽ വാർഷിക കുടുംബ വരുമാനത്തിന് പ്രാധാന്യം നൽകും.

പരമാവധി വായ്പാ തുക ഒരു ലക്ഷം രൂപ.

പലിശ നിരക്ക് അഞ്ച ശതമാനം, തിരിച്ചടവ് കാലാവധി 60 തുല്യ മാസ ഗഡുക്കൾ

### ലഘുവായ്പാ പദ്ധതി
### (സന്നദ്ധ സംഘടനകൾ വഴി നൽകുന്ന വായ്പ)

പിന്നാക്ക വിഭാഗങ്ങളിലെ തൊഴിൽ സംരംഭകരെ ചെറുകിട തൊഴിലുകളിൽ പ്രാപ്തരാക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതിയാണിത്. നിയമാനുസൃതം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന സന്നദ്ധസംഘടനകളുടെ കീഴിലുള്ള അംഗീകൃത സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. സന്നദ്ധ സംഘടനകൾ മുഖേനയാണ് ഈ സഹായം നൽകുക.

### യോഗ്യതാ മാനദണ്ഡങ്ങൾ

1) അപേക്ഷക പിന്നോക്ക സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട ആളായിരിക്കണം.

2) കുടുംബ വാർഷിക വരുമാന പരിധി പട്ടണ പ്രദേശങ്ങളിൽ 1,03,000 രൂപയിലും ഗ്രാമ പ്രദേശങ്ങളിൽ 81,000 രൂപയിലും താഴെയായിരിക്കണം.



3) പ്രായം 18 നും 55 നും മദ്ധ്യേ.

4) സന്നദ്ധ സംഘടന രജിസ്റ്റർ ചെയ്ത് മൂന്നു വർഷം കഴിഞ്ഞിരിക്കണം

5) സന്നദ്ധ സംഘടനയുടെ കീഴിൽ മൂന്ന് വർഷം മുതൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾ ഉണ്ടായിരിക്കണം.

6) ലഘുവായ്പ പദ്ധതി നടപ്പിലാക്കുകയും നല്ല രീതിയിൽ അതിന്റെ തിരിച്ചടവ് നടത്തുന്ന സന്നദ്ധ സംഘടനകൾക്കു മാത്രമേ അപേക്ഷിക്കുവാൻ കഴിയൂ.

7) സന്നദ്ധ സംഘടന കണക്കുകൾ സൂക്ഷിക്കുകയും കണക്കുകൾ ഓഡിറ്റ് ചെയ്ത് സൂക്ഷിക്കുകയും വേണം.

അംഗീകൃത സ്വയം സഹായ സംഘത്തിലെ ഒരംഗത്തിന് പരമാവധി 50,000 രൂപ വരെ. സംഘത്തിലെ അംഗങ്ങളുടെ എണ്ണം 20 ൽ കൂടാൻ പാടുള്ളതല്ല. ഒരാൾക്ക് 50,000 രൂപ എന്ന നിരക്കിൽ ഒരു സംഘത്തിന് പരമാവധി 10 ലക്ഷം മുതൽ അഞ്ച് ലക്ഷം രൂപ വരെ വായ്പ ലഭിക്കും.

## മഹിളാ സമൃദ്ധി യോജന

യോഗ്യത മാനദണ്ഡങ്ങൾ

1. അപേക്ഷക മറ്റ് പിന്നോക്ക സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട ആളായിരിക്കണം.
2. കുടുംബ വാർഷിക വരുമാന പരിധി പട്ടണ പ്രദേശങ്ങളിൽ 1,03,000 രൂപയിലും, ഗ്രാമ പ്രദേശങ്ങളിൽ 81,000 രൂപയിലും താഴെയായിരിക്കണം.
3. പ്രായം 18 നും 55 നും മദ്ധ്യേ.

പരമാവധി വായ്പാ തുക 50,000 രൂപ. അഞ്ചു ശതമാനം സംസ്ഥാന സർക്കാർ വിഹിതമായോ അപേക്ഷകരുടെ വിഹിതമായോ സ്വരൂപിക്കും.

പലിശ നിരക്കും തിരിച്ചടവ് കാലാവധിയും

പലിശ നിരക്ക് നാല് ശതമാനം, തിരിച്ചടവ് കാലാവധി 48 തുല്യ മാസ ഗഡുക്കൾ

## ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ (എൻ.എം.ഡി.എഫ്.സിയുടെ ധനസഹായത്തോടെ)

സ്വയം തൊഴിൽ വായ്പാ പദ്ധതി യോഗ്യതാ മാനദണ്ഡങ്ങൾ

1) അപേക്ഷക ന്യൂനപക്ഷ സമുദായങ്ങളിലേതിലെങ്കിലും (കാലാകാലങ്ങളിൽ കേന്ദ്ര/സംസ്ഥാന സ്ഥാപനങ്ങൾ പുറപ്പെടുവിയ്ക്കുന്ന മാറ്റങ്ങൾ അനുസരിച്ച്) ഉൾപ്പെട്ട ആളായിരിക്കണം.
2) കുടുംബ വാർഷിക വരുമാന പരിധി നഗര പ്രദേശങ്ങളിൽ 1,03,000 രൂപയിലും ഗ്രാമ പ്രദേശങ്ങളിൽ 40,000 രൂപയിലും താഴെയായിരിക്കണം.
3) പ്രായം 18 നും 55 നും മദ്ധ്യേ.
4) വസ്തു ജാമ്യമോ, സർക്കാർ/സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ ജാമ്യമോ നൽകണം.
5) വരുമാനം ലഭിയ്ക്കാവുന്ന ഏത് പദ്ധതിയ്ക്കും വായ്പ ലഭ്യമാകാൻ അർഹതയുണ്ട്.

പരമാവധി പത്തു ലക്ഷം രൂപ വരെ. എന്നാൽ മൂന്നു ലക്ഷം വരെ മേഖലാ മാനേജർ വഴിയും മൂന്ന് ലക്ഷത്തിന് മുകളിൽ 10 ലക്ഷം രൂപ വരെ ഹെഡ് ഓഫീസിൽ നിന്നും അനുവദിക്കും. പദ്ധതി ചെലവിന്റെ 90 ശതമാനം ദേശീയ ന്യൂനപക്ഷ വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NMDFC) വായ്പയായും, അഞ്ചു ശതമാനം സംസ്ഥാന സർക്കാർ വിഹിതമായും ബാക്കി അഞ്ചു ശതമാനം അപേക്ഷകരുടെ വിഹിതമായും സ്വരൂപിക്കും.

പലിശ നിരക്കും തിരിച്ചടവ് കാലാവധിയും

പലിശ നിരക്ക് ആറു ശതമാനം, തിരിച്ചടവ് കാലാവധി 60 തുല്യ മാസ ഗഡുക്കൾ.

## വിദ്യാഭ്യാസ വായ്പ യോഗ്യതാ മാനദണ്ഡങ്ങൾ

1) ന്യൂനപക്ഷ സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട വനിതാ ആയിരിക്കണം.
2) അപേക്ഷകയുടെ കുടുംബ വാർഷിക വരുമാന പരിധി 1,03,000 (നഗരം), 81,000 (ഗ്രാമം).
3) പ്രൊഫഷണൽ കോഴ്സ് അഡ്മിഷൻ നേടിയിരിക്കണം
4) വികലാംഗർക്കും, യുദ്ധത്തിൽ മരിച്ച ഭടൻമാരുടെ ആശ്രിതർക്കും മുൻഗണന.
5) വസ്തു ജാമ്യം ആവശ്യം.
6) പ്രായം 16 നും 32 നും മദ്ധ്യേ.

## പരമാവധി വായ്പാ തുക

പരമാവധി 10 ലക്ഷം രൂപ വരെ ഇന്ത്യയ്ക്ക് അകത്തും 20 ലക്ഷം രൂപ വരെ വിദേശ പഠനത്തിനും നൽകും. സ്ഥാപന മേധാവി നൽകുന്ന ചെലവ് പത്രികയുടെ അടിസ്ഥാനത്തിലാണ് വായ്പാ അനുവദിക്കുക. പ്രതിവർഷം 50,000 രൂപ വരെ മാത്രമേ വായ്പാ നൽകുകയുള്ളു. പഠന കാലാവധി പരമാവധി അഞ്ചു വർഷം. ട്യൂഷൻ ഫീ, ബുക്കിന്റെ ചെലവ്, ഹോസ്റ്റൽ ഫീ, പരീക്ഷാ ഫീ, എന്നിവയ്ക്ക് വായ്പാ നൽകും. നേരിട്ട് പഠന സ്ഥാപനത്തിനാണ് തുക നൽകുക.

ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പലിശ നിരക്ക് മൂന്ന് ശതമാനമാനം. തിരിച്ചടവ് കാലാവധി 60 തുല്യ മാസ ഗഡുക്കൾ തിരിച്ചടവ് തുടങ്ങുന്നത് കോഴ്സ് കഴിഞ്ഞ് 6 മാസത്തിന് ശേഷമോ അല്ലെങ്കിൽ ജോലി ലഭിച്ച് മൂന്ന് മാസത്തിനുശേഷമോ ഏതാണോ ആദ്യം വരുന്നത് അന്ന് മുതൽ. സന്നദ്ധ സംഘടനകൾവഴി നൽകുന്ന ലഘു വായ്പാ പദ്ധതിയുമുണ്ട്.

# പട്ടിക ജാതി വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ

## സ്വയം തൊഴിൽ വായ്പാ പദ്ധതി യോഗ്യതാ മാനദണ്ഡങ്ങൾ

1) അപേക്ഷക പട്ടികജാതി സമുദായങ്ങളിലേതിലെങ്കിലും (കാലാകാലങ്ങളിൽ കേന്ദ്ര/സംസ്ഥാന സർക്കാർ പുറപ്പെടുവിയ്ക്കുന്ന മാറ്റങ്ങൾക്ക് അനുസരിച്ച്) ഉൾപ്പെട്ട ആളായിരിക്കണം.
2) കുടുംബ വാർഷിക വരുമാന പരിധി നഗര പ്രദേശങ്ങളിൽ 1,03,000 രൂപയിലും ഗ്രാമ പ്രദേശങ്ങളിൽ 81,000 രൂപയിലും താഴെയായിരിക്കണം.
3) പ്രായം 18നും 55നും മദ്ധ്യേ.
4) വസ്തു ജാമ്യമോ, സർക്കാർ/സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ ജാമ്യമോ നൽകേണ്ടതാണ്.
5) വരുമാനം ലഭിയ്ക്കാവുന്ന ഏത് പദ്ധതിയ്ക്കും വായ്പ ലഭ്യമാകാൻ അർഹതയുണ്ട്.

പരമാവധി രണ്ടു ലക്ഷം രൂപ വരെ. പലിശ നിരക്ക് ആറു ശതമാനം.

തിരിച്ചടവ് കാലാവധിയും

തിരിച്ചടവ് കാലാവധി 60 തുല്യ മാസ ഗഡുക്കൾ.



### ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ വഴി നൽകുന്ന വായ്പ)

പട്ടികജാതി വിഭാഗങ്ങളിലെ തൊഴിൽ സംരംഭകരെ ചെറുകിട തൊഴിലുകളിൽ പ്രാപ്തരാക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതിയാണിത്. നിയമാനുസൃതം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന സന്നദ്ധസംഘടനകളുടെ കീഴിലുള്ള അംഗീകൃത സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. സന്നദ്ധ സംഘടനകൾ മുഖേനയാണ് ഈ സഹായം നൽകുന്നത്.

### യോഗ്യതാ മാനദണ്ഡങ്ങൾ

1) അപേക്ഷക പട്ടികജാതി സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട ആളായിരിക്കണം.
2) കുടുംബ വാർഷിക വരുമാന പരിധി പട്ടണ പ്രദേശങ്ങളിൽ 1,03,000 രൂപയിലും ഗ്രാമ പ്രദേശങ്ങളിൽ 81,000 രൂപയിലും താഴെയായിരിക്കണം.
3) പ്രായം 18 നും 55 നും മദ്ധ്യേ.

സംഘത്തിലെ ഒരംഗത്തിന് പരമാവധി 30,000 രൂപ വരെ ലഭിക്കും. സംഘത്തിലെ അംഗങ്ങളുടെ എണ്ണം 20 ൽ കൂടാൻ പാടുള്ളതല്ല. ഒരാൾക്ക് 30,000 രൂപ നിരക്കിൽ ഒരു സംഘത്തിന് രണ്ടു ലക്ഷം രൂപ വരെ ലഭിയ്ക്കും. തുക ലഭിച്ച് മൂന്ന് മാസത്തിനകം ഉപയോഗിക്കണം.

പലിശ നിരക്കും തിരിച്ചടവ് കാലാവധിയും

ഗുണഭോക്താവിന് - അഞ്ചു ലക്ഷം

തിരിച്ചടവ് കാലാവധി - 36 മാസം

വായ്പാ ലഭിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ

1) റേഷൻ കാർഡ് (അപേക്ഷകൻ മറ്റ് സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കുന്നതിന്)
2) വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (സ്കൂൾ സർട്ടിഫിക്കറ്റ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/മറ്റേതെങ്കിലും തിരിച്ചറിയൽ കാർഡ്)
3) സ്കൂൾ വിടുതൽ സർട്ടിഫിക്കറ്റ്-ജാതി/മതം തെളിയിക്കുന്നതിന്. ഇതിലെന്തെങ്കിലും സംശയം ഉണ്ടാകുന്നപക്ഷം വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.
4) സാങ്കേതിക പരിജ്ഞാനം, പരിചയ സമ്പന്നത, ആവശ്യമുണ്ടെങ്കിൽ അവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ഉദ-കംപ്യൂട്ടർ പരിജ്ഞാനം, ടൈപ്പ്റൈറ്റിംഗ്, മെഡിക്കൽ ലാബ്)
5) ആവശ്യമാകുന്നപക്ഷം മറ്റ് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള കുടിശികയില്ലായെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

കൂടുതൽ വിവരങ്ങൾക്ക് വനിതാ വികസന കോർപറേഷൻ ഫോൺ: 0471 2727668

## വനിതാവികസന കോർപറേഷൻ വഴി നടപ്പാക്കുന്ന ചില കേന്ദ്രപദ്ധതികൾ

### വർക്കിങ് വിമൻസ് ഹോസ്റ്റലുകൾ

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്ക് കുറഞ്ഞ നിരക്കിൽ സുരക്ഷിത താമസ സൗകര്യം ലഭ്യമാക്കുന്നതിനായി കോർപറേഷൻ തിരുവനന്തപുരം, എറണാകുളം, മഞ്ചേരി, കണ്ണൂർ, തിരൂർ, വയനാട് എന്നീ ജില്ലകളിലായി എട്ട് വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ നേരിട്ട് നടത്തുന്നു.

കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് കോർപറേഷൻ മുഖേന അപേക്ഷിക്കാം. ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായി കോർപറേഷൻ പ്രവർത്തിക്കുന്നു. ഹോസ്റ്റൽ പണിയുന്നതിന് വസ്തു വാങ്ങാൻ 50 ശതമാനം വരെയും കെട്ടിടം പണിയാൻ 75 ശതമാനം വരെയും ധനസഹായം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നതാണ്.

### വിമൻസ് ഹോസ്റ്റൽ

സംസ്ഥാനത്ത് കോർപറേഷന്റെതായി ഏഴ് വനിതാ ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ റീച്ചിലെ വിദ്യാർഥികൾക്ക് ചുരുങ്ങിയ ചിലവിൽ മെച്ചപ്പെട്ട താമസ സൗകര്യം ലഭിക്കുന്നതിനായി കോർപറേഷൻ തിരുവനന്തപുരം കൈമനത്ത് iVA എന്ന പേരിൽ പുതിയ വിമൻസ് ഹോസ്റ്റൽ കൂടി തുടങ്ങി.

### തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ

സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടും, ദേശീയ ധനകാര്യ കോർപറേഷനുകളുടെ (NMDFC/NBCFDC, NSFDC) ഫണ്ടും ഉപയോഗിച്ച് ATDC യുമായി (അപ്പാരൽ ട്രെയിനിങ് & ഡിസൈനിങ് സെന്റർ) സഹകരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ 1400 വനിതകൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നടപ്പിലാക്കി.

### ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ഫിനിഷിങ് സ്കൂൾസ് പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ - റീച്ച്

കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ ഉന്നമനത്തിനായി സർക്കാർ മേഖലയിലുള്ള രാജ്യത്തെ ആദ്യ ഫിനിഷിംഗ് സ്കൂളാണ് REACH-റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്. REACH ലെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സജ്ജീകരണങ്ങൾക്കുള്ള അംഗീകാരമായി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. പ്രവർത്തനം തുടങ്ങി മൂന്ന് മാസങ്ങൾക്കുള്ളിൽ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിക്കുന്ന സംസ്ഥാനത്തെ ഏക പൊതുമേഖലാ സ്ഥാപനമാണ് REACH. പ്ലസ് ടു പാസ്സായ പെൺകുട്ടികൾക്കായി റീച്ച് സർട്ടിഫിക്കേഷൻ കോഴ്സിൽ പരിശീലനം നൽകുകയും, കോഴ്സ് പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസ് നൽകി വരുകയും ചെയ്യുന്നു. നിലവിൽ തിരുവനന്തപുരത്തും, കണ്ണൂർ പിലാത്തറയിലുമാണ് റീച്ച് ഉള്ളത്.

### എൻ.ഐ.ഐ.റ്റി മുഖാന്തിരമുള്ള പലിശ രഹിത വായ്പാ പദ്ധതി

എൻ.ഐ.ഐ.റ്റി.യിലെ ബാങ്കിങ് കോഴ്സുകളിൽ ചേരുവാൻ താല്പര്യപ്പെടുന്ന കുട്ടികൾക്കായി പലിശ രഹിത വായ്പാ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർഥിനികൾക്ക് 100 ശതമാനം ജോലി ഉറപ്പു നൽകുന്നു. ഇത് കൂടാതെ കോർപറേഷൻ എൻ.ഐ.ഐ.ടിയുമായി സഹകരിച്ച് പത്താം ക്ലാസ്സ്, പ്രസ് ടു പാസ്സായ താഴെ പറയുന്ന പരിശീലന പരിപാടികൾ നടപ്പിലാക്കാൻ ധാരണാ പത്രം ഒപ്പിട്ടു.

സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ സ്റ്റോർ സർവീസസ് (കാലാവധി - മൂന്നു മാസം യോഗ്യത-പത്താം ക്ലാസ്സ്

സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ബി.പി.ഒ. (കാലാവധി - മൂന്നു മാസം, യോഗ്യത- പന്ത്രണ്ടാം ക്ലാസ്സ്

സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഹാർഡ് വെയർ മെയിന്റെനൻസ് -(കാലാവധി മൂന്നു മാസം, യോഗ്യത പത്താം ക്ലാസ്സ്) ■

**വിശദവിവരങ്ങൾക്ക്:**

കേരള സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപറേഷൻ
മൻമോഹൻ ബംഗ്ലാവിന് എതിർവശം, കവടിയാർ പി.ഒ., തിരുവനന്തപുരം 695 003

■ ഇ. അഹമ്മദ് എം.പി.



# അറബിമലയാളത്തിന്റെ ഈടുവെപ്പുകൾ

**അറബി മലയാളത്തിന്റെ ലിപിചഷകത്തിൽ ശേഖരിക്കപ്പെട്ട വിജ്ഞാനവും സൗന്ദര്യവും അന്യംനിന്നു പോകാതിരിക്കാൻ**

ഇതേവരെ കേന്ദ്രസർക്കാർ അഞ്ചു ഭാഷകൾക്കാണ് ശ്രേഷ്ഠ ഭാഷാപദവി നൽകിയിട്ടുള്ളത്. മലയാളം, തമിഴ്, സംസ്കൃതം, തെലുങ്ക്, കന്നട എന്നിവയാണ് മേൽപ്പറഞ്ഞ അഞ്ചു ഭാഷകൾ. സംസ്കൃതം, തമിഴ് മുതലായ പ്രാചീന ശ്രേഷ്ഠ ഭാഷകളുടെ കൂട്ടത്തിൽ നമ്മുടെ മാതൃഭാഷയായ മലയാളം അംഗീകരിക്കപ്പെടുന്നത് തീർച്ചയായും അഭിമാനകരമാണ്. മലപ്പുറം ജില്ലക്കാരായ തുഞ്ചത്ത് എഴുത്തച്ഛൻ, മോയിൻകുട്ടി വൈദ്യർ മുതലായ കവി ശ്രേഷ്ഠന്മാരുടെ സ്മരണയെ ആദരിക്കാനുള്ള സന്ദർഭം കൂടിയാണിത്.

പഴയ കൃതികൾ ശേഖരിക്കുക, ചെറുശ്ശേരി നമ്പൂതിരി, തുഞ്ചത്തെഴുത്തച്ഛൻ, പൂന്താനം, ഖാളി മുഹമ്മദ്, കുഞ്ചൻ നമ്പ്യാർ, മോയിൻ കുട്ടി വൈദ്യർ, കുഞ്ഞായിൻ മുസ്ലീയാർ തുടങ്ങിയ നമ്മുടെ എഴുത്തുകാരുടെ പ്രശസ്ത കൃതികൾ ഇംഗ്ലീഷ് അടക്കമുള്ള അന്യഭാഷകളിലേക്ക് പരിഭാഷപ്പെടുത്തുക, അന്യഭാഷകളിലെ ഉദാത്തമായ കൃതികൾ നമ്മുടെ മലയാള ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുക, നമ്മുടെ വിജ്ഞാന സാഹിത്യം വികസിപ്പിക്കുന്നതിനുവേണ്ടി ഗവേഷണങ്ങൾ നടത്തുകയും അവയുടെ ഫലങ്ങൾ പുസ്തകങ്ങളായി പ്രസിദ്ധീകരിക്കുകയും ചെയ്യുക, നമ്മുടെ വാമൊഴി സാഹിത്യസമ്പത്ത് രേഖപ്പെടുത്തിവെക്കുവാൻ സംവിധാനം ഏർപ്പെടുത്തുക, മലയാളത്തിൽ സ്വന്തമായി വിജ്ഞാനകോശങ്ങൾ പ്രസിദ്ധപ്പെടുത്തുക മുതലായ അനേകം ഭാരിച്ച പുതിയ ഉത്തരവാദിത്വങ്ങൾ ശ്രേഷ്ഠഭാഷാപദവിയുടെ ലബ്ധിയിലൂടെ നമ്മുടെമേൽ ചുമത്തുന്നുണ്ട്.

നിലവിലുള്ള സംസ്ഥാന ഗവൺമെന്റിന്റെ കാലത്തുതന്നെ മാതൃഭാഷാപരിപോഷണത്തിൽ കാര്യമായ സംഭാവനകൾ ഉണ്ടാകേണ്ടതുണ്ട് എന്ന് പൊതുജനങ്ങൾ പൊതുവിലും ഭാഷാസ്നേഹികൾ പ്രത്യേകിച്ചും പ്രതീക്ഷിക്കുന്നുണ്ട്. ഇക്കാര്യത്തിൽ മഹാകവി മോയിൻകുട്ടി വൈദ്യർ അക്കാദമിക്കും വലിയ ചുമതലകളുണ്ട്. ഈ അക്കാദമിയുടെ സവിശേഷത അറബി മലയാളം (ഭാഷ മലയാളവും ലിപി പരിഷ്കരിച്ച അറബിയും ഉള്ള ലിപിയാണ് അറബി മലയാളം. ഇതിലെ പദ്യശാഖയാണ് മാപ്പിളപ്പാട്ടുകൾ) മലയാള ഭാഷാപാരമ്പര്യത്തിന്റെ അവിഭാജ്യ ഭാഗവും മാപ്പിളപ്പാട്ട്, കേരളത്തിന്റെ ഗാനപാരമ്പര്യത്തിന്റെ ഭാഗവുമാണ്. അറബി മലയാളത്തെപ്പറ്റി പൊതുവിലും, മാപ്പിളപ്പാട്ടിനെയും മാപ്പിള സാഹിത്യത്തെയും പറ്റി വിശേഷിച്ചും, ആഴത്തിലുള്ള പഠനങ്ങൾ നടക്കേണ്ടതുമുണ്ട്.

അറബി മലയാള ലിപിയിൽ കണ്ടുകിട്ടിയ ആദ്യത്തെ കൃതി തുഞ്ചത്ത് എഴുത്തച്ഛന്റെ കാലത്ത് എ.ഡി. 1706 ൽ കോഴിക്കോട്ടുകാരനായ ഖാളി മുഹമ്മദ് രചിച്ച മുഹ്‌യിദ്ദീൻ മാല എന്ന സൂഫി പാരമ്പര്യത്തിന്റെ ഭാഗമായ കൃതിയാണ്. അതീവ ലളിതമാണ്

മുഹ്‌യിദ്ദീൻ മാലയുടെ ഭാഷ. മലയാളം സംസ്കൃതത്തിന്റെ മൂടുപടത്തിൽ മറഞ്ഞുനിന്ന കാലത്താണ് ലളിത മലയാളത്തിൽ, 400 വർഷം മുമ്പ്, ഖാളിമുഹമ്മദ് മുഹ്‌യുദ്ദീൻ മാല എന്ന കാവ്യം രചിക്കുന്നത്. അതിനുശേഷം 130 വർഷങ്ങൾ കഴിഞ്ഞാണ് തലശ്ശേരിക്കാരനായ പണ്ഡിതകവി കുഞ്ഞായിൻ മുസ്‌ലിയാർ അറബി മലയാള ലിപിയിൽ കപ്പപ്പാട്ട്, നൂൽമദ്ഹ് എന്നീ ഗ്രന്ഥങ്ങൾ രചിക്കുന്നത്. മങ്ങാട്ടച്ചന്റെ സുഹൃത്തായിരുന്ന കുഞ്ഞായിൻ മുസ്‌ലിയാർ ജീവിതത്തെ ഒരു സമുദ്രമായും മനുഷ്യനെ കടലിലൂടെ സഞ്ചരിക്കുന്ന കപ്പലായും ചിത്രീകരിച്ചു. ദാർശനികഭാവത്തിൽ രചിച്ച കപ്പപ്പാട്ടും, നൂൽമദ്ഹും മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി ഒരു മാസം മുമ്പ് അറബി മലയാളലിപിയിൽ നിന്ന് മലയാള ലിപിയിലേക്ക് മൊഴിമാറ്റം നടത്തി പഠനം, പദാർഥം, ഗദ്യാവിഷ്കാരം എന്നിവ സഹിതം പ്രസിദ്ധീകരിച്ചത് ഒരു മാതൃകാപരമായ പ്രവർത്തിയായി ഞാൻ കാണുന്നു. മലബാറിലെ മാപ്പിള മുസ്ലീങ്ങളുടെ നാനൂറ് വർഷക്കാലത്തെ സാംസ്കാരിക ജീവിതം പ്രതിഫലിപ്പിക്കുന്ന കണ്ണാടികളായ, അറബി മലയാള ലിപിയിൽ രചിച്ച അൻപതിനായിരത്തിൽപ്പരം കൃതികൾ, വിശേഷിച്ച് അയ്യായിരത്തിൽപ്പരം ക്ലാസിക് ഗ്രന്ഥങ്ങൾ ഇതേപോലെ മലയാളത്തിലേക്ക് ലിപിന്ത്യരണം നടത്തി പഠനം, പദാർഥം, ഗദ്യാവിഷ്കാരം സഹിതം പ്രസിദ്ധപ്പെടുത്തി കേരളത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരണ്ടതുണ്ട്. വായന കംപ്യൂട്ടറിലൂടെയായി മാറിയ ഇക്കാലത്ത് ഇങ്ങനെ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങൾ ഡിജിറ്റലൈസ് ചെയ്ത് സിഡിയിലാക്കി പുതിയ തലുറയ്ക്കും ഗവേഷകർക്കും വിദ്യാർഥികൾക്കും സാംസ്കാരിക സ്ഥാപനങ്ങൾക്കും നൽകുന്ന ഒരു ബൃഹത്തായ പദ്ധതിക്ക് മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി നേതൃത്വം നൽകേണ്ടതുണ്ട്.

> ഏതു ഭാഷയ്ക്കുമെന്നതുപോലെ മലയാള ഭാഷയ്ക്കുമുണ്ട് അനേകം ഉപ ഭാഷകൾ. മണിപ്രവാളംപോലെ അവയിലൊന്നാണ് അറബിമലയാളം. അത് കേരളത്തിലെ മുസ്ലീങ്ങൾ ആത്മാവിഷ്കാരത്തിന് ഉപയോഗിച്ച ഭാഷയാണ്. എഴുത്തച്ഛൻ കാലത്തോളം പഴക്കമുണ്ട് അറബിമലയാളത്തിലെ ഏറ്റവും പഴയ പാട്ടുകൃതി മുഹ്‌യിദ്ദീൻ മാലക്ക്.

### അറബിമലയാള ലിപിയും ഭാഷയും

ഏതു ഭാഷയ്ക്കുമെന്നതുപോലെ മലയാള ഭാഷയ്ക്കുമുണ്ട് അനേകം ഉപ ഭാഷകൾ. മണിപ്രവാളംപോലെ അവയിലൊന്നാണ് അറബിമലയാളം. അത് കേരളത്തിലെ മുസ്ലീങ്ങൾ ആത്മാവിഷ്കാരത്തിന് ഉപയോഗിച്ച ഭാഷയാണ്. എഴുത്തച്ഛൻ കാലത്തോളം പഴക്കമുണ്ട് അറബിമലയാളത്തിലെ ഏറ്റവും പഴയ പാട്ടുകൃതി മുഹ്‌യിദ്ദീൻ മാലക്ക്. മുഖ്യധാരാ മലയാളത്തോട് മുസ്ലീങ്ങൾ താത്പര്യം കാണിക്കാൻ തുടങ്ങിയിട്ട് ഏകദേശം അരനൂറ്റാണ്ട് കാലമേ ആയിട്ടുള്ളൂ. അതുവരെ അറബിമലയാളം തന്നെയാണ് മാപ്പിള ജനത എല്ലാതരം ആവിഷ്കാരങ്ങൾക്കും ഉപയോഗിച്ചത്. കേരളത്തിലെ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക മതരംഗങ്ങളിലെല്ലാം സജീവമായി ഇടപെട്ടിരുന്ന മാപ്പിള ജനതയുടെ ഭാഷാപരമായ എല്ലാതരം ആവശ്യങ്ങളും നിർവഹിക്കാൻ മാത്രം സമർഥമായിരുന്നു അറബിമലയാള ലിപിയും ഭാഷയും.

അറബിമലയാള രചനകളിൽ മാപ്പിളപ്പാട്ടുകളെക്കുറിച്ചു മാത്രമേ സാധാരണഗതിയിൽ ആളുകൾ സംസാരിക്കാറുള്ളൂ. എന്നാൽ എല്ലാതരം രചനകളുമുണ്ട് ആ ഉപഭാഷയിൽ. കവിതയുണ്ട്, ചാർദർവേശു പോലെയുള്ള നോവലുകളുണ്ട്. ചന്തുമേനോൻ ഇന്ദുലേഖ രചിക്കുന്നതിനും നാലു വർഷം മുമ്പാണ് അറബി മലയാള ലിപിയിൽ ഈ നോവൽ രചിച്ചത്. പുറമെ ചരിത്രകൃതികൾ ധാരാളമുണ്ട്. വൈദ്യഗ്രന്ഥങ്ങൾ, ഡിക്ഷ്നറികൾ, ആത്മീയഗ്രന്ഥങ്ങൾ, ആനുകാലികങ്ങൾ തുടങ്ങി എല്ലാതരം രചനകളുമുണ്ട്. ഒന്നും രണ്ടുമല്ല ആയിരക്കണക്കിനു പുസ്തകങ്ങൾ. ഒരേ സമയം പതിനഞ്ചോളം അച്ചുകൂടങ്ങൾ അറബിമലയാളം പുസ്തകങ്ങൾ അച്ചടിക്കാനായി മാത്രം പ്രവർത്തിച്ചിരുന്നു എന്നോർക്കണം. ഇതിൽ ഏറിയ പങ്കും തലശ്ശേരിയിലായിരുന്നു അച്ചടിച്ചിരുന്നത്. മോയിൻകുട്ടി വൈദ്യരുടെ പല കാവ്യങ്ങളും അച്ചടിച്ചത് തലശ്ശേരിയിലെ പ്രസ്സുകളിൽ നിന്നായിരുന്നു. പുറമെ ആനുകാലികങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. അങ്ങനെ അഭിമാനകരമായ ഒരു വൈജ്ഞാനിക പാരമ്പര്യമാണ് അറബിമലയാളത്തിന്റേത്. സ്ത്രീസാക്ഷരത അറബിമലയാളത്തിൽ ഏതാണ്ട് സമ്പൂർണമായിരുന്നു.

നാലു നൂറ്റാണ്ടുകാലത്തിന്റെ മഹത്തായ സാംസ്കാരിക ഈടുവെപ്പുണ്ട് അറബിമലയാളത്തിൽ. ആ ജ്ഞാനശേഖരം മുഴുവൻ നശിച്ചുകൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിന് സാഹിത്യകൃതികൾ വായിക്കപ്പെടാതെ, ആസ്വദിക്കപ്പെടാതെ നശിച്ചുപോകുന്നു. അറബിമലയാളം വായിച്ചുമനസ്സിലാക്കാൻ കഴിയുന്നവർ കുറ്റിയറ്റുപോകുന്നു. ഇശലുകൾ തനതുരീതിയിൽ പാടാനറിയുന്നവർ കുറയുന്നു. അങ്ങനെ അതിമഹത്തായ ആ ഈടുവെപ്പ് അന്യം നിന്നുപോകുന്നു.

അറബിമലയാളലിപിയെ പൂർവസ്ഥിതിയിലേക്ക് തിരിച്ചുകൊണ്ടുവരാൻ ഇനി ആഗ്രഹിക്കുന്നതിൽ വലിയകാര്യമൊന്നുമില്ല. അത് അന്ത്യശ്വാസം കഴിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ ആ ലിപിചഷകത്തിൽ ശേഖരിക്കപ്പെട്ട വിജ്ഞാനവും സൗന്ദര്യവും അന്യംനിന്നുപൊയ്ക്കൂട. അക്കാര്യത്തിൽ കാസർകോട്ടുകാരനായ ടി. ഉബൈദ് ചെയ്ത മാതൃകാപരമായ പ്രവർത്തനങ്ങൾ നമ്മുടെ മുമ്പിലുണ്ട്. അറബിമലയാളത്തിലെ ഈടുവെപ്പുകൾ മുഴുവൻ മുഖ്യധാര മലയാളത്തിലേക്കു കൊണ്ടുവരികയെന്നതാണ് അദ്ദേഹം ചെയ്തുതുടങ്ങിയ പ്രായോഗിക വഴി. അത് വൈദ്യർമാപ്പിള കലാ അക്കാദമി നന്നായി പിന്തുടരുന്നുണ്ട്. മോയിൻകുട്ടി വൈദ്യരുടെയും മറ്റും സമ്പൂർണ രചനകൾ മലയാളം മാത്രം അറിയാവുന്നവർക്ക് വായിച്ചാസ്വദിക്കാവുന്നവിധം പുറത്തിറക്കിയത് മഹത്തായ കാര്യമാണ്. അതിനിയും പൂർവോപരി ആവേശത്തോടെ തുടരുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങനെ മലയാളത്തെ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും വാക്കുകളും ഈണങ്ങളും അലങ്കാരങ്ങളും ചൊല്ലുകളുമെല്ലാം ഉൾക്കൊള്ളുന്ന ജനാധിപത്യവത്കൃതഭാഷയാക്കിയെടുക്കാനുള്ള ശ്രമത്തിൽ നമുക്കും പങ്കാളികളാകാം. അറബിമലയാളത്തിലെ ഈടുവെപ്പുകളെല്ലാം മലയാളത്തിലേക്കു കൊണ്ടുവരാം. അതിന്നായി ഇവിടെ നടക്കുന്ന സംരംഭങ്ങൾക്കെല്ലാം ഹൃദയംഗമമായ പിന്തുണ ഞാൻ ഉറപ്പുതരുന്നു. ■



*(മോയിൻകുട്ടിവൈദ്യർ മാപ്പിള കലാ അക്കാദമി സംഘടിപ്പിച്ച ശ്രേഷ്ഠഭാഷാദിനത്തിൽ നടത്തിയ പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ)*

■ സിൽവി മാക്സി മേന /
മാക്സി വിശ്വാസ് മേന

19ാം
കേരള അന്താരാഷ്ട്ര
ചലച്ചിത്രമേള



എ ഗേൾ ഫ്രം ഹുനാൻ
എന്ന ചിത്രത്തിൽ നിന്ന്

# കാഴ്ചയുടെ വർണ്ണജാലകം

ആഗോള സംസ്കാരത്തിന്റെ നിറക്കാഴ്ചകളുമായി 19 ാം അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഡിസംബർ 12ന് തിരുവനന്തപുരത്ത് ആരംഭിക്കും. നൂറ്റൻപതോളം ചിത്രങ്ങളാണ് എട്ടുനാൾ നീളുന്ന മേളയിൽ പ്രദർശനത്തിനെത്തുക. ഇതിൽ ലോകസിനിമാ വിഭാഗത്തിൽ അറുപതും, മത്സരവിഭാഗത്തിൽ പതിനാലും ചിത്രങ്ങളുണ്ടാകും. ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ ചിത്രങ്ങളാണ് മത്സരവിഭാഗങ്ങളിലുള്ളത്. സമകാലിക ഇന്ത്യൻ സിനിമാവിഭാഗത്തിലും, 'മലയാളസിനിമ ഇന്ന്' വിഭാഗത്തിലും ഏഴുവീതം ചിത്രങ്ങൾ മേളയിലുണ്ടാകും.

കൂടാതെ തുർക്കിയിൽ നിന്നുള്ള എട്ടുചിത്രങ്ങൾ ഉൾപ്പെടെ റിട്രോസ്പെക്ടീവ്, കണ്ടംപററി മാസ്റ്റേഴ്സ്, ജൂറിചിത്രങ്ങൾ, ഫ്രഞ്ച് സിനിമ, ചൈനീസ് സിനിമ എന്നീ വിഭാഗങ്ങളും ഉണ്ടായിരിക്കും. പ്രമുഖ ചൈനീസ് സംവിധായകനായ സി ഫെയ് ആണ് ജൂറി ചെയർമാനാകുന്നത്.

പ്രതിനിധികളുടെ തിരക്ക് കുറയ്ക്കാൻ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവസാനനിമിഷത്തെ സാങ്കേതിക പിഴവുമൂലം പ്രദർശനം തടസപ്പെടുന്നത് ഒഴിവാക്കാൻ സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പാക്കിയാവും ഇത്തവണ പ്രദർശനം നടത്തുക.

### തുർക്കിയിലെ ജീവിതക്കാഴ്ചകൾ

ഇത്തവണ കൺട്രി ഫോക്കസ് വിഭാഗത്തിൽ തുർക്കിയിൽ നിന്നുള്ള ചിത്രങ്ങൾ ശ്രദ്ധേയമാകും. ലോകമെമ്പാടുമുള്ള ചലചിത്രമേളകളിൽ തുർക്കി സിനിമകൾക്കുള്ള പ്രാധാന്യം കണക്കിലെടുത്താണ് ഈ തീരുമാനം. അറബ് രാഷ്ട്രങ്ങളിലെ സംഘർഷഭരിതമായ ജീവിതവും, വ്യക്തികളുടെ നിസഹായാവസ്ഥകളും, വിഭാഗീയ വൈരങ്ങളും പ്രതിപാദ്യമാകുന്ന തുർക്കിചിത്രങ്ങൾ സമകാലിക അറബ് സമൂഹത്തിന്റെ ജീവിതം വരച്ചുകാട്ടുന്നവയാണ്.

'റോങ് റോസറി' എന്ന ചിത്രത്തിലൂടെ പ്രസിദ്ധനായ സംവിധായകൻ മഹ്മുദ് ഫാസിൽ കൊസ്കുണിന്റെ 'യോസ്ഘട്ട് ബ്ലൂസ്' ഇത്തവണ മേളയിലുണ്ട്. മധ്യവയസ്കനും കൗമാരക്കാരിയും തമ്മിലുള്ള വിവാഹബന്ധത്തിന്റെ അപാകതകൾ വിശകലനം ചെയ്യുന്ന

റീസ് ചെലികിന്റെ 'നൈറ്റ് ഓഫ് സൈലൻസ്' ആണ് മറ്റൊരു ചിത്രം. മികച്ചസിനിമ, മികച്ചസംവിധായകൻ, മികച്ച നടൻ, മികച്ച നടി എന്നിങ്ങനെയുള്ള പുരസ്കാരങ്ങൾ വാരിക്കൂട്ടിയ ചിത്രമാണിത്. തിരക്കഥാകൃത്തായി ആരംഭിച്ച് പിന്നീട് സംവിധായകനാകുകയും 'ഇൻ നോ വെയർ ലാന്റി'ലൂടെ നിരവധി പുരസ്കാരങ്ങൾ സ്വന്തമാക്കുകയും ചെയ്ത ടെയ്ഫൺ പിർസെലി മുഗാളുവിന്റെ 'ഐ ആം നോട്ട് ഹിം' മേളയിൽ ശ്രദ്ധേയമാകും. ഇസ്താൻബുൾ ചലച്ചിത്രോത്സവത്തിൽ ഗോൾഡൻ ടുലിപ് അവാർഡ് കരസ്ഥമാക്കിയ ചിത്രമാണിത്. പതിനഞ്ചിലേറെ അവാർഡുകൾ നേടിയ സെറിൻ യൂസിയുടെ 'മജോറിറ്റി', ഹുസൈൻ കറബയുടെ 'കം ടു മൈ വോയ്സ്', കാൻ മുച്ച്ദേക്കിയുടെ 'ശിവാസ്', യെസിൻ യൂസ്റ്റർ ഗ്ലൂവിന്റെ 'പണ്ടോരാസ് ബോക്സ്' എന്നിവയാണ് ഈ വിഭാഗത്തിലെ മറ്റുചിത്രങ്ങൾ.

## യോസ്ഘട്ട് ബ്ലൂസ്

ഹാസ്യപ്രധാനമായ ഈ ചിത്രത്തിൽ ക്ലോസ് അപ് ഷോട്ടുകളുടെ ആധിക്യം വിരസതയുണർത്താം. എങ്കിലും ലോകത്താകമാനമുള്ള കലാകാരൻമാർ നേരിടേണ്ടിവരുന്ന പ്രതിസന്ധികളിലേക്ക് വിരൽചൂണ്ടുകയാണ് ഈ ചിത്രം. സംഗീത അധ്യാപകനായ യുവാസ് ആണ് നായകൻ. ഗ്രാമീണ പശ്ചാത്തലത്തിൽ ജീവിക്കുന്ന ഇയാൾക്ക് ചിലപ്പോഴൊക്കെ വേദിയിൽ പാടേണ്ടിവരുന്നുണ്ട്. പലപ്പോഴും സംഗീതബോധമില്ലാത്തവർക്കിടയിലാണ് യുവാസിന് പാടേണ്ടിവരിക. പാട്ടുകാരനായി നഗരത്തിലെത്തുകയാണ് യുവാസ്. അവിടെ പലതരക്കാരായ പന്ത്രണ്ടുപേരുമായുള്ള ഇടപെടലുകളിലൂടെയാണ് കഥനീങ്ങുന്നത്.

## ഐ ആം നോട്ട് ഹിം

ബോധപൂർവമുള്ള പരകായപ്രവേശത്തിന്റെ കഥയെന്നു വിശേഷിപ്പിക്കാവുന്ന 'ഐ ആം നോട്ട് ഹിം' വളരെ കുറച്ചു സംഭാഷണങ്ങളും ഏറെ ദുരൂഹതകളുമുണർത്തുന്ന ചിത്രമാണ്. ഫിക്സഡ് ക്യാമറയിലൂടെയുള്ള ലോങ് ഷോട്ടുകളാണ് ഈ ചിത്രത്തിന്റെ മിക്ക ഫ്രെയിമുകളും. ആശുപത്രി ക്യാന്റീൻ ജീവനക്കാരനായ നിഹാതിന്റെ ദിനചര്യകളിലാണ് ചിത്രം പുരോഗമിക്കുന്നത്. മധ്യവയസ്കനായ അയാൾ ചിരിക്കുന്നത് ഇതുവരെ മറ്റാരും കണ്ടിട്ടില്ല. ക്യാന്റീനിൽ ഉരുളക്കിഴങ്ങിന്റെ തൊലികളയുക, ടിവി കാണുക, വേശ്യകളുമായി സംഗമിക്കുക. ഇതുമാത്രമാണ് അയാളുടെ ജീവിതം.



യോസ്ഘട്ട് ബ്ലൂസ്



ഐ ആം നോട്ട് ഹിം

ക്യാന്റീനിൽ പാത്രങ്ങൾ കഴുകാനെത്തുന്ന ചെറുപ്പക്കാരി ഐസേയ്ക്ക് അയാളോട് അടുപ്പംതോന്നുന്നു. ദുരൂഹമായ അയാളുടെ ജീവിതത്തിലേക്കു കടക്കാനുള്ള അവളുടെ താൽപര്യത്തിന് അയാൾ ചെവികൊടുക്കുന്നില്ല. അവളുടെ നിർബന്ധത്തിനുവഴങ്ങി ഒരിക്കൽ അവളുടെ വീട്ടിൽ അത്താഴത്തിനുപോവുകയാണ് അയാൾ. അവളുടെ വീട്ടിൽ കണ്ട ഒരു ഫോട്ടോയിൽ ഐസേയുടെ ഒപ്പം നിൽക്കുന്ന ആളുമായി തനിക്കുള്ള മുഖസാദൃശ്യം നിഹാതിനെ അമ്പരപ്പിക്കുന്നു. ഐസേയുടെ ഭർത്താവാണത്. ഇപ്പോൾ ആ മനുഷ്യൻ ജയിലിലാണ്. അയാളുടെ സ്ഥാനത്ത് സ്വയം അവരോധിതനാകാനെന്നവണ്ണം അയാളുടെ രീതികളിലേക്ക് ജീവിതശൈലി മാറ്റിയെടുക്കുകയാണ് നിഹാത്.

ജയിലിൽ പ്രശ്നസങ്കീർണതയിൽ ജീവിക്കുന്ന ഒരാളായി സ്വയം മാറാൻ നിഹാത് എന്തുകൊണ്ട് തീരുമാനിച്ചു എന്നതിന് 'ഐ ആം നോട്ട് ഹിം' വിശദീകരണം നൽകുന്നില്ല. ഐസേയോടുള്ള പ്രണയം കൊണ്ടാണ് അതെന്നു പറയാനാവില്ല. കാരണം ഒരു ദുരന്തത്തിൽ അവൾ അപ്രത്യക്ഷയാകുമ്പോഴും പുതിയ വ്യക്തിത്വത്തിൽനിന്ന് മോചിതനാകാൻ അയാൾ കൂട്ടാക്കുന്നില്ല. ജയിൽ ചാടിയ ഐസേയുടെ ഭർത്താവാണെന്നുകരുതി നിഹാതിനെ പോലീസ് ചോദ്യം ചെയ്യുമ്പോഴും താൻ മറ്റൊരാളാണെന്നുപറയാൻ അയാൾ കൂട്ടാക്കുന്നുമില്ല.

## കം ടു മൈ വോയ്സ്

കുർദിഷ് മേഖലയിലെ ജാതീയ സംഘർഷങ്ങളുടെ അടിസ്ഥാനമാകുന്ന കാര്യങ്ങളുടെ പൊള്ളത്തരവും അതുവഴി സംഘർഷപൂർണമായ ജീവിതത്തിനുവിധിക്കപ്പെട്ട ഒരു ജനതയുടെ പങ്കപ്പാടുകളും 'കം ടു മൈ വോയ്സ്' വിവരിക്കുന്നു.

കൊച്ചുമകൾ ജിയാനോട് വാൽ നഷ്ടപ്പെട്ട കുറുക്കന്റെ കഥ വിവരിക്കുകയാണ് അമ്മൂമ്മ ബർഫി. അപ്പോഴാണ് തുർക്കി പട്ടാളം അവിടെ റെയ്ഡിനുവന്നത്. അവിടെയുള്ള വീടുകളിൽ ആയുധങ്ങൾ ഒളിപ്പിച്ചുവച്ചതായി ഒറ്റുകാരൻ അറിയിച്ചതിനെ തുടർന്നാണ് അവരുടെ വരവ്. ജിയാന്റെ അച്ഛൻ ടെമോയെയും നാട്ടിലെ മറ്റു പുരുഷൻമാരെയും അവർ പിടിച്ചുകൊണ്ടുപോകുന്നു. അവരെ മോചിപ്പിക്കണമെങ്കിൽ ഒളിച്ചുവച്ച ആയുധങ്ങൾ വിട്ടുനൽകണമെന്നാണ് അവരുടെ കടുംപിടുത്തം.

പ്രതികരണശേഷി നഷ്ടപ്പെട്ട ആ സമൂഹമാകെ അന്തിച്ചുനിൽക്കുകയാണ്. ജിയാൻ തന്റെ കൂട്ടുകാരുടെ കളിത്തോക്കുകൾ ശേഖരിച്ചുകൂട്ടി. അമ്മൂമ്മ തന്റെ പിതാവിന്റെ പഴയ റൈഫിൾ തപ്പിയെടുത്തു. പട്ടാ

ളക്യാമ്പിൽ ചെന്ന് ഇവ നൽകിയാൽ ടെമോയെ മടക്കിക്കിട്ടുമെന്നാണ് പ്രതീക്ഷ.

എന്നാൽ കളിക്കോപ്പുകൾ കൊണ്ടുവന്ന അവരെ പട്ടാളക്കാർ വിരട്ടിവിട്ടു. ആശ കൈവിടാൻ അവർ ഒരുക്കമല്ലായിരുന്നു. ആയുധങ്ങൾ സംഘടിപ്പിച്ച് അതിസാഹസികമായിത്തന്നെ ടെമോയെ വീണ്ടെടുക്കാൻ തീരുമാനിച്ച അവരുടെ ദുർഘടംപിടിച്ച യാത്രകളാണ് പിന്നീട് ചിത്രത്തെ മുന്നോട്ടു നയിക്കുന്നത്. അടിച്ചമർത്തലിലൂടെ പ്രതികരണശേഷി നഷ്ടപ്പെട്ട ഒരു ജനതയും അവിടെ പരിശ്രമത്തിലൂടെ വിജയം നേടാൻ ശ്രമിക്കുന്ന രണ്ടുപേരുമാണ് ഈ സിനിമയിലെ കഥാപാത്രങ്ങൾ.

## പണ്ടോരാസ് ബോക്സ്

മറവിരോഗം ബാധിച്ച അമ്മയുടെ അസുഖം കാരണം, പിരിഞ്ഞുപോയ കുടുംബാംഗങ്ങൾ ഒന്നിക്കുകയാണ്. അമ്മ നസ്റത്തിനെ പിരിഞ്ഞ് ഇസ്താംബൂളിൽ പലയിടങ്ങളിലാണ് മക്കൾ വേറിട്ടു ജീവിക്കുന്നത്. അമ്മയെയും അവർ ഇസ്താംബൂളിലെത്തിക്കുകയാണ്. ശാഠ്യക്കാരിയായ നസ്റത്തിന് മക്കളോടൊപ്പം താമസിക്കാൻ ഒട്ടും താൽപര്യമില്ല.

പെൺമക്കളാകട്ടെ പഴയ വഴക്കുകൾ പൊടിതട്ടിയെടുത്ത് പരസ്പരം പോരടിക്കുകയാണ്. ഇതിനിടെയാണ് പുത്തൻതലമുറക്കാരനായ കൊച്ചുമകനുമായി നസ്രത്ത് അടുക്കുന്നത്. വേറിട്ട തലമുറകൾ തമ്മിലെ അടുപ്പവും അകൽച്ചയും വാർധക്യത്തിന്റെ നിസഹായതയും കുടുംബബന്ധങ്ങളിലെ പാളിച്ചകളുമാണ് ഈ ചിത്രം വിശകലനം ചെയ്യുന്നത്.

## മജോറിറ്റി

തരക്കേടില്ലാത്ത ജീവിതമാണ് മെർട്ട് ഖാനെന്ന ചെറുപ്പക്കാരന്റേത്. അച്ഛന്റെ താക്കളുടെ നിയന്ത്രണത്തിലുള്ള ഒരു ജീവിതവീക്ഷണത്തിൽ നിന്ന് ഗതിമാറി ചിന്തിച്ചുതുടങ്ങുമ്പോൾ അവൻ കൂടുതൽ നി



സിവാസ്

കൺസ്ട്രക്ഷൻ കമ്പനിയിൽ ജോലി. മാതാപിതാക്കളോടൊപ്പം ജീവിതം. അവിവാഹിതൻ. ഷോപ്പിങ് മാളുകളിലും ഡിസ്കോ ക്ലബുകളിലും കൂട്ടുകാരുമായി അടിച്ചുപൊളിച്ചുള്ള ജീവിതരീതി. അപ്പോഴാണ് ഗുൽ എന്ന കുർദിഷ് യുവതി അവന്റെ ജീവിതത്തിലേക്ക് കടന്നുവരുന്നത്. സ്വതന്ത്രചിന്തയും ആത്മവിശ്വാസവുമാണ് ഒരു വ്യക്തിയെ മുന്നോട്ടുനയിക്കേണ്ടത് എന്ന ചിന്ത അവളിലൂടെ അവന് ലഭിക്കുന്നു. മാതാപിയന്ത്രണങ്ങൾക്കുവിധേയനായിക്കൊണ്ടിരിക്കയായിരുന്നു. സ്വാതന്ത്ര്യം ഒരുവന്റെ ഹൃദയത്തിൽ ഉടലെടുക്കണമെന്ന് മജോറിറ്റി ഓർമിപ്പിക്കുന്നു.

## സമകാലിക ഇന്ത്യൻ സിനിമാവിഭാഗം

രണ്ടു ബംഗാളി, മൂന്ന് ഹിന്ദി, മറാത്തി, തമിഴ് ചിത്രങ്ങൾ ഓരോന്നുവീതം എന്നിങ്ങനെയാണ് സമകാലിക ഇന്ത്യൻ സിനി



89 എന്ന ചിത്രത്തിൽ നിന്ന്



നയൻചമ്പർ ദിൻരാത്രി

മയുടെ മുഖം മേളയിൽ തെളിയുക. ശ്രീഹരി സാത്തേയുടെ 'ഏക് ഹസാരാചി നോട്ട്', അമിത് കുമാർ രാജിന്റെ 'ദാഗ് ഉജാല' എം.



പന്നയാരും പത്മിനിയും

ആദ്യപാർഥരാജന്റെ 'മിത്ത് ഓഫ് ക്ലിയോപാട്ര', അനന്ദ് നാരായൺ മഹാദേവന്റെ 'ഗൗർ ഹരി ദസ്തൻ', അരുൺകുമാറിന്റെ ആദ്യ ഫീച്ചർ ഫിലിം 'പന്നയാരും പത്മിനിയും', മനോജ് മിച്ചിഗന്റെ '89, 'ശേഖർ ദാസിന്റെ 'നയൻചമ്പർ ദിൻരാത്രി' എന്നിവയാണ് ഈ വിഭാഗത്തിലുള്ളത്. പരിഗണനയ്ക്കുവന്ന 55 ചിത്രങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടതാണ് ഇത്.

## പന്നയാരും പത്മിനിയും

ഈ പേരിലുള്ള തന്റെ ഹ്രസ്വചിത്രം വിജയിച്ചതിന്റെ ആത്മവിശ്വാസത്തിലാണ് അരുൺകുമാർ എസ്.യു. സാധാരണക്കാരന്റെ ജീവിത ഗന്ധമുള്ള ഈ ചിത്രം സംവിധാനം ചെയ്തത്. ഒരു ബസ് സർവീസ് മാത്രമുള്ള ഗ്രാമത്തിലാണ് കഥ നടക്കുന്നത്. അവിടുത്തെ ഒരു ഭൂവുടമയ്ക്ക് ബന്ധു തന്റെ പ്രിമിയർ പത്മിനി കാർ നൽകുന്നു. കാർ നാട്ടിൽ വലിയ ആകർഷണമായി. നാട്ടുകാർക്ക് യാത്രചെയ്യാൻ അത് ഉപകാരപ്പെടുകയും ചെയ്തു. ഒരു ഡ്രൈവറെ വച്ചാണ് ഭൂവുടമ കാറോടിക്കുന്നത്. നാട്ടുകാരെല്ലാം കാറിൽ കയറിയിട്ടും ഭൂവുടമയുടെ ഭാര്യമാത്രം കാറിൽ കയറാൻ തയാറായില്ല. തന്റെ ഭർത്താവ് ഓടിക്കുന്ന കാറിൽ മാത്രമേ താൻ കയറുകയുള്ളെന്നാണ് ചെല്ലമ്മയുടെ വാശി. അങ്ങനെയെങ്കിൽ ഡ്രൈവിങ് പഠിച്ചിട്ടുതന്നെ കാര്യമെന്ന് അയാൾ തീരുമാനിച്ചു. വിവാഹവാർഷികദിനത്തിൽ ക്ഷേത്രത്തിലേക്കുപോകുന്നത് ഭാര്യയോടൊപ്പമാകണമെന്ന് അയാൾ നിശ്ചയിച്ചു. അപ്പോഴതാ കാർ തിരികെ ആവശ്യപ്പെട്ട് ബന്ധു വരുന്നു. എന്നാൽ അപ്പന്റെ കൈവശമുള്ളതൊന്നും മറ്റാർക്കും വിട്ടുകൊടുക്കേണ്ടെന്ന നിലപാടിലാണ് ഭൂവുടമയുടെ മകൾ. വിജയ് സേതുപതി കാർഡ്രൈവറായി വേഷമിടുന്ന ഈ ചിത്രം ആദ്യവസാനം ആസ്വാദ്യകരമാണ്.

## ഏക് ഹസാരാചി നോട്ട്

പണം പാവപ്പെട്ടവരുടെ ജീവിതത്തിൽ എന്തുപരിവർത്തനമാണ് വരുത്തുക? ചെറിയകാര്യങ്ങൾ ആസ്വദിക്കുകയും പണം ചെലവഴിക്കുന്നതിൽ നിയന്ത്രണങ്ങളില്ലാതെ ജീവിക്കുകയും ചെയ്യുന്ന വിഭാഗത്തിന്റെ കഥയാണ് താൻ ആദ്യം സംവിധാനം ചെയ്ത ചിത്രത്തിലൂടെ ശ്രീഹരി സാത്തേയ്ക്കു പറയാനുള്ളത്. പണം ചിലപ്പോൾ പാവപ്പെട്ടവന് പ്രശ്നങ്ങൾ സൃഷ്ടിക്കും. ചതിയും വഞ്ചനയും തിരിച്ചറിയാൻ പറ്റാത്ത വിഭാഗത്തിന്റെ പ്രതിനിധിയാണ് ബുദ്ധി എന്ന ഗ്രാമീണ. ഒരു രാഷ്ട്രീയ പാർട്ടിയുടെ റാലിയ്ക്കിടെ അവർക്കു കിട്ടുന്ന ആയിരത്തിന്റെ നോട്ടുകളാണ് കഥയുടെ ഹൈലൈറ്റ്. ആ പണവുമായി ഷോപ്പിങ്ങിനിറങ്ങിയ അവർ വിധിതെളിച്ച മറ്റൊരു വഴിയിലൂടെ പോകുന്നതാണ് സിനിമയെ മുന്നോട്ടുനയിക്കുന്നത്.

മലയാളം സിനിമ ഇന്ന് വിഭാഗത്തിൽ 1983, ആലിഫ്, കാൾട്ടൺ ടവേഴ്സ്, ജലാശയം, ഞാൻ, ഒരാൾപ്പൊക്കം, വിദൂഷികൻ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ശ്രീലങ്കൻ സംവിധായിക സുമിത്ര പെരിസാണ് അരവിന്ദൻ സ്മാരക പ്രഭാഷണം നടത്തുന്നത്. ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് പ്രമുഖ ഇറ്റാലിയൻ സംവിധായകൻ മാർക്കോ ബെല്ലോചിയോയ്ക്ക് നൽകും. ■



ഏക് ഹസാരാചി നോട്ട്

അനുസ്മരണം

■ എ.എം. സന്ധ്യ



**ഇന്ത്യൻ സിനിമയിലെ ആദ്യ ജനപ്രിയ ഇതിഹാസതാരം രാജ്കപൂറിന്റെ 90 ാം ജന്മവാർഷികം**

# നക്ഷത്ര ജ്വലനം

റഷ്യയിലെ ഏതോ വിദൂരനഗരത്തിലെ റഷ്യൻ ഭാഷ മാത്രമറിയാവുന്ന ടാക്സി ഡ്രൈവർ ആവാര ഹൂം എന്ന പാട്ടുമൂളുന്നത്, മേരാ ജൂത്താ ഹൈ ജപ്പാനി എന്ന പാട്ടുപാടി നൃത്തം ചെയ്യുന്ന ആഫ്രിക്കൻ പെൺകൊടി.. ഒരു കാലത്തിന്റെ യാത്രാ വിവരണങ്ങളിൽ സജീവമായിരുന്ന അനുഭവചിത്രങ്ങൾ. ഒരുപക്ഷെ ഇന്നും ഇന്ത്യ എന്നുകേൾക്കുമ്പോൾ രാജ്കപൂറിന്റെ പേരോ അദ്ദേഹത്തിന്റെ സിനിമകളിലെ ഗാനങ്ങളോ മൂളുന്ന ദേശങ്ങൾ ഉണ്ടെന്ന് പലരും എഴുതിയിട്ടുണ്ട്. താരനക്ഷത്രങ്ങൾ എത്രയോ പിറന്നുവീഴുകയും പൊലിയുകയും ചെയ്യുന്നത് ഇന്ത്യൻ സിനിമ കണ്ടിട്ടുണ്ട്. പക്ഷെ അക്ഷരാർഥത്തിൽതന്നെ രാജ്യത്തിനകത്തും പുറത്തുമുള്ള പ്രേക്ഷകരുടെ രാജകുമാരനായി പരിലസിച്ച മറ്റൊരാൾ വേറെയുണ്ടാവില്ല. പുതുതായി പിറന്നുവീണ ഒരു രാഷ്ട്രത്തിന്റെ ആത്മാഭിമാനം, പ്രതീക്ഷകൾ, സ്വപ്നങ്ങൾ, ആശങ്കകൾ എല്ലാത്തിനെയും പ്രതിഫലിപ്പിക്കുന്ന മുഖമായിരുന്നു അദ്ദേഹത്തിന്റേത്. ഇന്ത്യയിൽ മാത്രമല്ല അറബ് നാടുകൾ, ആഫ്രിക്ക, പഴയ സോവിയറ്റ് യൂണിയൻ എന്നിവിടങ്ങളിലെല്ലാം രാജ്കപൂറിന് ആരാധകരുണ്ടായിരുന്നു. ആവാര(1951)തന്നെയാണ് ഏറ്റവും പ്രധാന ഉദാഹരണം. സോവിയറ്റ് യൂണിയനിൽ ഇതുൾപ്പെടെ അദ്ദേഹത്തിന്റെ എല്ലാ ചിത്രങ്ങളും സൂപ്പർഹിറ്റായി. തന്റെ ഏറ്റവും ഇഷ്ടപ്പെട്ട ചിത്രമായി ചൈനീസ് നേതാവ് മാവോ സേതൂങ് തിരഞ്ഞെടുത്തതും ആവാരയാണ്.



മേരാ നാം ജോക്കർ

അഭിനേതാവും സംവിധായകനുമായ പൃഥ്വിരാജ് കപൂറിന്റെ മകനായി 1924 ഡിസംബർ 14ന് ജനിച്ച രാജ് കപൂറിന് അഭിനയം പാരമ്പര്യസിദ്ധമായി. 13ാം വയസ്സിൽ തന്നെ അഭിനയം തുടങ്ങി. ചലച്ചിത്രത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിച്ചും അതിനെ ആഴത്തിൽ പഠിച്ചും നീങ്ങിയ ആ സർഗജീവിതത്തെ ജനപ്രിയ ഹിന്ദി സിനിമാലോകം തുടക്കത്തിൽ തന്നെ സ്വീകരിച്ചു. സാധാരണ മനുഷ്യജീവിതവും പ്രണയവും, കണ്ണീരുമെല്ലാം നിറഞ്ഞ ആ ചിത്രങ്ങൾ ഒരു മെഗാസ്റ്റാർ എന്ന പദവി അദ്ദേഹത്തിന് നൽകി. ദിലീപ് കുമാറിനെയും സുനിൽദത്തിനെയും പോലുള്ള അഭിനയപ്രതിഭ

കൾ വേറെയുമുണ്ടായിട്ടും ഇന്ത്യൻ സിനിമയുടെ എക്കാലത്തെയും വലിയ ഷോമാനായി ഇന്ത്യക്കകത്തും വിദേശത്തും രാജ് കപൂർ എന്നും അറിയപ്പെട്ടു.

'ആഗ്' എന്ന സിനിമയിൽ കുടുംബത്തിന്റെ പാതവിട്ട് തന്റെ തിയേറ്റർ സ്വപ്നം പൂവണിയിക്കുന്ന കെവാളിനെ രാജ്കപൂർ അനശ്വരനാക്കി. യുവത്വം നെഞ്ചിലേറ്റിയ ആ ഹിറ്റ് ഹിന്ദി ചിത്രം 1948 ലാണ് പുറത്തുവന്നത്. നർഗീസ് നായികയായ പടത്തിന്റെ സംവിധാനം നിർവഹിക്കുമ്പോൾ രാജ്കപൂറിന് പ്രായം 24 വയസ്സ് മാത്രം. ദേശീയ ചലച്ചിത്ര പുരസ്കാരം, ഇന്ത്യൻ ഫിലിം ഫെയർ അവാർഡ് തുടങ്ങി ദാദാ ഫാൽക്കെ പുരസ്കാരം വരെ നൽകി രാജ്യം ബഹുമാനിച്ച ആ ബഹുമുഖ പ്രതിഭയുടെ ജൈത്രയാത്രയിൽ പിറന്നു വീണത് ഇന്ത്യൻ സിനിമാചരിത്രത്തെ മാറ്റിമറിച്ച നിരവധി ഹിറ്റുകൾ.

"മേരാ ജൂതാ ഹായ് ജപ്പാനി
യേ പത്‌ലൂൺ ഇംഗ്ലീസ്ഥാനി
സർ പേ ലാൽ ടോപി റൂസി
ഫിർ ഭി ദിൽ ഹെ ഹിന്ദുസ്ഥാനി"

എന്നിങ്ങനെ എന്റെ ഹൃദയം മാത്രം ഹിന്ദുസ്ഥാനി എന്നുപാടി സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ വളർന്നുവരുന്ന ദേശീയ ബോധത്തെയും അതേസമയം സാർവദേശീയതയെയും ഉയർത്തിപ്പിടിക്കുന്ന രാജ്കപൂറിന്റെ ചിത്രം പ്രേക്ഷകരുടെ മനസ്സിലെ മായാത്ത മുദ്രയാണ്.

പൃഥിരാജ് കപൂറും രാജ് കപൂറും മത്സരിച്ച് അഭിനയിച്ച ആവാര(1951), നടനവൈഭവത്തിന്റെയും സംവിധാനത്തിന്റെയും വ്യത്യസ്ത തലമാണ്. സഹോദരൻ ശശികപൂറും ഇതിൽ വേഷമിട്ടിരുന്നു. രാജ്കപൂറിന്റെ സംവിധാന മികവിൽ പിറന്ന 'ബർസാത്താ'ണ് മറ്റൊരു വമ്പൻ ഹിറ്റ്.

പ്രണയവും വിരഹവും വ്യക്തിവിശേഷതകളും കൊണ്ട് ഹൃദ്യമായ ചിത്രത്തിൽ കശ്മീർ താഴ്‌വരയും മഴയും ഗാനങ്ങളുമെല്ലാം പ്രണയത്തിന്റെ രണ്ടു ധാരകളെ അനുഭവമാക്കുന്നു. രാജ്കപൂറിനൊപ്പം നർഗീസ്, പ്രാൺനാഥ് എന്നിവരുമുണ്ട്. നടി നിമ്മിയുടെ അരങ്ങേറ്റ ചിത്രവുമായിരുന്നു ഇത്. ശ്രീ 420 എന്ന വ്യത്യസ്തമായ വിജയചിത്രം കൂടി പുറത്തിറങ്ങിയതോടെ പ്രേക്ഷകരുടെ ഹരവും സ്വപ്നവുമായി രാജ് കപൂർ–നർഗീസ് പ്രണയജോടി മാറി. ഒട്ടാകെ 16 ചിത്രങ്ങൾ ഇരുവരും നായികാനായകന്മാരായെത്തി.

കളർ ചിത്രത്തിന്റെ എല്ലാ സാധ്യതകളും ഉൾക്കൊണ്ടാണ് സംഗം പുറത്തുവരുന്നത്. രാജ് കപൂറും രാജേന്ദ്രകുമാറും വൈജയന്തിമാലയും ചേർന്ന് സൗഹൃദത്തിന്റെയും പ്രേമത്തിന്റെയും ഒരു പുതിയ കാഴ്ചക്കൂട്ടാണ് ഒരുക്കിയത്.



ആവാര

കുട്ടിക്കാലത്ത് സുഹൃത്തുക്കളായിരുന്ന മൂന്നുപേർക്കിടയിൽ സ്നേഹത്തിന്റെ മറ്റൊരു സമവാക്യം രൂപപ്പെടുത്തുന്ന ഈ ബോളിവുഡ് റൊമാൻസ് ചിത്രമെഴുതിയത് ഇന്ദർ രാജ് ആനന്ദാണ്.

വികാരവിക്ഷോഭങ്ങൾക്ക് നടുവിലും കോമാളിയായി നിറഞ്ഞാടുന്ന രാജുവിന്റെ കഥയാണ് 'മേരാ നാം ജോക്കർ'(1965). വെല്ലുവിളി ഉയർത്തുന്ന ഒരു കഥാപാത്രത്തെ അനായാസവും മനോഹരവുമായി രാജ്കപൂർ അവതരിപ്പിച്ചിരിക്കുന്നു. അന്ന് ശ്രദ്ധിക്കപ്പെട്ടില്ലെങ്കിലും ഇന്ന് ഒരു ചലച്ചിത്ര ക്ളാസിക്കാണിത്. ജീനാ യഹാ മർനാ യഹാ.. എന്ന ഇതിലെ ഗാനം മറ്റൊരു സൂപ്പർഹിറ്റാണിന്നും.

ബോംബെയുടെ പശ്ചാത്തലത്തിൽ കൗമാരപ്രണയത്തിന്റെ കഥ പറയുന്ന 'ബോബി'യിൽ രാജ്കപൂറിന്റെ മകൻ ഋഷികപൂർ പ്രധാനപ്പെട്ട വേഷത്തിലുണ്ട്. 'സത്യം ശിവം സുന്ദരം', 'ബൂട്ട് പോളീഷ്', 'ജഗ്‌തേ രാഹോ', 'ബെഹ്തി ഹായ് തുടങ്ങി നിരവധി ചിത്രങ്ങൾ അദ്ദേഹം സംവിധാനം ചെയ്തു. 1988 ജൂൺ രണ്ടിന് ആ അനശ്വരപ്രതിഭ നിര്യാതനായി.




രാജ് കപൂറും പദ്മിനിയും





# വരയുടെ തമ്പുരാന് ഒരു സ്മാരകം

ഒരു കോവിലകത്തിന്റെ മതിൽക്കെട്ടുകൾക്കുള്ളിൽ ഒതുങ്ങാതെ മലയാളനാടിനെ വിശ്വകലാചക്രവവാളങ്ങളിൽ എത്തിച്ച ചിത്രകലയുടെ തമ്പുരാന് ജന്മനനാട്ടിൽ ഉചിതമായ സ്മാരകം യാഥാർത്ഥ്യമായി. തിരുവനന്തപുരം കിളിമാനൂർ രാജാരവിവർമ സാംസ്കാരിക നിലയത്തിൽ ലളിതകല അക്കാദമിയുടെ നേതൃത്വത്തിൽ ഒരുക്കിയ ആർട്ട് ഗ്യാലറി നവംബർ 19 ന് മന്ത്രി കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്തു.



















ക്രിസ്മസ്


ഗിരീഷ് പുലിയൂർ

# എന്തതിശയമേ

**സാർവലൗകിക സ്നേഹത്തെ പ്രകീർത്തിച്ചുകൊണ്ട് ഒരു ക്രിസ്തുമസ് കൂടി...**



ദി ബർത്ത് ഓഫ് ജീസസ് ക്രൈസ്റ്റ്
ഫെഡറിക്കോ ബറോക്കിയുടെ ചിത്രം (1597)



എന്റെ ബാല്യകാലസ്മരണയിൽ 'കിളിപറത്തിമല'യിലെ കുരിശുപള്ളി തലയുയർത്തി നിൽക്കുന്നു. നെടുമങ്ങാട് താലൂക്കിലെ മലയോരഗ്രാമമായ 'ഉഴമലയ്ക്കൽ പുലിയൂർ' സാധാരണ ജീവിതമാർഗങ്ങളിൽ മുന്നേറിയവരുടെ സങ്കേതമായിരുന്നു. അധ്വാനിക്കുകയും ആഹാരത്തിനുവേണ്ടതു സമ്പാദിക്കുകയും 'നാളെയെന്തെന്നറിയാതെ' ജീവിക്കുകയും ചെയ്ത നിഷ്കളങ്കരായ കൃഷിക്കാർ. കാലത്തിന്റെ കുത്തൊഴുക്കിൽ അവരെല്ലാം മണ്ണിലേക്കു മടങ്ങി. എന്നാൽ കണ്ണിൽ നിന്നും മറയാതെ ചില കാഴ്ചകൾ ഡിസംബറിലെ മഞ്ഞുപടലം ഭേദിച്ച് തെളിഞ്ഞുവരുന്നു.

ഇതൊരു ക്രിസ്തുമസ്കാലം. എവിടെയും തിരുപ്പിറവിയുടെയും പുതുവർഷത്തിന്റെയും സ്മരണകളുണരുന്നു. ഹിന്ദുമതവിശ്വാസികളായ മാതാപിതാക്കളുടെ മകനായിപ്പിറന്ന എനിക്ക്, അള്ളാഹുവും ക്രിസ്തുദേവനുമെല്ലാം സ്വന്തം കുടുംബാംഗങ്ങളായിത്തന്നെ അനുഭവപ്പെട്ടിരുന്നു. വെട്ടെയിൽ ദേവീക്ഷേത്രത്തിന്റെയും കിളിപറത്തി കുരിശുപള്ളിയുടെയും കുരിയാത്തി മിനാരപ്പള്ളിയുടെയും തിരുമുറ്റങ്ങൾ എന്റെയും ബാല്യകാലസുഹൃത്തുക്കളുടെയും വിളയാട്ടുകേന്ദ്രങ്ങളായിരുന്നു. വിക്രമനും ജോർജും മാഹീനും തമ്മിലോ ശശികലയും സതീറയും ഷൈലാപോളും തമ്മിലോ എന്തെങ്കിലും വിഭിന്നതയുണ്ടെന്നു എനിക്ക് അന്നു തോന്നിയിരുന്നില്ല.

ഡിസംബർ കാഞ്ഞിരംപാറ ആയിരവില്ലി ക്ഷേത്രത്തിലും രാത്രി പൂജ നടക്കുന്ന മാസമാണ്. മണ്ഡലച്ചിറപ്പ് മഹോത്സവകാലം. എന്നാൽ ചില സന്ധ്യകളിൽ ക്ഷേത്രത്തിൽ പോകാനിറങ്ങുമ്പോഴേക്കും ദൂരെ മലയിൽ നിന്നും കത്തിജ്വലിക്കുന്ന നക്ഷത്രങ്ങൾ നിരനിരന്നു കാണാറാവും. മഞ്ഞിന്റെ പടലം പിളർന്നു ചുവന്ന നിറത്തിലുള്ള കിരണങ്ങൾ വീശിയെത്തുന്ന 'ക്രിസ്തുമസ് കരോൾ' വീടിന്റെ മുറ്റത്തെത്താൻ വേണ്ടി ആകാംക്ഷയോടെ ഞങ്ങൾ കാത്തുനിന്നു. പത്തിരുപത്തഞ്ചോളം വരുന്ന ഒരു സംഘം ആളുകൾ പരമ്പരാഗത പള്ളിപ്പാട്ടിന്റെ ഈണത്തിൽ കർത്താവിനെ സ്തുതിച്ചു പാടുന്നതു കേൾക്കാൻ രസമുണ്ടായിരുന്നു. "വിണ്ണിൽ നിന്നുമുണ്ണിയേശു വന്നു പിറന്നൂ" എന്നു പാടിക്കേട്ടപ്പോൾ അത് സ്വന്തം പ്രാർഥനയായിത്തന്നെ അനുഭവപ്പെട്ടു.

താടി നീട്ടിവളർത്തിയ 'ക്രിസ്തുമസ്പാപ്പ' തലകുലുക്കി, പുഞ്ചിരിച്ചു . പാട്ടിന്റെ താളത്തിൽ ചുവടുവച്ച് തൊട്ടടുത്ത വീട്ടിലേക്ക് സഞ്ചരിക്കും. അതേസമയം ആയിരവില്ലിക്ഷേത്രത്തിൽ 'പച്ചയുള്ള പാടം പശുമേയും പാടം കൊച്ചുകൃഷ്ണൻ കുഴലുമൂതി പിച്ച നിന്ന പാടം' എന്ന ഭജനപ്പാട്ട് ഉയർന്നു കേൾക്കും. ക്രിസ്തുവും കൃഷ്ണനും ഉറ്റചങ്ങാതിമാരെപ്പോലെ മാത്രമേ ഞങ്ങൾക്കു തോന്നിയിരുന്നുള്ളൂ. കരോളും ഭജനയും മനസ്സിൽ മുഴങ്ങി നിൽക്കുമ്പോൾ അനന്തതയിൽ നിന്നും ഒഴുകിയെത്തുന്ന 'ബാങ്കുവിളി' പുതിയൊരു സംഗീതം തീർത്തു. ഭാഷയറിയില്ലെങ്കിലും സർവശക്തനെ സ്തുതിച്ചു പാടുന്നതിന്റെ സുഖം വേണ്ടുവോളം അപ്പോൾ ഹൃദയത്തിൽ നിറയും.

കട്ടിയേറി വരുന്ന സംശയത്തിന്റെ മഞ്ഞുമലമാറ്റി പുതിയൊരു സൗഹൃദഭാവം ഗ്രാമീണരായ ഞങ്ങളിൽ വളർന്നുവരാൻ കാരണം ഞങ്ങളുടെ രക്ഷിതാക്കളായിരുന്നു. ക്രിസ്തുവെന്നോ അല്ലാഹുവെന്നോ കൃഷ്ണനെന്നോ ഭേദമില്ലാതെ എല്ലാവരും മനുഷ്യനെ നന്മയിലേക്കു നയിക്കുന്ന മഹാശക്തികളാണെന്നുള്ള സന്ദേശം ബാല്യകാലത്തിലേ പകർന്നുകിട്ടി.

ഇന്നു ആശയവിനിമയമാർഗ്ഗങ്ങളുടെ അതിവേഗവും ധാരാളിത്തവും കൊണ്ട് ലോകം തന്നെ കുട്ടികളുടെ വിരൽത്തുമ്പിലായിരിക്കുന്നു. ഇന്നത്തെ ബാലികാബാലന്മാർ മതതീവ്രവാദികളുടെ ആക്രമണത്തിന്റെ വാർത്തകളാണ് കാണുന്നത്. ബോംബും തോക്കും ഗ്രനേഡും കൊണ്ടു തീർക്കുന്ന വെടിക്കെട്ടുകൾ. പതിനായിരങ്ങൾ കൊല്ലപ്പെട്ടുകൊണ്ടിരിക്കുന്ന ആക്രമണങ്ങൾ. ഞങ്ങളുടെ ഗ്രാമത്തിലെ മിക്കവാറും നിരക്ഷരരും നിഷ്കളങ്കരുമായ കൃഷിക്കാരുടെ വിവേകം പോലും ഇന്ന് പലർക്കും പണക്കാർക്കും ഇല്ലാതെപോയി. 'ണീം-ണീം-ണീം' എന്നു മുഴങ്ങി കേൾക്കുന്ന അമ്പലമണിയും 'ണാം-ണാം-ണാം' എന്നു കേൾക്കുന്ന പള്ളിമണിയും ബാങ്കുവിളിയും ഒരു മഹായുദ്ധദുരന്തത്തിന്റെ ശകുനമായിത്തീരുകയാണോ? "എന്തതിശയമേ ദൈവത്തിൻ സ്നേഹം എത്ര മനോഹരമേ" എന്ന ഗാനത്തിന്റെ സൗന്ദര്യത്തിന് ഒരിക്കലും ഭംഗം വരാതിരിക്കട്ടെ! ■



■ പി.കെ. ശങ്കരൻകുട്ടി

# മാതൃകയായി സിവിൽസർവീസ് അക്കാദമി

## നാഗാലാന്റിൽ നിന്നുള്ള പഠനസംഘം അക്കാദമി സന്ദർശിച്ചു

കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി പ്രശസ്തിയുടെ പടവുകൾ താണ്ടി ഉത്തരേന്ത്യയിലും ജനസമ്മിതി നേടി വരുന്നു. കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ മാതൃകയിൽ നാഗാലാന്റിൽ സിവിൽ സർവീസ് അക്കാദമി സ്ഥാപിക്കാൻ അവിടെ നിന്നുള്ള പഠന സംഘം തിരുവനന്തപുരത്തെ സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ ആസ്ഥാനം സന്ദർശിക്കുകയുണ്ടായി. മൂന്നംഗ പഠന സംഘത്തിൽ ആഭ്യന്തരവകുപ്പ് സെക്രട്ടറി ലിത്രോംഗ്ലാ ജി. ചിഷി, സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ ഉദ്യോഗസ്ഥരായ ഡോ. എസ്. റോംഗ്സെൻ ലോംഗ് കുമെർ, ഡോ. ഹൊവിഷാൽ സോത്തു എന്നിവർ ഉണ്ടായിരുന്നു. അക്കാദമി ഡയറക്ടർ കെ.പി. നൗഫൽ, ഫിനാൻസ് ഓഫീസർ ജയാനന്ദ്, അഡ്. ഓഫീസർ ഫൈറഫുദീൻ, കോ-ഓർഡിനേറ്റർമാരായ പ്രൊഫ. പി.എം. രാജീവ്, അഡ്. പി.കെ. ശങ്കരൻകുട്ടി, ഡോ. നൂർജം ബീവി, സൂപ്രണ്ട് വിനയകുമാർ തുടങ്ങിയവർ പഠനസംഘത്തെ സ്വീകരിച്ച് ആശയവിനിമയം നടത്തി. പഠനസംഘം അക്കാദമിയിലെ വിർചൽ ക്ലാസ് സ്റ്റുഡിയോയിലൂടെ കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ പാലക്കാട് ഉപകേന്ദ്രത്തിലെ പഠിതാക്കളുമായി ആശയവിനിമയം നടത്തി.

തിരുവനന്തപുരം കേന്ദ്രത്തിലെ സിവിൽ സർവീസ് വിദ്യാർഥികളുമായും അധ്യാപകരുമായും ആശയവിനിമയം നടത്തി. നാഗാലാന്റ് ഗവർണർക്ക് കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ നടത്തിപ്പിൽ മതിപ്പുണ്ടായിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ നിർദേശപ്രകാരമാണ് അക്കാദമി സന്ദർശിച്ചതെന്നും നാഗാലാന്റ് ആഭ്യന്തര സെക്രട്ടറി ലിത്രോംഗ്ലാ ചിഷി പറഞ്ഞു.

ആശയവിനിമയ വേളയിൽ ധാരാളം വടക്കേ ഇന്ത്യൻ വിദ്യാർഥികൾ സംഘവുമായി ആശയവിനിമയം നടത്തി. 'താംഘോകായ് ഹാവോകിപ്' എന്ന മണിപ്പൂരിൽ നിന്നുള്ള പഠിതാവ് മണിപ്പൂർ, ആസ്സാം, മിസോറാം, അരുണാചൽപ്രദേശ്, ത്രിപുര, മേഘാലയ എന്നീ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽക്കൂടി സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി മാതൃകയിൽ അക്കാദമികൾ തുടങ്ങാൻ ശുപാർശ ചെയ്യണമെന്ന് ആവശ്യപ്പെട്ടു.

സംസ്ഥാന സിവിൽ സർവീസ് അക്കാദമിയിൽ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും ധാരാളം വിദ്യാർഥികൾ പഠനം നടത്തുന്നുണ്ട്. ടെക്നോപാർക്ക്, ഇൻഫോസിസ്






തുടങ്ങിയ ഹൈടെക് തൊഴിൽ സ്ഥാപനങ്ങളിൽ നിന്നും ശനി, ഞായർ ദിവസങ്ങളിൽ നടത്തുന്ന വാരാന്ത്യ ബാച്ചുകളിൽ ഉൾപ്പെടെ അന്യസംസ്ഥാന വിദ്യാർഥികൾ ധാരാളമായി ഇവിടെ പഠനം നടത്തുന്നു.

2005 ൽ സെന്റർ ഫോർ കണ്ടിന്യൂയിങ് എജ്യുക്കേഷൻ കേരളയുടെ നിയന്ത്രണത്തിൽ തിരുവനന്തപുരത്തു പ്രവർത്തനമാരംഭിച്ച കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയിൽ നിന്നു തുടക്കത്തിൽ അഞ്ചു പേർക്ക് സിവിൽ സർവീസ് ലഭിച്ചു. ജേതാക്കളുടെ എണ്ണം ക്രമത്തിൽ വർധിച്ച് 2011 ൽ 36 പേർക്കും 2012 ൽ 41 പേർക്കും 2013 ൽ 45 പേർക്കും സിവിൽ സർവീസ് ലഭിച്ചു. പഠിതാക്കളിൽ ന്യൂനപക്ഷത്തിനുമാത്രമേ സിവിൽ സർവീസ് ലഭിക്കുന്നുള്ളുവെങ്കിലും വിവിധ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗാർഥികളുടെ ഉന്നത ശ്രേണികളിൽ വിദ്യാർഥികൾക്ക് എത്താൻ കഴിയുന്നുവെന്നത് ഒരു യാഥാർഥ്യമാണ് ഡെപ്യൂട്ടി കളക്ടർ, ബാങ്ക് പ്രൊബേഷനറി ഓഫീസർ, ഇൻകംടാക്സ് ഇൻസ്പെക്ടർ, അസി. സെയിൽസ് ടാക്സ് ഓഫീസർ, സെൻട്രൽ സർവീസിലെ ഇതര ഗ്രൂപ്പ് ബി ഗസറ്റഡ് തസ്തികകൾ, സംസ്ഥാന പൊലീസ് സേനയിൽ സബ് ഇൻസ്പെക്ടർ, ഫോറസ്റ്റ് റെയ്ഞ്ചർ, സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് തുടങ്ങിയവ അക്കൂട്ടത്തിൽപ്പെടും.

ആറു മാസം നീണ്ടുനിൽക്കുന്ന രണ്ടു റഗുലർ ബാച്ചുകൾ (ജൂൺ-നവംബർ, ഡിസംബർ-മെയ്) കൂടാതെ ശനി, ഞായർ ദിവസങ്ങളിൽ ഒരു വർഷം നടത്തുന്ന വാരാന്ത്യ ബാച്ച് എല്ലാ ദിവസവും വൈകുന്നേരം ആറു മുതൽ എട്ടു വരെ ഒരു വർഷത്തേക്ക് നടത്തുന്ന സായാഹ്ന ബാച്ച് ഇവിടെ നിലവിലുണ്ട്. കൂടാതെ രണ്ടാം വർഷ ജനറൽ ബിരുദ കോഴ്സിലോ, മൂന്നാം വർഷ പ്രൊഫഷണൽ ബിരുദ കോഴ്സിലോ പഠിക്കുന്ന വിദ്യാർഥികൾക്കായി ശനി, ഞായർ ദിവസങ്ങളിൽ നടത്തുന്ന ദ്വിവത്സര സിവിൽ സർവീസ് കോഴ്സും ഉണ്ട്.

പ്ലസ് വൺ, പ്ലസ് ടു, ഡിഗ്രി ഒന്നാം വർഷ വിദ്യാർഥികളുടെ ശേഷി വികസിപ്പിച്ചെടുക്കാനും അവരെ ഭാവിയിൽ സിവിൽ സർവീസ് കോഴ്സുകളിലേക്ക് ആനയിക്കാനും വേണ്ടി ഒരു വർഷം നീണ്ടുനിൽക്കുന്ന സിവിൽ സർവീസ് ഫൗണ്ടേഷൻ വിദ്യാർഥികൾക്ക് ഏറെ പ്രയോജനം ചെയ്യുന്നുണ്ട്. ഇതേ ഉദ്ദേശം ലക്ഷ്യമിട്ടുകൊണ്ട് ഹൈസ്കൂൾ വിദ്യാർഥികൾക്കായി ലാന്റ് ഡെവലപ്മെന്റ് കോഴ്സും കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയിൽ നടത്തിവരുന്നു.

അക്കാദമിയുടെ ഉപകേന്ദ്രം 2010 ൽ മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ പ്രവ്ത്തനം തുടങ്ങി. 2013 ൽ പാലക്കാട് വിക്ടോറിയ കോളേജ് കോമ്പൗണ്ടിലും കോഴിക്കോട് വെസ്റ്റ് ഹില്ലിലും പ്രാദേശിക കേന്ദ്രങ്ങൾ ആരംഭിച്ചു. ഇവിടങ്ങളിൽ മികച്ച രീതിയിൽ കോഴ്സുകൾ നടന്നുവരുന്നു. മൂവാറ്റുപുഴയിലും, ചെങ്ങന്നൂരിലും അക്കാദമിയുടെ ഉപകേന്ദ്രങ്ങൾക്ക് തറക്കല്ലിട്ട് കെട്ടിടനിർമാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പ്രഗത്ഭരായ റിട്ടയേർഡ് കോളേജ് അധ്യാപകരും വിവിധ വിഷയങ്ങളിൽ പ്രാഗത്ഭ്യം നേടിയവരുമാണ് അക്കാദമിയിലെ അധ്യാപകർ. നിലവിലെ കോളേജ് അധ്യാപകർക്കും ഒഴിവുസമയങ്ങളിൽ ഇവിടെ ക്ലാസ്സുകൾ കൈകാര്യം ചെയ്യാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പണ്ടൊക്കെ സിവിൽ സർവീസ് ലഭിക്കാൻ മലയാളി ഡൽഹിയിൽ പോയി പഠിക്കണമായിരുന്നു. ഇപ്പോൾ സ്ഥിതി മാറി. വടക്കേ ഇന്ത്യക്കാർ കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയിൽ പഠനത്തിനായി വന്നുകൊണ്ടിരിക്കുന്നു. ഈ സ്ഥാപനത്തെക്കുറിച്ച് എന്തുകൊണ്ടും മലയാളിക്ക് അഭിമാനിക്കാം ■

സാഹിത്യം

■ വി.എം. ഗിരിജ



# ജീവൈക്യ കവിതകൾ

**സംസ്ഥാനസർക്കാരിന്റെ ഈ വർഷത്തെ എഴുത്തച്ഛൻ പുരസ്കാരം നേടിയ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയും കാവ്യദർശനവും**

വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകൾ ഭാരതത്തിന്റെ കവിതകളാണ്, കേരളത്തിന്റേതല്ല. 'ഭൂത ധാത്രി തൻ ക്ഷേത്രനടയിൽ ചെവിപാർത്തു നിന്നാൽ കേൾക്കുന്ന ഗാനം' കൂടിയാണത്.

ബാലാമണിയമ്മയുടെ കവിതകളിലൂടെ കടന്നുപോകുമ്പോൾ 'ഭാരതം' എന്ന സങ്കല്പം പ്രബലമാണ്. ഭാരതജനതയല്ല, ഭാരതീയസാഹിത്യം പരമ്പരയായി ചർച്ച ചെയ്ത ധർമാധർമബോധം, വൈരുധ്യങ്ങൾ, ദ്വന്ദ്വങ്ങൾ അതിലുണ്ട്. വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ ദ്വന്ദ്വങ്ങളെ സമന്വയിക്കാം എന്ന നവഭാരതീയന്റെ, നെഹ്റുവിയൻ മനസ്സ് പിൻതുടർന്ന ഒരാളുടെ ശുഭപ്രതീക്ഷയുണ്ട്.


'യൗവനത്തിൽ ഇന്ദ്രിയസുഖങ്ങൾ അറിയുകയും വാർധക്യത്തിൽ മുനിവൃത്തി സ്വീകരിക്കുകയും അവസാനം യോഗത്താൽ ശരീരം ത്യജിക്കുകയും ചെയ്യുന്ന രഘുവംശത്തേയാണ് ഈ കവിയുടെ മനസ്സ് സ്വാംശീകരിച്ചിരിക്കുന്നത്. കാളിദാസന്റെ കാവ്യനാടകങ്ങൾ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിൽ പുനർജനിക്കുന്നത്, ഏക ഭാരതം എന്ന സങ്കല്പത്തിന്റെ യാഥാർഥ്യവത്കരണം കൂടിയായാണ്.

ദിലീപൻ, അജന്റെ മരണം, ഇന്ത്യയെന്ന വികാരത്തിലെ ഹേ കാളിദാസ!, തീപിടിച്ചപുര, ഉജ്ജയിനിയിലെ രാപ്പകലുകൾ, ഹിമഗന്ധം, ദേവപ്രയാഗ, തിങ്കൾക്കല, യുഗളപ്രസാദൻ എന്നീ കവിതകളിലെല്ലാം കാളിദാസകാവ്യങ്ങൾ കേരളീയർ എത്രകണ്ട് സ്വാംശീകരിച്ചു എന്നതിന്റെ മുദ്രകൾ കാണാം. അതിലുമധികം ഈ കവിയുടെ ആത്മമുദ്രയാണ് കാളിദാസീയത.

എല്ലാ ദിക്കിലും, സംസ്ഥാനങ്ങളിലും ഇവ്വിധമാണോ എന്നറിയില്ല, കേരളത്തിൽ സംസ്കൃതപഠനത്തിൽ കാലുറപ്പിക്കുന്നത് രഘുവംശ പഠനത്തിലൂടെ തന്നെയാണ്. യൂണിവേഴ്സിറ്റികൾക്കും മുൻപുള്ള സംസ്കൃതപഠനം ശ്രീകൃഷ്ണവിലാസത്തിനുശേഷം രഘുവംശം, കുമാരസംഭവം എന്നിവയിലൂടെയാണ്. കാളിദാസകൃതികൾ വായിച്ചതിനുശേഷമാണ് ഇതിഹാസങ്ങൾ പഠിക്കാറ് പതിവ്. കാളിദാസന്റെ തന്നെ നാടകങ്ങൾ, കുറേക്കൂടി കഴിഞ്ഞാണ് പഠിപ്പിക്കാറ്. സുകൃതം പഠിക്കാൻ ഗുരുകുലരീത്യാ പോകുന്നവർ രഘുവംശം രണ്ടാം സർഗമാണ് ആദ്യം പഠിപ്പിക്കുന്നത്.

"അഥ പ്രജാനാമധിപ! പ്രഭാതേ
ച്ഛായാപരിഗ്രാഹിത ഗന്ധമാല്യാം
വനായ പീത പ്രതിബദ്ധവൽസാം
യശോധനോ ധേനു മുഷേർമ്മുമോച"

അവിടെയാണ് തുടക്കം-കേരളത്തിൽ കാളിദാസൻ കവിതയുടെ തന്നെ, ധ്വന്യലങ്കാരസുന്ദരതയുടെ മാതൃകയായാണ് പഠിപ്പിക്കപ്പെട്ടിരുന്നത്. ഈ പറഞ്ഞത്, വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിൽ ഉടനീളമുള്ള കാളിദാസ പ്രഭ കാണിക്കാൻ



മാത്രമാണ്. "സൂര്യനിൽ നിന്ന് ലോകം ചൈതന്യമെന്നപോലെ യാതൊരാളിൽ നിന്ന് അങ്ങ് മുഴുക്കെ നേടിയോ..." എന്ന് ഗുരുപരമ്പരയെ സ്മരിക്കുന്ന ഒരാളാണ്. വിമാനത്തിൽപ്പോലും ഈ കവി-

"കുഞ്ഞേ, കുടിതീനിണചേരലും
ഇന്ത്യയിലും സുഖമല്ലോ!
എങ്കിലുമിതിനപ്പുറമൊരു സുഖ-
മുണ്ടെന്നെങ്ങടെ പക്ഷം
ഓളമടങ്ങീടും കടലും
നാളമനങ്ങാത്തിരിയും
അറിയും സുഖം, അകമേ നിലതെ-
ല്ലിളകാച്ചിത്തരഹസ്യം" എന്നാണ് ഗുരുപരമ്പര തന്ന അറിവിനെ (സഹയാത്രിക) കവി കാണുന്നത്.

കുമാരസംഭവം മൂന്നാം സർഗത്തിലെ
"അവൃഷ്ടിസംരംഭമിവാംബുവാഹ-
മപാമിധാരമനുത്തരംഗം,
അന്തശ്ചരാണാം മരുതാംനിരോധാ-
ന്നിവാതനിഷ്കമ്പമിവ പ്രദീപം"
എന്ന ശ്ലോകം ഓർക്കാതെവയ്യ.

അതു കൊണ്ടായിരിക്കാം 'ഹേ കാളിദാസ' എന്ന മനോഹരമായ കവിത എഴുതപ്പെട്ടത്.

"ഹേ കാളിദാസ, മഹാസത്വ! നിന്നുള്ളിൽ
ഊറിനിന്നില്ലേ കൊടിക്കൂറ പാറിച്ചു
പോരടിക്കും പ്രതാപങ്ങൾതൻ ദീനത,
ലോഭവായ്പിന്റെ നരച്ചതാംവ്യർഥത
ഉറ്റവർ തുപ്പുന്ന നിന്ദയിൽ ശാന്തത,
മുറ്റുമജ്ഞാനഗർവിൽ സമചിത്തത,
പുത്തനിതൾ നീർത്തിയെന്നും പുതുമയ്ക്ക്
നിത്യതചേർക്കും പ്രപഞ്ചനിഗൂഢത!"

## ഇന്ത്യ എന്ന വികാരം

സുന്ദരമായ പ്രകൃതി വർണനകൾ, ആകാശം, ഭൂമി ഇവയെ വിളക്കി ഒന്നാക്കുന്ന അഭൗമസുന്ദരമായ ഹിമവൽപ്രദേശങ്ങൾ, ഭാഷകൊണ്ട് പിരിഞ്ഞാലും അന്തർഭാഷ ഒന്നായ ഭാരതപ്രദേശങ്ങൾ, ഭാവസ്ഥിരമായ ജനനാന്തരസൗഹൃദസ്മരണകൾ കൊണ്ട് പ്രദീപ്തമായ തുടർച്ചകൾ ഇവയാൽ സമ്പന്നമായ ഇന്ത്യ എന്ന വികാരത്തിന്റെ അന്തസ്സത്ത ഈ കവിക്ക് ശാന്തവും സമചിത്തവും ഈശ്വരനിലും പ്രകൃതിയിലും നിത്യനിഗൂഢമായി ലയിക്കുന്ന സ്വത്വവുമാണ്.

"ഗൂഢമാമേതോ ദയാ-
വായ്പിനേപ്പറ്റി സന്ധ്യാ-
വേളയിൽ അബോധമായ്
ഊറുമവ്യക്തജ്ഞാനം"- എന്തായിരിക്കും അത്.

നീരാട്ട് എന്ന 1985 ലെ കവിതയിലും ആദ്യകാല കവിതകളിലും എല്ലാം ഈ ഒരു 'സർവപ്രേമം' പതിഞ്ഞുകിടപ്പുണ്ട്.

"നരയ്ക്കുന്നു നട്ടുച്ച, ഞാനിന്നുമെന്നാൽ
അരയ്ക്കൊപ്പമുള്ളാറ്റിൽ നീരാടി നില്പൂ
ഇളന്നീർ കൊതിക്കുന്ന പമ്പാസരസ്സോ
ഇരമ്പുന്ന വർഷാനിളക്കുത്തൊഴുക്കോ,
വെളുപ്പിൽ കറുപ്പസ്തമിക്കുന്ന ദേവ-
പ്രയാഗത്തിലെത്തീർഥമോ, സൂര്യലക്ഷം
തടത്തിൽത്തഴയ്ക്കുന്ന വിൺഗംഗയോ ചി-
ജ്ജഡശ്രീല കൈവല്യ ലീലാസരിത്തോ
നനയ്ക്കുന്നു ചേതസ്സിനെ പ്രേമവായ്പാൽ,
നിറയ്ക്കുന്നു വിശ്വത്തെ ദിവ്യാമൃതത്താൽ!"

ജലം, വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ സർവാശ്ലേഷിയും സർവലായകവുമായ ഒരൊഴുക്കാണ്.

'വരൂ!' കവിൾ തുടുക്കവേ പുതുവെള്ളം വിളിക്കുന്നു
'വരൂ!' ചെറുതോണി ഉള്ളം പോലിളകുന്നൂ
വിണ്ണകലെ മണ്ണിലേക്ക് കുമ്പിടുന്ന ദിക്കുവരെ
വെള്ളം, അല്ലാ നീല ഞെറിപ്പരവതാനി (കൂരച്ചാൽ)
ഒരു മാത്ര - അലയേക്കാൾ, പുഴയേക്കാൾ
കടലേക്കാൾ, നിലയറ്റൊരാഴത്തിൽ (ഇടശ്ശേരിയുടെ ഓർമ)
പാറയിൽത്തെളിനീരൂറ്റുപോലെ
വൈരത്തിലാർദ്രത (റിപ്പബ്ലിക്)
ഏതോ ദൂര ഹൃദങ്ങൾ വിരിയിച്ച
നൈതലാമ്പലിൻ പരാഗങ്ങൾ (ദിലീപൻ)

വർഷം വരുന്നു എന്ന കവിതയിൽ തുടങ്ങി എല്ലാ കവിതകളിലും ഒഴുകുന്ന ഒരു നീർച്ചാലാണ് സമസ്തജീവനും ഒന്നെന്ന ബോധം.

ഭാരതീയമായ ഗുരുപരമ്പരകൾ വഴി കൈമാറ്റം ചെയ്യപ്പെട്ട, ഉള്ളിനെ ശാന്തവും സമവും സുഖമയവുമാക്കുന്ന അറിവാണ് വിഷ്ണുനാരായണൻ നമ്പുതിരിയുടെ കവിതയുടെ അറിവ്. "ചിത്തത്തിൽ വാക്ക് ഉറയ്ക്കട്ടെ. ചിത്തം വാക്കിലുമങ്ങനേ' എന്ന പ്രയോഗത്തോടെ മനസ്സിലുറപ്പിക്കുന്ന അറിവ്.

മനുഷ്യവംശത്തിന്റെ തെറ്റുകൾ, (തെറ്റുകൾ പറ്റുന്നതും പറുദീസ വിടേണ്ടിവരുന്നതും മനുഷ്യർക്കാണല്ലോ). മറ്റു ചരാചരങ്ങളോടാണ് ചോദിക്കുന്നത് - ഇത് തെറ്റോ ശരിയോ എന്ന് മനുഷ്യൻ (അഥ കേന പ്രയുക്തോ*f*യം പാപം ചരതി എന്ന ചോദ്യം തന്നെ) ലോകത്തോട് ചോദിക്കുന്നു.

"പറഞ്ഞുതരുവിൻ നിങ്ങൾ
നദിക്കുന്ന ജലങ്ങളേ
പറഞ്ഞുതരുവാൻ സ്ഥാണു
ശ്രേഷ്ഠരാം പർവതങ്ങളേ!
കാണ്ഡേ കാണ്ഡേ മുളച്ചീടും
പ്രരോഹ ഹരിതങ്ങളേ!
വനേ വനേ വിരിഞ്ഞീടും
പീതശ്വേതാരുണങ്ങളേ!
വിടർന്ന ചിറകാൽ വ്യോമം
കടക്കും നീഡജങ്ങളേ!
ഉറച്ച ചുവടാൽ ഭൂമി
അളക്കും സ്വേദജങ്ങളേ...
ഇളമേൽ വീണു തുള്ളുന്നോ-
രൂർജസ്സിൻ കിരണങ്ങളേ
കുട്ടിപ്പൂഞ്ഞ കുലുങ്ങുന്ന
കൂത്താടുന്ന കിടാക്കളേ!
ആദ്യ പുഷ്പിണിയാം സസ്യം
ഉൾക്കൊള്ളുന്ന പരാഗമേ!
ആദ്യമന്ദാക്ഷമായ കണ്ണിൽ
തുടിക്കുമനുരാഗമേ"

എന്ന് പ്രപഞ്ചത്തിലെ ജീവകണങ്ങളോട് സ്നേഹവും സ്വാർഥതയും ഭോഗേച്ഛയും ജീവന്റെ നൃത്തവും തമ്മിലുള്ള വ്യത്യാസം, അതിലൂടെ സത്യം പറഞ്ഞുതരാൻ അന്വേഷിക്കലാണ് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയും ചെയ്യുന്നത്.

കാളിദാസ കാവ്യങ്ങളുടെ ലോകത്തിൽ കാണുന്ന ഭോഗ-ത്യാഗ കാമനകൾ തന്നെയാവാം ഇവിടെയും ദർശനം നിർണയിക്കുന്നത്. പരാർഥമായി യജിക്കാനും ഭരിക്കാനും ജീവിക്കാനും കഴിയുമോ എന്ന ചോദ്യം പോലും അപ്രസക്തമായ കാലമാണിത്. ജീവിതത്തെ തപസ്സും യജ്ഞവുമായി കാണുന്ന ഈ കാഴ്ച പക്ഷേ ഡി.എൻ.എയുടെ തുടർച്ചയാണ് എന്ന ചിന്ത അലോസരപ്പെടുത്തുന്നതാണ്, എനിക്ക്. (എന്റെ കവിത എന്ന പുസ്തകത്തിൽ എടുത്തുചേർത്തിരിക്കുന്ന എന്റെ കവിത, എന്റെ ദർശനം എന്ന ലേഖനം). നിലപാടുകൾ, അറിവുകൾ ഡി.എൻ.എയിലൂടെയല്ല, ഗുരുപരമ്പരയിലൂടെയും വ്യക്തികളുടെയും ചിന്താധാരകളുമായുള്ള പരിചയത്തിലൂടെ, സാഹിത്യത്തിലൂടെ, ചർച്ചയിലൂടെ, മനനത്തിലൂടെയാണ് ഒരാൾ സ്വയം രൂപപ്പെടുത്തുന്നത്. ഉഴവുചാലിൽ നിന്ന് ഒരു സാത്വികൻ എടുത്തുവളർത്തിയവൾക്ക് എവിടെനിന്നു വന്നു ഈ ദുഃഖങ്ങൾ? അതെന്തും ആകട്ടെ, പച്ചപ്പും നീരൊഴുക്കുകളും നിറഞ്ഞ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയ്ക്ക് എന്റെ പ്രണാമം. ■

*സമകാലിക മലയാള കവിതയിലെ ശ്രദ്ധേയ സാന്നിധ്യമാണ് ലേഖിക*

സാഹിത്യം

■ രാജ്മോഹൻ കൂവളശ്ശേരി

**എൺപതു വയസ്സ് പിന്നിട്ട യൂസഫലി കേച്ചേരിയുടെ കാവ്യജീവിതത്തെക്കുറിച്ച്**

# കാവ്യ കൃപാസാഗരം...

എല്ലാ നല്ല കവിയും ദാർശനികനാണെന്ന് ആംഗലകവിയും വിമർശകനുമായ കോൾറിഡ്ജ്. ഋഷിയല്ലാത്തവൻ കവിയല്ല എന്ന ഭാരതീയ സാഹിത്യചിന്ത. രാമായണ ഭാരതാദിപുരാണങ്ങളുടെയും വേദോപനിഷത്തുകളുടെയും സംസ്കാരവും സൗന്ദര്യബോധവും കവനകലയിൽ സന്നിവേശിപ്പിച്ച നമ്മുടെ കവികൾ ഈ കണ്ടെത്തലിന് അടിവരചാർത്തുകയാണ്. ആ സാഹിത്യപാരമ്പര്യത്തിന്റെ മുളകളെ വിച്ഛേദിക്കാതെ പഴയചില നിനവുകളിൽത്തന്നെയാണ് കവിത അങ്കുരിക്കുന്നതെന്ന് വിശ്വസിക്കുന്ന കവികളിൽ ഒരാളാണ് യൂസഫലി കേച്ചേരി. കവിതയും ഗാനവും രണ്ടു കൈവഴികളായി ഒഴുകി സംഗമിച്ച് ഒരു മഹാപ്രവാഹമായി മാറുകയാണ് യൂസഫലിയുടെ സാഹിതീസപര്യയിൽ.

സ്വന്തം ഗ്രാമത്തിലെ കേച്ചേരിപ്പുഴയുടെ നിസ്തര പ്രവേഗവും കുളിർമയും നിത്യചാരുതയും ആ തീരത്തു കളിച്ചുവളർന്ന ബാലനെ കവിയാക്കുന്നതിൽ കാര്യമായ പങ്കുവഹിച്ചു. ഭാഷയുടെ സൗന്ദര്യാത്മകത നിലനിർത്തിക്കൊണ്ട് സാമൂഹികമാറ്റത്തിന് പ്രേരണ നൽകിയ കവികളുടെ പാതയിലാണ് യൂസഫലി. ജനിച്ചത് മുസ്ലിം കുടുംബത്തിലാണെങ്കിലും അദ്ദേഹത്തിന്റെ കാവ്യപാരമ്പര്യം ഭാരതീയകാവ്യശാസ്ത്രത്തിന്റേതാണ്. ഉപനിഷദ് സൂക്തങ്ങളും വേദപുരാണങ്ങളും പഠിച്ച് അതിൽനിന്ന് ഉരുത്തിരിഞ്ഞ സംസ്കാരവും സൗന്ദര്യബോധവും യൂസഫലിയെ മറ്റു സമകാലിക കവികളിൽ നിന്ന് വ്യതിരിക്തനാക്കുന്നു.

ദ്രാവിഡ-സംസ്കൃത താളങ്ങളുടെ സമഞ്ജസമായ ചേരുവയാണ് യൂസഫലിക്കവിതകൾ. പൂന്തേനൊഴുകുന്ന കാവ്യങ്ങൾ മലയാളത്തിനു നിവേദിച്ച പൂന്താനത്തിന്റെയും 'അംഗരാഗഘനസൗരഭമാർന്ന' മേൽപ്പത്തൂരിന്റെയും മിത്രമാണ് ആ കാവ്യശൈലി എന്ന് തോന്നാറുണ്ട്.

"ഒഴുകുന്നു മന്ദമെൻ ഗ്രാമത്തിലിപ്പോഴും
പുഴയെന്നുപേരുള്ളൊരോമനത്തം
ഒരു കൊച്ചുനീരൊഴുക്കാണതെന്നാലേറെ
പ്പെരുതാണു ശീതോപചാരശീലം"

എന്ന് അതിമനോഹരമായി മലയാളമഞ്ജരിത്താളത്തിലും

"ചിത്രംവിചിത്രചൈത്രാചാരുഫലകം
വ്യോമം; ലസമുഗ്ദ്ധന-
ക്ഷത്രം ഗൂഢസുരാക്ഷരം, സുകൃതികൾ
ക്കദ്ധ്യാത്മവിദ്യാസ്പദം
പത്രം രണ്ടുമൊതുക്കി, ഭൂവിലിളയേ-
റ്റിടുന്നു രാപക്ഷി, മൃൽ
സത്രം വിട്ടുപറക്കുവാൻ ഹൃദയമേ
നീ ജാഗരം കൊൾവിനോ..?"

എന്ന് ശാർദൂലവിക്രീഡിതത്തിലും അനർഗളമായി ഒഴുകുകയാണ് ആ കവിതാനിർഝരി. ആശാന്റെ കാവ്യകലയെ വർണിക്കുന്ന യൂസഫലി വൈലോപ്പിള്ളി, കക്കാട്, അക്കിത്തം, എൻ.വി., വയലാർ, കെ. ബലകൃഷ്ണൻ, യേശുദാസ്, മുഹമ്മദ്റാഫി തുടങ്ങി നിരവധി വ്യക്തികളെക്കുറിച്ച് ആകർഷകമായ കവിതകളെഴുതിയിട്ടുണ്ട്. കവിയുടെ ഭാഷാഭിമാനം വിളിച്ചോതുന്ന കവിതകളിലൊന്നാണ് 'മലയാളപ്പിഴ'



"തുഞ്ചന്റെ കിളിപ്പെണ്ണിൻ
നാവറുത്തധികാര
ത്തുഞ്ചത്തുകൊടിനാട്ടും
ജനനേതാക്കന്മാരേ
തൊഴുകൈയുമായമ്മ
കൈരളിചോദിപ്പൂ ഞാൻ
പിഴയെൻ മൊഴിക്കിനി
യെത്രനാളൊടുക്കണം"

കവിയുടെ ഈ ചോദ്യം ഏതൊരു മലയാളിയുടെയും മനസ്സിനെ നൊമ്പരപ്പെടുത്താതിരിക്കില്ല.

ഭാവുകത്വം കൊണ്ട് മലയാളസാഹിതിയെ സമ്പന്നമാക്കിയ അനുഗൃഹീത കവിയാണ് യൂസഫലികേച്ചേരി. ഇമ്പമേറിയതും അർഥപുഷ്കലവു

മായ ഗാനങ്ങൾകൊണ്ട് മലയാളചലച്ചിത്രത്തെയും ധന്യമാക്കിത്തീർത്തു ആ ഭാവന. സംസ്കൃതഭാഷാസ്വാധീനവും ഭാരതസംസ്കാരത്തോടുള്ള ആദരവും കവിയുടെ രചനകളിലെല്ലാം നിറഞ്ഞുനിൽക്കുന്നു.

## ഇശൽതേൻകണം നുകർന്ന ബാല്യം

മാപ്പിളപ്പാട്ടുകൾ ഓളംവെട്ടിയിരുന്ന നാട്ടിൻപുറവും 'മാലകളും ബൈത്തു'കളും നീർച്ചപ്പാട്ടുകളും നിറഞ്ഞുനിന്ന ഗൃഹാന്തരീക്ഷവും യൂസഫലിയുടെ ബാലമനസ്സിനെ ഒരു പാട്ടുപെട്ടിയാക്കി. സ്വയം ഉണ്ടാക്കിയ മാപ്പിളപ്പാട്ടുകൾ നാട്ടിലെങ്ങും പാടിനടന്നു ആ കുട്ടി. 'നിന്റെ പാട്ടിന് നല്ലതാണ്' എന്നു പറഞ്ഞ് കുട്ടിയെ സംസ്കൃതപഠനത്തിലേക്ക് തിരിച്ചുവിട്ട ഭരതപ്പിഷാരടിയോടുള്ള കടപ്പാട് ചെറുതല്ല. പിന്നെ സംസ്കൃതത്തിന്റെ ഉപരിപാഠങ്ങൾ പഠിച്ചു കഴിഞ്ഞപ്പോൾ മാപ്പിളപ്പാട്ടുകളല്ലാതെയും കവിതയ്ക്കു കൈവഴികളുണ്ടെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. എന്നാൽ കവിതയുടെ മുഖ്യധാരയിൽ മുങ്ങുമ്പോഴും മാപ്പിളപ്പാട്ടിന്റെ 'കമ്പിയും കഴുത്തും' മൊഞ്ചും വേർപെട്ടുപോകാതെ നിന്നു. അക്ഷരശ്ലോകസദസ്സുകളിൽ പങ്കെടുക്കാൻ വേണ്ടി കവിത്രയങ്ങളുടെ കവിതകളും കാണാപ്പാഠമാക്കി. ആ ശ്ലോകക്കമ്പം യൂസഫലിയിലെ കവിക്കും ഗാനരചയിതാവിനും തുണയായി. 1954 ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രതിനിധീകരിച്ച 'കൃതാർഥൻ ഞാൻ' എന്ന ഗീതകമാണ് കേച്ചേരിയുടേതായി ആദ്യം അച്ചടിച്ചുവന്നത്.

മാപ്പിളപ്പാട്ടെഴുത്തുകാരനായ പിതാമഹന്റെ കാല്പാടുകൾ പിന്തുടരാൻ വെമ്പിയ കവിമനസ്സ് ആ പാട്ടുകൾ കേട്ട് കോരിത്തരിച്ചു. വല്ല്യുപ്പ അല്ലാഹുവിനെക്കുറിച്ചെഴുതിയ വരികൾ മുതിർന്നതിനു ശേഷവും യൂസഫലിയെ അധ്യാത്മസങ്കീർണതയിൽ നിന്ന് പരബ്രഹ്മത്തോടടുപ്പിച്ചു. 'അവാങ്മാനസഗോചരം' എന്ന ഉപനിഷദ്തത്വം കൂടുതൽ മനസ്സിലാക്കി.

ഏരംകുളം അഹമ്മദ് വൈദ്യർ എന്ന മാപ്പിളപ്പാട്ടെഴുത്തുകാരന്റെ മകൻ നജ്മക്കുട്ടിയുടെ മകനായിട്ടാണ് യൂസഫലി ജനിച്ചത്. കുഞ്ഞുനാളിൽ തൊട്ടിലാട്ടിയുറക്കാൻ ഉമ്മ ആലപിച്ച മാപ്പിളപ്പാട്ടുകൾ യൂസഫലിയെ സ്വാധീനിച്ചു. പിന്നെ ബാല്യത്തിൽ മാതാമഹന്റെ ചികിത്സാഗ്രന്ഥങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ കിട്ടിയ ഒട്ടേറെ അറിവുകൾ സംസ്കൃതത്തോടും മലയാളത്തോടുമുള്ള അഭിനിവേശം വളർത്തി. കേച്ചേരി ഗ്രാമോദ്ധാരണ ഗ്രന്ഥശാലയിലൂടെ വായനയുടെ വിശാലലോകത്തേക്ക് പ്രവേശിക്കാനും അതിലൂടെ വിപുലമായ പദസ്വാധീനം ആർജിക്കാനും കഴിഞ്ഞു.

അമ്മ കവിക്ക് എല്ലാറ്റിലും വലുതായിരുന്നു. അറിവിന്റെ അക്ഷരവും വിശപ്പിന് അന്നവും വാത്സല്യവും മാപ്പിളപ്പാട്ടിന്റെ ഈണവും എല്ലാമെല്ലാം. 'സ്തന്യബ്രഹ്മ'ത്തിൽ അമ്മയെ സ്മരിച്ചുകൊണ്ട് ഇങ്ങനെ എഴുതി:

'എന്തൊരു നിസ്വാർഥത
എന്തൊരു തിതിക്ഷ,യി-
തെന്തൊരു വദാന്യത,
ജനനീ, ജയിക്കനീ'

മാതൃഭക്തിയും ഗുരുഭക്തിയും കൃഷ്ണഭക്തിയും ഒരേ ഭക്തിസ്വരൂപത്തിൽ നിന്ന് വേറിട്ടൊഴുകുന്ന നീർചാലുകളാണ് യൂസഫലിക്ക്. പ്രേമവും ഇതിൽ നിന്ന് വ്യത്യസ്തമല്ല. ആശാന്റെ സ്നേഹമന്ത്രവും യൂസഫലിക്കവിതയിൽ അന്തര്യാമിയാകുന്നു. പൂന്താനവും എഴുത്തച്ഛനും മേൽപ്പത്തൂരും കേച്ചേരിക്കവിതയിൽ പുനർജനിക്കുന്നത് അനുവാചകന് കാണാനാകും. ആധ്യാത്മികതയ്ക്ക് ഇടമില്ലാത്ത ഒന്നും തന്നെ ഇവിടെയില്ലെന്ന് വിശ്വസിക്കുന്ന കവിയാണ് യൂസഫലി. സാഹിത്യത്തിലെന്നപോലെ രാഷ്ട്രീയത്തിലും ആധ്യാത്മികതയുണ്ട്. മനുഷ്യൻ ദ്രവ്യം മാത്രമല്ല ആത്മാവും കൂടിയാണ്. അതുകൊണ്ട് ആത്മാവിനെ കേന്ദ്രീകരിച്ചുള്ള ചിന്തകൾക്ക് വളരെ പ്രാധാന്യമുണ്ട്. ജീവിതത്തിന്റെ ഹ്രസ്വതയും സന്ദിഗ്ധതയും നമ്മെ എപ്പോഴും അലട്ടിക്കൊണ്ടിരിക്കുന്നു. ആരാണ് ഈ പ്രപഞ്ചമുണ്ടാക്കിയത്? എങ്ങനെയാണുണ്ടായത്? നമ്മൾ ഒറ്റയ്ക്കാണോ അല്ലയോ? എന്നിങ്ങനെയുള്ള സന്ദിഗ്ധതകൾക്ക് അറബിയിൽ 'ഉലൂഹിയത്ത്' എന്നു പറയുന്നു. ഉലൂഹിയത്തിൽ നിന്നുള്ള മോചനമാണ് ഇലാഹ്. ഇതിൽ നിന്നാണ് 'അല്ലാഹ്' എന്ന വാക്കുണ്ടായത്. ഈ വിജ്ഞാനവിശാലതയാണ് യൂസഫലിയുടെ കാവ്യജ്യോതിസ്സായി വർത്തിക്കുന്ന അധ്യാത്മ ചൈതന്യം.

സ്വകാര്യ ദുഃഖങ്ങളും സ്വപ്നങ്ങളും പ്രതീക്ഷകളും ചരാചരങ്ങളും കാടും നാടും ഭാഷയുടെ വിനാശവും ഒക്കെ ഈ കവിക്ക് വിഷയങ്ങളാകുന്നു. അവിടെയെല്ലാം ശാശ്വതസ്നേഹത്തിന്റെ, സത്യത്തിന്റെ, ഉണ്മയുടെ പരമാത്മ ചൈതന്യത്തിന്റെ വെള്ളിവെളിച്ചം കാണിച്ചുതരാൻ അദ്ദേഹത്തിന് കഴിയുന്നുമുണ്ട്.

## പാട്ടിലെ അന്തരംഗവിശുദ്ധി

ഇന്ന് ജീവിച്ചിരിക്കുന്നവരിലേറെയും യൂസഫലിയുടെ കവിത വായിക്കുന്നതിനു മുമ്പുതന്നെ അദ്ദേഹത്തിന്റെ ഗാനങ്ങൾ കേട്ടവരാണ്. വ്യക്തിബന്ധം കവിയിൽ പരിണാമവും പരിവർത്തനവും ഉണ്ടാക്കിയിട്ടുണ്ട്. എവിടേക്കാണ് പോകുന്നതെന്ന ചോദ്യത്തിന് മറുപടിയായി

'ഇതാഇതാ ഇവിടെ വരെ
ഈ യുഗസംക്രമസന്ധ്യവരെ
പരിവർത്തനത്തിന്റെ പാതവരെ
പരിണാമസാഗര സീമവരെ' എന്നാണ് പറഞ്ഞത്.

'പേരറിയാത്തൊരു നൊമ്പരത്തെ പ്രേമമെന്നാരോ വിളിച്ചു' എന്നു തുടങ്ങുന്ന ഗാനം പ്രണയത്തിന്റെ സമസ്തഭാവങ്ങളെയും ആവാഹിച്ചെടുക്കുന്നു. ആസ്വാദകന്റെ അനുഭവമായി മാറുകയാണ് ആ നൊമ്പരം. പ്രണയത്തെ ഇത്ര ശക്തമായും ലളിതമായും നിർവചിച്ച മറ്റൊരു ഗാനം മലയാള സിനിമയിലുണ്ടോ! അതുപോലെ പ്രണയവിഷാദവും വിരഹവും യൂസഫലിയുടെ ഗാനങ്ങളിൽ ആവിഷ്കൃതമാവുന്നു.

വാർമുകിലേ വാനിൽ നീ വന്നു നിന്നാ-
ലോർമകളിൽ ശ്യാമവർണൻ..
കളിയാടിനിൽക്കും കദനംനിറയും
യമുനാനദിയായ് മിഴിനീർ വഴിയും...

എന്ന ഗാനത്തിൽ നിറഞ്ഞുനിൽക്കുന്ന വിരഹത്തിന്റെ നനവ് ആസ്വാദകരുടെ ഹൃദയങ്ങളെ ആർദ്രമാക്കുന്നു. പ്രണയഭംഗത്തിന്റെ വിഷാദച്ഛായയുള്ള ഒട്ടേറെ ഗാനങ്ങൾ യൂസഫലിയുടെ തൂലികയിൽ നിന്ന് മലയാളസിനിമയ്ക്കു ലഭിച്ചു.

ഭക്തിയും തത്ത്വചിന്തയുമൊക്കെ കേച്ചേരിയുടെ തൂലികയ്ക്കു വഴങ്ങുന്നതാണെന്ന് എത്രയോവട്ടം തെളിയിച്ചു. ഇഷ്ടദേവനായ കൃഷ്ണന്റെ സന്നിധിയിലെത്തി ഗാനങ്ങളിലൂടെ അർച്ച നടത്തുന്നുമുണ്ട് ഇദ്ദേഹം. ഭക്തിപാരമ്യത്തിന്റെ നിർവൃതിപകരുന്ന ഒട്ടേറെ ഗാനങ്ങൾ ആ ആസ്തികഭാവന നമുക്ക് സമ്മാനിച്ചു.

'ജാനകീ ജാനേ...' എന്നു തുടങ്ങുന്ന സംസ്കൃത രാമഭക്തിഗാനം ഏറെ ശ്രദ്ധേയമായി. താളത്തിന്റെ ചിട്ടയോടൊപ്പം പാട്ടിലെ പ്രാസദീക്ഷയിലും ശ്രദ്ധാലുവാണ് യൂസഫലി. അന്ത്യാക്ഷരിപ്രാസത്തിന്റെ കാര്യത്തിൽ ഒരു നിർബന്ധബുദ്ധിയുള്ളതായി തോന്നും.

എഴുതിയതാരാണു സുജാത... നിന്റെ
കടമിഴിക്കോണിലെ കവിത
കവിയവനിരിപ്പുണ്ടെൻ കരളിൽ... എന്റെ
അനുരാഗപ്പൂമുല്ലത്തറയിൽ... (ചിത്രം: ഉദ്യോഗസ്ഥ)

ആൺകുയിലേ, തേൻകുയിലേ...
നിന്റെ സ്വരം കേട്ടണയും
പെൺകിളിയെ പേലലേ... (ധ്വനി)
മൊഞ്ചത്തിപ്പെണ്ണേ നിൻ ചുണ്ട്.. നല്ല
ചുവന്നതാമരച്ചെണ്ട്
പറന്നുവന്ന വണ്ട്.. അതിൽ
മധുവും കാത്തിരിപ്പുണ്ട്... (മരം)

അന്തപ്രാസത്തിന്റെ ആപാദമധുരിമ തുളുമ്പുന്ന യൂസഫലി ഗാനങ്ങൾ ഇനിയുമൊട്ടേറെയുണ്ട്. കാൽപ്പനികലാവണ്യം ആണല്ലോ ചലച്ചിത്രഗാനങ്ങളുടെ പൊതുസ്വഭാവം. ഈണത്തിനൊത്ത് പദങ്ങൾ നിരത്തി അല്പായുസ്സുകളായ ഗാനങ്ങൾ സൃഷ്ടിക്കുന്ന നമ്മുടെ പല പാട്ടെഴുത്തുകാർക്കും ഒരപവാദമാണ് ഈ കവി. ഒരു പാട്ട് അതിന്റെ അന്തരംഗവിശുദ്ധിയോടെ കേൾവിക്കാരനിലെത്തണമെന്നാണ് ഇദ്ദേഹത്തിന്റെ അഭിലാഷം. അതുകൊണ്ടുതന്നെ നിരർഥം, അപാർഥം, ദൂരാന്വയം തുടങ്ങിയ രചനാദോഷങ്ങൾ യൂസഫലിയുടെ പാട്ടുകളിൽ കാണുകയില്ല.

'എന്നിലുറങ്ങുന്ന ഞാനെന്ന പൊരുളിനെ പുറമേതേടുന്നു ഞാൻ' എന്നു പാടിയ കവിയുടെ ഭാവനയിൽ 'ഇദംനമമ' എന്ന തത്വവാക്യവും നിറഞ്ഞുനിൽക്കുന്നു. ആ അറിവുമായി എൺപതുവയസ്സുപിന്നിട്ടു യൂസഫലി കേച്ചേരി. കവിതയുടെ ഛന്ദസ്സും ഗാനത്തിന്റെ ചന്തവുമായ യൂസഫലി അശീതി (80 ാം പിറന്നാൾ) ആഘോഷിച്ചുകഴിഞ്ഞ വേളയിൽ ആ കവനവൈഭവത്തിന് ഒരു എളിയ കാവ്യാസ്വാദകന്റെ മംഗളാശംസകൾ. ■

■ കാട്ടൂർ നാരായണപിള്ള

# രൂപങ്ങളിലെ ധ്യാനാത്മക വിശുദ്ധി

**ഭാരതീയ പരമ്പരാഗത കലാവഴികളെപ്പറ്റിയുള്ള അന്വേഷണവുമായി ബന്ധപ്പെടുത്തിയാണ് കെ.വി. ഹരിദാസൻ തന്റെ ചിത്രകലാശൈലി രൂപപ്പെടുത്തിയത്.**

ഭാരതത്തിലെ നവീന താന്ത്രിക ചിത്രകലയുടെ ഉപജ്ഞാതാവായി അറിയപ്പെട്ട പ്രശസ്ത ചിത്രകാരൻ കെ. വി. ഹരിദാസൻ 2014 ഒക്ടോബർ 26 ന് 77 ാം വയസ്സിൽ അന്തരിച്ചത് ചിത്രകലാലോകത്തിന് തീരാനഷ്ടമായി. തിരുവനന്തപുരം കോളേജ് ഓഫ് ഫൈൻ ആർട്സിലെ പെയ്ന്റിങ് വിഭാഗത്തിലെ പ്രൊഫസറായും തുടർന്ന് പ്രിൻസിപ്പലായും ഔദ്യോഗിക സ്ഥാനത്തുനിന്നും വിരമിച്ച് മദിരാശിയിൽ ചോളമണ്ഡലം ആർട്ടിസ്റ്റ് വില്ലേജിലെ സ്വന്തം വീട്ടിൽ താമസിച്ചുവരവെ അസുഖബാധയെത്തുടർന്ന് അന്തരിക്കുകയായിരുന്നു.

ഇന്ത്യയിലെ പ്രമുഖ ചിത്രകാരന്മാരുടെ നിരയിൽ മുഖ്യസ്ഥാനത്തു ശോഭിച്ചിരുന്ന കെ.വി. ഹരിദാസൻ കണ്ണൂർ കല്യാശേരിക്കടുത്ത് കീച്ചേരി സ്വദേശിയാണ്. 1937 ൽ ജനനം, അച്ഛൻ നാരായണമേനോനും അമ്മ മാധവിയമ്മയുമായിരുന്നു. തലശ്ശേരി പി. ഇ.എം.പി. ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി ബ്രണ്ണൻ കോളേജിൽ നിന്ന് ഇന്റർമീഡിയേറ്റും 1958 ൽ മദിരാശി യൂണിവേഴ്സിറ്റിയിൽ നിന്ന് സൈക്കോളജിയിൽ ബിരുദവും നേടിയ ശേഷം മദിരാശി കോളേജ് ഓഫ് ആർട്സ് ആൻഡ് ക്രാഫ്റ്റ്സിൽ ചേർന്ന് ചിത്രകലയിൽ പഠനം പൂർത്തിയാക്കി. കെ.സി.എസ്. പണിക്കരുടെ ശിഷ്യന്മാരിൽ പ്രധാനിയായിരുന്നു. അവിടെ പഠനം പൂർത്തിയാക്കിയശേഷം രണ്ടു വർഷത്തോളം ഭാരതത്തിലെ വിവിധ കലാകേന്ദ്രങ്ങളിൽ സന്ദർശനം നടത്തുന്ന സഞ്ചാരികൾക്ക് സഹായകമായ ഗൈഡായി പ്രവർത്തിച്ചു. അക്കാലത്ത് മഹാബലിപുരം, അജന്ത, എല്ലോറ, ഹമ്പി, ബേലൂർ, ഹലേബേസ്, വിവിധ മ്യൂസിയങ്ങൾ എന്നിവയിലെ കലാവസ്തുക്കളെക്കുറിച്ച് പഠനം തുടരാൻ കഴിഞ്ഞു. ഇത് കലാവിഷ്കാരത്തിന് വളരെ സഹായിച്ചു. പരമ്പരാഗത പഠനങ്ങളെല്ലാം തന്നെ ഹരിദാസന് ഇഷ്ടാവസരങ്ങളാകുകയായിരുന്നു. കെ.സി.എസ്. പണിക്കരുടെ നേതൃത്വത്തിൽ മദിരാശിയിൽ ചോളമണ്ഡലം ആർട്ടിസ്റ്റിക് വില്ലേജ് സ്ഥാപിക്കുന്നതിന് മറ്റ് മലയാളി കലാകാരന്മാരോടൊപ്പം പരിശ്രമിച്ചു. തുടർന്ന് അവിടെത്തന്നെ താമസിച്ച് കലാസേവനം നടത്തുന്നതിന് ഹരിദാസന് അവസരം ഒരുങ്ങി.



കെ.വി. ഹരിദാസൻ


പിന്നീട് തിരുവനന്തപുരം കോളേജ് ഓഫ് ഫൈൻ ആർട്സിൽ ചിത്രകലാവിഭാഗം അധ്യാപകനായി 1981 മുതൽ 1992 വരെ പതിനൊന്നു വർഷം തിരുവനന്തപുരം കോളേജ് ഓഫ് ഫൈൻ ആർട്സിൽ പ്രൊഫസറായും അവസാന മൂന്നു വർഷം പ്രിൻസിപ്പലുമായിരുന്നു.

ഭാരതീയ പാരമ്പര്യവഴികളെപ്പറ്റിയുള്ള അന്വേഷണവുമായി ബന്ധപ്പെടുത്തിയാണ് കെ.വി. ഹരിദാസൻ തന്റെ ചിത്രകലാശൈലി രൂപപ്പെടുത്തിയത്. ഭാരത ചിത്ര-ശില്പകലകളുടെ ഉദാത്തമായ ചൈതന്യം അടങ്ങിയിരിക്കുന്നത് പഴയകാല കലാരൂപങ്ങളിലാണെന്ന് ഉറച്ചു വിശ്വസിച്ചിരുന്ന ഹരിദാസൻ അതുകൊണ്ടുതന്നെയാവാം ഭാരതത്തിലങ്ങോളമിങ്ങോളം സഞ്ചരിക്കുവാൻ ഏറെ ഇഷ്ടപ്പെട്ടിരുന്നതും ഗൈഡായിപോലും പ്രവർത്തിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നതും. പൗരസ്ത്യ ജീവിത കല്പിതമായ താന്ത്രികവിധികളെ ഹരിദാസൻ തന്റെ പഠനങ്ങളിലൂടെ ആഴത്തിലറിയാൻ ശ്രമിച്ചു. താന്ത്രിക വിധികളിലെ ജൈവവും, അനുഷ്ഠാനപരവും ആത്മീയവും താത്വികപരവുമായ സവിശേഷതകളെയറിഞ്ഞ് യോഗ, ധ്യാനം പോലെയുള്ള ജീവിതചര്യകൾ അവലംബിക്കാനും ഹരിദാസൻ ഉത്സുകനായി സമയം ചെലവഴിച്ചിരുന്നു. ഈ പശ്ചാത്തലത്തിൽ താന്ത്രികവിധികളെ ദൃശ്യവത്കരിച്ചുകൊണ്ട് ആചാര്യന്മാർ പണ്ട് രൂപപ്പെടുത്തിയിരുന്ന പ്രതീക-ബിംബങ്ങൾ തന്റെ ചിത്രകലയുടെ ഉൾപ്പുളകമായി സംവേദിപ്പിക്കുവാൻ ഹരിദാസൻ തന്റെ പ്രതിഭാവിലാസം തുറന്നുവെക്കുയായിരുന്നു. ഇത്തരത്തിലെ കല്പിത ബിംബങ്ങളിൽ പ്രകൃതിയേയും ജീവജാലങ്ങളെയും മനുഷ്യരെയും സർവോപരി പ്രപഞ്ചത്തെയും പ്രതിബിംബിക്കുവാൻ പോലകാല ആചാര്യന്മാർക്ക് കഴിഞ്ഞിട്ടുണ്ടെന്നുതന്നെ വിശ്വസിച്ചുതന്നെയാകണം ഹരിദാസന് തന്റെ നവീന-താന്ത്രിക ചിത്രകലാ പ്രസ്ഥാനം ആവിഷ്കരിക്കുവാനായത്. അവയിൽ നിന്നു കിട്ടിയ പ്രതീകാത്മ രൂപങ്ങളായ വൃത്തം, ചതുരങ്ങൾ, ത്രികോണങ്ങൾ, ചന്ദ്രക്കലകൾ, ബിന്ദുക്കൾ, ചക്രങ്ങൾ, അഗ്നിരൂപങ്ങ്ൾ, ജല-സസ്യ രൂപങ്ങൾ, താമര പോലെയുള്ള പുഷ്പങ്ങൾ, മനുഷ്യാകാരങ്ങൾ, ധ്യാനകല്പിത-മാനസചക്രങ്ങൾ തുടങ്ങിയവയെ തന്റെ ചിത്രകലാദർശനാനുസൃതമായ രൂപാകാരണങ്ങിലൂടെയും വർണ-രേഖകളിലൂടെയും വൈവിധ്യമാർന്ന തനതു ചിത്രപരമ്പരയെ നവീന-താന്ത്രിക ശൈലിയിലൂടെ ഹരിദാസൻ വരച്ചുപോന്നത്. ഹരിദാസൻ ഇത്തരം ചിത്രങ്ങളെ 'ബ്രഹ്മസൂത്ര', 'സൗന്ദര്യചക്ര', 'നിർവൃതിയന്ത്ര', 'അഗ്നി', 'പ്രപഞ്ചം' എന്നൊക്കെ പേരുകളിൽ അവയുടെ പരമ്പരകളായി ചരിത്രങ്ങളിലൂടെ അടയാളപ്പെടുത്തി.

2013 ൽ സംസ്ഥാനം ഹരിദാസന്റെ ചിത്രകലാസവിശേഷതകൾ മാനിച്ച് രാജാരവിവർമ പുരസ്കാരം നൽകി. കേരള, തമിഴ്നാട് ലളിതകലാ അക്കാദമികളുടെ പുരസ്കാരങ്ങളും കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ ഫെല്ലോഷിപ്പും ഹരിദാസന് ലഭിച്ചിട്ടുണ്ട്. വിവിധ പ്രദർശനങ്ങളിൽ ഹരിദാസന്റെ ചിത്രങ്ങൾ സ്ഥാനംപിടിച്ചു. ചിത്രകലയെ വിവരിക്കുന്നതിനുവേണ്ടി ഹരിദാസൻ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

അന്തർമുഖനായിരുന്നെങ്കിലും കലാവിഷയങ്ങളെക്കുറിച്ച് പറയേണ്ടയിടങ്ങളിൽ പരപ്പായ തന്റെ അറിവ് പ്രകടിപ്പിക്കുമായിരുന്നു. പൊതുവിൽ ആത്മീയാനുഭവങ്ങളായ മനോവികാരങ്ങളോടാണ് കൂടുതൽ താത്പര്യം ഹരിദാസൻ പുലർത്തിയിരുന്നത്. സംസ്കാര സമ്പന്നവും, മാന്യവുമായ ഒരു ജീവിതചര്യ അവലംബിച്ച് കെ.വി. ഹരിദാസൻ ജീവിത്തിലും കലയിലും സവിശേഷമായ വിശുദ്ധി പരിപാലിച്ച കലാകാരനാണ്. ■

ഹരിദാസന്റെ ചിത്രങ്ങൾ





■ അരവിന്ദ്

ജാലകം

# രോഗം കവരാത്ത പ്രണയം

**ഡിസംബർ ഒന്ന്, ലോക എയ്ഡ്സ് ദിനം**

അമ്മൂമ്മ സാലമ്മയുടെ അരികിൽ ദൂരേക്ക് നോക്കി വേദനയോടെ രണ്ടു കുരുന്നുകൾ ഇരിക്കുന്ന ചിത്രം ഇന്നും മനസിലുണ്ട്. അച്ഛനും അമ്മയും മരിച്ചതോടെ അമ്മൂമ്മയുടെ തണലിലായിരുന്നു പറക്കമുറ്റാത്ത




ഈ കുരുന്നുകൾ. കൊല്ലം ആദിച്ചനല്ലൂർ സ്വദേശികളായ ബെൻസിയും ബെൻസനും. രണ്ടു പേരും എച്ച്ഐവി ബാധിതർ. അക്ഷരങ്ങൾ ചൊല്ലി പഠിച്ച ക്ലാസ് മുറികളിൽനിന്നുപോലും അവർ ആട്ടിയിറക്കപ്പെട്ടു. നാലുവർഷങ്ങൾക്കു മുൻപ് മേയ്മാസം ബെൻസി യാത്രയായി. കാലം മാറി, എയ്ഡ്സ് രോഗികളോടുള്ള സമീപനം മാത്രം മാറിയില്ല. അവർ നൽകിയ ജീവിത പാഠങ്ങൾ പഠിക്കുന്നതിൽ സാംസ്കാരിക കേരളം പരാജയമായിരുന്നു.

**രാജ്യത്തെ എയ്ഡ്സ് മരണനിരക്ക് സംബന്ധിച്ച് നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ പുറത്തുവിട്ട 2010 മുതലുള്ള കണക്കുകളുടെ വെളിച്ചത്തിൽ തയാറാക്കിയ പ്രതിവർഷ ശരാശരി കണക്കാണിത്**

| | | | |
|---|---|---|---|
| ഇന്ത്യ – 1,47,729 | | കർണാടക | 13514 |
| ആന്ധ്രാപ്രദേശ് | 31346 | കേരളം | 1738 |
| അരുണാചൽ പ്രദേശ് | 42 | മഹാരാഷ്ട്ര | 23764 |
| അസം | 388 | മധ്യപ്രദേശ് | 3325 |
| ബീഹാർ | 9750 | മണിപ്പൂർ | 1905 |
| ചണ്ഡിഗഢ് | 102 | മേഘാലയ | 88 |
| ഛത്തീസ്ഗഢ് | 2458 | മിസോറം | 286 |
| ദാദ്രാ-നഗർ ഹവേലി | 17 | നാഗാലാൻഡ് | 581 |
| ദാമൻ-ദിയു | 15 | ഒഡിഷ | 6330 |
| ഡൽഹി | 432 | പുതുച്ചേരി | 24 |
| ഗോവ | 281 | പഞ്ചാബ് | 1104 |
| ഗുജറാത്ത് | 9511 | രാജസ്ഥാൻ | 5272 |
| ഹരിയാന | 1025 | സിക്കിം | 25 |
| ഹിമാചൽ പ്രദേശ് | 355 | തമിഴ്നാട് | 8581 |
| ജമ്മു-കശ്മീർ | 146 | ത്രിപുര | 279 |
| ആൻഡമാൻ-നിക്കോബാർ | | ഉത്തർപ്രദേശ് | 9435 |
| ദ്വീപുകൾ | 22 | ഉത്തരാഖണ്ഡ് | 328 |
| ഝാർഖണ്ഡ് | 1947 | പശ്ചിമ ബംഗാൾ | 13310 |

എന്നാൽ, ജീവിതത്തിൽ പ്രതീക്ഷകൾ നൽകുന്ന പച്ചത്തുരുത്തുകളുണ്ടെന്ന് തെളിയിക്കുകയാണു സൂറത്തിലെ ഒരു പ്രണയകഥ. ഫെയ്സ്ബുക്കിലെ ചാറ്റ്ബോക്സിൽ

# വീണ്ടും ചലിക്കുമോ ടൈപ്പ്റൈറ്ററുകൾ പാടുമോ റെക്കോഡുകൾ ?

ടൈപ്പ് റൈറ്ററുകളും റെക്കോർഡുകളും ഓർമയിൽ നിന്ന് മാഞ്ഞുതുടങ്ങിയ കാലഘട്ടത്തിലാണ് ഗൃഹാതുരത്വത്തിനു താത്കാലിക വിരാമമിട്ട് ചില സാങ്കേതിക വിദ്യകൾ തിരിച്ചുവരുന്നത്. എഴുത്തിലും സംഗീതത്തിലും ഫോട്ടോഗ്രാഫിയിലും ലോകം തള്ളിക്കളഞ്ഞ സാങ്കേതിക വിദ്യകൾ ഇന്നു വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങി. ശബ്ദത്തിന്റെ മികച്ച വ്യക്തതയും മേന്മയുമാണു റെക്കോഡുകളുടെ തിരിച്ചുവരവിനു വഴിയൊരുക്കിയത്.



സുരക്ഷ മുന്നിൽക്കണ്ടാണ് നയതന്ത്ര കാര്യാലയങ്ങളിലും ഉന്നത സർക്കാർ തലങ്ങളിലും ടൈപ്പ്റൈറ്റർ വീണ്ടും സ്ഥാനം പിടിച്ചത്. സൈബർ ലോകം ഒറ്റപ്പെട്ട് നിൽക്കുന്ന രഹസ്യങ്ങളുടെ തുരുത്തായി ഈ ഡിജിറ്റൽ യുഗത്തിലും മാറുന്നു. ഹാക്ക് ചെയ്യാനാവാത്ത സാങ്കേതിക വിദ്യയായതിനാൽ സർക്കാർ ഓഫീസുകളിൽ ടൈപ്പ്റൈറ്റർ ഉപയോഗിക്കാൻ നിർദേശിച്ചിരിക്കുകയാണ് ജർമൻ രാഷ്ട്രീയക്കാരനായ പാട്രിക് സെൻസ്ബർഗ്. ചാരഭീതിയിൽ റഷ്യ വിവരശേഖരം ടൈപ്പ്റൈറ്ററിലേക്ക് മാറ്റിയെന്നും വാർത്തകൾ. 2009 ൽ ന്യൂയോർക്ക് പൊലീസ് വകുപ്പ് ടൈപ്പ്റൈറ്ററുകൾക്കായി പത്തുലക്ഷം ഡോളറാണു ചെലവാക്കിയത്. മറ്റൊന്നിനും വേണ്ടിയല്ല രഹസ്യങ്ങൾ ചോരാതിരിക്കാൻ മാത്രം.



കണ്ട പച്ചവെളിച്ചം അവൾക്ക് പ്രതീക്ഷയുടെ തുരുത്തായിരുന്നു. ഇരുപത്തിയെട്ട് വയസ്സിനുള്ളിൽ ജീവിതം കഴിഞ്ഞുവെന്നാണ് അവൾ കരുതിയത്. എച്ച്.ഐ.വി. ബാധിച്ച ഭർത്താവ് മരിച്ചപ്പോൾ അധ്യാപികയായ അവൾക്ക് ഒരു തരം മരവിപ്പായിരുന്നു. അഞ്ചുവയസുകാരനായ മകന് കൂടി ആ രോഗമുണ്ടെന്നറിഞ്ഞപ്പോൾ ജീവിതം കൈവിട്ടതു പോലെ തോന്നി. ആഫ്രിക്കക്കാരിയായ മരിയ എന്ന വിധവയുടെ അസാധാരണ പ്രണയ കഥയുടെ തുടക്കമായിരുന്നു ഇത്. മരിയയുടെ പ്രണയകഥയുടെ ബാക്കിഭാഗം നടന്നത് ഇന്ത്യൻ നഗരമായ സൂറത്തിലാണ്.

പലചരക്ക് കട നടത്തുന്ന സാധരണക്കാരനായിരുന്നു മംഗേഷ്. കട പൂട്ടിയ ശേഷമുള്ള വിരസമാർന്ന രാവുകളിൽ ചാറ്റ് ബോക്സിൽ അഭയം കണ്ടെത്തിയ മംഗേഷിനു മരിയ കൂട്ടായി എത്തി. ആശ്വാസത്തിന്റെ കണ്ണീർത്തുള്ളികൾ കൊണ്ട് ഏകാന്തതയുടെ മരുഭൂവിൽ അവർ വേദനകൾ ഒപ്പി. രണ്ടുവർഷത്തിനു ശേഷം മംഗേഷ് വിവാഹം കഴിക്കാൻ താൽപ്പര്യമുണ്ടെന്ന് മരിയയോട് പറഞ്ഞു. അപ്പോഴാണ് സത്യാവസ്ഥ അവൾ വെളിപ്പെടുത്തിയത്. ഞെട്ടിപ്പോയ അയാൾ വിവാഹ അഭ്യർഥന പിൻവലിക്കാൻ തയാറായില്ല. ബന്ധുക്കളുടെ എതിർപ്പിനെ അവഗണിച്ച് അവർ വിവാഹിതരായി. കുറച്ചുമാസത്തിനു ശേഷം മരിയയുടെ മകനെയും ഇവിടേക്ക് കൊണ്ടുവന്നു. മറ്റു മാർഗങ്ങളിലൂടെ ഒരു കുട്ടിക്ക് വേണ്ടി ശ്രമിക്കുകയാണ് ദമ്പതിമാർ. എബോളക്കാലത്തെ എച്ച്ഐവി പ്രണയം എന്ന തലക്കെട്ടിൽ യാഗ്നേഷ് മെഹ്ത എഴുതിയ റിപ്പോർട്ടാണ് ഇത്. എയ്ഡ്സ് രോഗികൾക്ക് അയിത്തം പ്രഖ്യാപിക്കുന്ന നാട്ടിലാണ് ഇത്തരമൊരു ശുഭപ്രവൃത്തി.

കൂടുതൽ ജോലി ചെയ്യാൻ പ്രേരിപ്പിക്കും എന്ന നിഗമനത്തിൽ ലണ്ടനിലെ ടൈംസ് ഓഫീസിൽ ടൈപ്പ് ചെയ്യുന്ന ശബ്ദം ഇടവിട്ട് കേൾപ്പിക്കുമത്രെ. ഇതുമാത്രമല്ല, ഒരു ഓൺലൈൻ പോർട്ടൽ പോർട്ടബിൾ, ഡെസ്ക്ടോപ്പ് ടൈപ്പ്റൈറ്ററുകൾ വിൽക്കാനും തുടങ്ങിയിട്ടുണ്ട്.

കുറഞ്ഞ മേൻമയിൽ ചിത്രങ്ങളെടുക്കുന്ന ലോമോഗ്രാഫി പ്രസ്ഥാനമാണു പഴയ ക്യാമറകളുടെ മങ്ങിയ പ്രഭാവം മാറ്റുന്നത്. 92 ൽ വിയന്നാമിലെ ചില വിദ്യാർഥികൾ തുടങ്ങിയ പ്രസ്ഥാനം ഇപ്പോൾ ലോമോഗ്രാഫി ക്യാമറകൾ നിർമിച്ച് വിതരണം ചെയ്യുന്നു. അത്തരം ഫോട്ടോഗ്രാഫർമാരുടെ കൂട്ടായ്മ സൃഷ്ടിച്ചെടുക്കുകയും ചെയ്യുന്നു. ഇത്തരം മാഞ്ഞുപോയ സാങ്കേതിക വിദ്യകളുടെ തിരിച്ചുവരവ് പുരോഗമനപരമാണെന്നാണു അമേരിക്കൻ എഴുത്തുകാരനായ നിക്കോളാസ് ക്യാർ പറയുന്നത്.

# കാറുകൾ തിരിച്ചുപോകുമ്പോൾ

ഒരു നൂറു പരീക്ഷകൾ കഴിഞ്ഞാണ് യാത്രാമൊഴി ചൊല്ലി അവ നിരത്തുകളിലേക്കെത്തിയത്. പാതിവഴിയെത്തുമ്പോഴേക്കും അവയെല്ലാം നിർമിച്ച ഗ്യാരേജുകളിലേക്കു തന്നെ തിരിച്ചുവിളിക്കപ്പെട്ടിരിക്കുന്നു. ലോകത്തെ ഏറ്റവുമധികം വളർച്ചയുള്ള വാഹന ലോകത്തെ പുതിയ വാർത്തകളിൽ റീകോൾ ഒരു അപരിചിത വാക്കല്ല. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി പത്തിലധികം തവണയാണു വാഹന നിർമാതാക്കൾ വാഹനങ്ങൾ തിരിച്ചുവിളിക്കാൻ പ്രാപ്തമായ കാരണങ്ങളെക്കുറിച്ച് ഈ നയം അനുശാസിക്കുന്നുണ്ട്. നിയന്ത്രിക്കാനാവാത്ത നിലയിലേക്ക് റീകോളുകൾ പെരുകിയപ്പോൾ കേന്ദ്ര സർക്കാരും തീരുമാനിച്ചു, നയം രൂപീകരിക്കാൻ. അമേരിക്കയും ചൈനയും ജപ്പാനും പോലുള്ള മികച്ച വാഹന വിപണികളിൽ ഇത്തരം നയം നിലവിലുണ്ട്. ആ നിലയിലേക്ക് ഇന്ത്യൻ വാഹനവിപണിയെ ഉയർത്തുകയാണ് സർക്കാരിന്റെ ലക്ഷ്യം.



തങ്ങൾ നിർമ്മിച്ച വാഹനങ്ങൾ തിരിച്ചുവിളിച്ചത്. ഏറ്റവുമൊടുവിൽ രാജ്യത്തെ ഒരു പ്രമുഖ കാർ കമ്പനി കഴിഞ്ഞവാരം എഴുപതിനായിരം ഡീസൽ കാറുകളാണു പിൻവലിച്ചത്. ഒരുവർഷത്തിനിടെ ഇതു മൂന്നാം തവണയാണ് ഇത്തരമൊരു നടപടി. ലോകത്ത് നാലിലൊരു കാറുകൾ ഇത്തരത്തിൽ തിരിച്ച് ഗ്യാരേജിലെത്തുമ്പോഴാണ് പ്രശ്നത്തിന്റെ സങ്കീർണത പരിശോധിക്കേണ്ടത്.


എന്താണ് റീകോൾ?. എന്തിനാണ് റീകോൾ?. നിർമാണത്തിലെ പാകപ്പിഴവുകൾ പിന്നീട് കണ്ടെത്തുമ്പോൾ അതുപരിഹരിക്കാനാണു സാധാരണയായി വാഹന നിർമാതാക്കൾ റീകോൾ നടത്തുന്നത്. ഉദാഹരണത്തിന് കഴിഞ്ഞ വർഷം നവംബർ മുതൽ ഫെബ്രുവരി വരെയുള്ള കാലയളവിൽ ഒരുലക്ഷത്തിൽപ്പരം കാറുകളാണു ഏറ്റവും വലിയ കാർ നിർമാതാവ് തിരിച്ചുവിളിച്ചത്. ഫ്യുവൽ ഫിൽറ്ററിലെ തകരാറായിരുന്നു കാരണം. ലോകത്തെ ഏറ്റവും വലിയ വാഹന വിപണിയായ അമേരിക്കയിൽ ഓരോ അഞ്ചു വാഹനങ്ങളിലൊന്നിന് ഇത്തരത്തിലുള്ള തകരാറുണ്ടെന്നാണു കണ്ടെത്തിയത്.

റീകോൾ എന്നത് ഇന്ത്യൻവാഹന ലോകത്ത് പതിവുരീതിയായപ്പോഴാണ് വാഹന നിർമാതാക്കളുടെ സംഘടനയായ സൊസൈറ്റി ഓഫ് ഇന്ത്യൻ ഓട്ടോമൊബൈൽ മാനുഫാക്ചേഴ്സ് 2012 ജൂലൈയിൽ ഒരു താത്കാലിക നയത്തിനു രൂപം നൽകിയത്.

സുരക്ഷയെ മുൻ നിർത്തി നിലവാരമുള്ള ഉത്പന്നങ്ങൾ ഉപയോക്താക്കൾക്കു നൽകാൻ കമ്പനികൾക്കു ബാധ്യതയുണ്ട്. എന്നാൽ ഇതു പലപ്പോഴും ലംഘിക്കപ്പെടുന്നു. വിലയുടെ ഏറ്റക്കുറച്ചിലുകൾക്കിടക്ക് സുരക്ഷാ നിലവാരം അവർ ബോധപൂർവ്വം മറക്കുന്നു. ഉദാഹരണത്തിന് 1970കൾ മുതലാണ് എയർബാഗുകൾ കാറുകളിൽ ഘടിപ്പിച്ചു തുടങ്ങിയത്. എന്നാൽ ഇന്നു വരെ ഇന്ത്യയിലെ മിക്ക എൻട്രി ലെവൽ കാറുകൾക്കും ഇതില്ല. സീറ്റ്ബെൽറ്റിനു ശേഷമുള്ള ഏറ്റവും വലിയ കണ്ടുപിടുത്തമായിട്ടാണു സുരക്ഷാ വിദഗ്ധർ എയർബാഗുകളെ കാണുന്നത്. മുൻപു പാശ്ചാത്യരാജ്യങ്ങളിൽ മാത്രം കണ്ടുവന്നിരുന്ന റീകോളിന് ഇന്ത്യൻ കമ്പനികൾക്ക് നാണമായിരുന്നു. ഇന്നതല്ല സ്ഥിതി.

പലപ്പോഴും കമ്പനികൾ ഇത്തരം സുരക്ഷാവീഴ്ചകളെ പ്രതിരോധിക്കാനാണു ശ്രമിക്കാറ്. തെറ്റ് അംഗീകരിച്ച് അതു തിരുത്താൻ മുന്നോട്ടുവരിക പ്രയാസകരമാണ്. വാഹന വിപണിയിലെ രണ്ടാംതലമുറ രാജ്യമായ ഇന്ത്യയിലെ ഉപയോക്താക്കളുടെ മനസ്സാണ് അതിനു കാരണമെന്ന് വിദഗ്ധർ കരുതുന്നു. ഒരു വാഹനത്തിന് തകരാറ് എന്തെങ്കിലുമുണ്ടെങ്കിൽ ആ മോഡലിന്റെ വിൽപ്പന വൻതോതിൽ ഇടിയും. ഇതു ഭയന്നാണു കമ്പനികൾ സുരക്ഷാ വീഴ്ചകൾ മറച്ചുവയ്ക്കുന്നത്.

ജില്ലകളിലൂടെ



# നെഹ്റു സ്മരണയുണർത്തി ജില്ലകൾ

രാഷ്ട്രശിൽപ്പിയായ ജവഹർലാൽ നെഹ്രുവിനെ കുറിച്ചുള്ള സ്മരണകൾ ദേശീയപൈതൃകത്തിന്റെ ഭാഗമാണെന്ന് എക്സൈസ് - തുറമുഖ മന്ത്രി കെ. ബാബു. നെഹ്രുവിനെ കുറിച്ചുള്ള സ്മരണയും മൂല്യങ്ങളും അട്ടിമറിക്കാനുള്ള ശ്രമം സ്വാതന്ത്ര്യസമരത്തോടും സ്വതന്ത്ര ഭാരത സങ്കൽപ്പത്തോടുമുള്ള വെല്ലുവിളിയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ജവഹർലാൽ നെഹ്രു ശതോത്തര രജതജൂബിലി ആഘോഷത്തിന്റെയും ശിശുസൗഹൃദ പക്ഷാചരണത്തിന്റെയും എറണാകുളം ജില്ലാതല ഉദ്ഘാടനം അയ്യപ്പൻകാവ് എസ്.എൻ. ഹൈസ്കൂളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

മുതിർന്ന മാധ്യമപ്രവർത്തകൻ പി. രാജൻ മുഖ്യപ്രഭാഷണം നടത്തി. ലൂഡി ലൂയിസ് എം.എൽ.എ. അധ്യക്ഷത വഹിച്ചു. സ്കൂൾ മാനേജർ കെ.ജി. പ്രകാശൻ, പ്രിൻസിപ്പൽ സി. ഗിരിജ, പ്രധാനാധ്യാപിക ജെ. ബിന്ദു, ജില്ല ഇൻഫർമേഷൻ ഓഫീസർ ചന്ദ്രഹാസൻ വടുതല, അസിസ്റ്റന്റ് എഡിറ്റർ നിജാസ് ജ്യുവൽ എന്നിവർ പ്രസംഗിച്ചു.



**ജവഹർലാൽ നെഹ്രു ശതോത്തര രജതജൂബിലി ആഘോഷത്തിന്റെയും ശിശുസൗഹൃദ പക്ഷാചരണത്തിന്റെയും ജില്ലാതല ഉദ്ഘാടനം അയ്യപ്പൻകാവ് എസ്.എൻ ഹൈസ്ക്കൂളിൽ മന്ത്രി കെ. ബാബു നിർവഹിക്കുന്നു.**

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞങ്ങാട് നെഹ്രു ആർട്സ് ആൻഡ് സയൻസ് കോളേജിൽ നടന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്രു ശതോത്തര രജത ജൂബിലിയുടെ കാസർകോട് ജില്ലാതല ഉദ്ഘാടനം കാസർകോട് കേന്ദ്ര സർവകലാശാല വൈസ് ചാൻസിലർ ഡോ. ജി. ഗോപകുമാർ നിർവഹിച്ചു.

ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എ മുരളീധരൻ അധ്യക്ഷത വഹിച്ചു. 'നെഹ്രു എന്ന എഴുത്തുകാരൻ' എന്ന വിഷയത്തിൽ കേരള ഫോക് ലോർ അക്കാദമി ചെയർമാൻ പ്രൊഫ. മുഹമ്മദ് അഹമ്മദും നെഹ്രു എന്ന രാഷ്ട്രശില്പിയെക്കുറിച്ച് കണ്ണൂർ യൂണിവേഴ്സിറ്റി കാമ്പസ് കാസർകോട് ഡയറക്ടർ ഡോ. വി.പി. രാഘവനും പ്രഭാഷണം നടത്തി. ചടങ്ങിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ.ടി. ശേഖരൻ സ്വാഗതവും, നെഹ്രു സ്റ്റഡി സെന്റർ കോ-ഓർഡിനേറ്റർ കെ.ആർ. ഇന്ദുലേഖ നന്ദിയും പറഞ്ഞു.

പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച ചിത്രപ്രദർശനം വിദ്യാർഥികൾക്ക് കൗതുകമായി. നെഹ്രുവിന്റെ ജീവിതത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങളെ കോർത്തിണക്കിയ ചിത്രങ്ങളാണ് പ്രദർശനത്തെ മികവുറ്റതാക്കിയത്. നെഹ്രുവിന്റെ കുടുംബജീവിതം, സ്വതന്ത്ര്യസമരങ്ങളിലെ പോരാട്ടം, സ്വാതന്ത്ര്യം കിട്ടിയ ദിനത്തിലെ വിവിധ പത്രവാർത്തകൾ, നെഹ്രു വിവിധ വിദേശരാജ്യങ്ങളിലെ നേതാക്കന്മാരുമൊത്ത് എന്നീ വിഭാഗങ്ങളിലായാണ് ചിത്രങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.



**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞങ്ങാട് നെഹ്രു ആർട്സ് ആന്റ് സയൻസ് കോളേജിൽ നടന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്രു ശതോത്തര രജത ജൂബിലിയുടെ ജില്ലാതല ഉദ്ഘാടനം ഡോ. ജി. ഗോപകുമാർ നിർവഹിക്കുന്നു.**

# ദേശീയ മാധ്യമദിനം ആചരിച്ചു



**ദേശീയ മാധ്യമ ദിനാചരണത്തിന്റെ ഉദ്ഘാടനം പ്രസ് അക്കാദമിയിൽ മന്ത്രി കെ.സി. ജോസഫ് നിർവഹിക്കുന്നു.**

മാധ്യമസ്വാതന്ത്ര്യം ഉത്തരവാദിത്വപൂർണമാകുന്നതിന് പെരുമാറ്റച്ചട്ടം ആവശ്യമാണെന്നും ഇതേക്കുറിച്ച് മാധ്യമപ്രവർത്തകരും മാധ്യമസംഘടനകളും ചിന്തിക്കണമെന്നും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് മന്ത്രി കെ.സി. ജോസഫ്. ജനാധിപത്യത്തിലൂടെ കൈവരിക്കുന്ന പ്രവർത്തനസ്വാതന്ത്ര്യം മാധ്യമങ്ങൾ പ്രയോജനപ്പെടുത്തുന്നത് വേണ്ട വിധത്തിലാണോയെന്ന് ആത്മവിമർശനം നടത്തണമെന്നും അദ്ദേഹം പറഞ്ഞു. കേരള പ്രസ് അക്കാദമിയിൽ ദേശീയ മാധ്യമ ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് അച്ചടിമാധ്യമങ്ങളിൽ പരിശോധനയ്ക്കും വിലയിരുത്തലിനും ഇപ്പോഴും സംവിധാനമുണ്ട്. എന്നാൽ കേൾക്കുന്നതെന്തും വിളിച്ചുപറയുന്ന ദൃശ്യമാധ്യമങ്ങളുടെ ബ്രേക്കിങ് ന്യൂസ് സംസ്കാരത്തിൽ യാഥാർഥ്യങ്ങളും സത്യവും ക്രൂശിക്കപ്പെടുന്നു. വാർത്തകളുടെ വിശ്വാസ്യത പരിശോധിക്കാതെ ആദ്യം സ്ക്രീനിലെത്തിക്കാനുള്ള മത്സരം ജനാധിപത്യത്തിന് അനാരോഗ്യകരമാണ്. വാണിജ്യ താത്പര്യം മുൻനിർത്തിയുള്ള റേറ്റിങ്ങിൽ പിടിച്ചുനിൽക്കാനുള്ള മത്സരത്തിൽ സത്യം തമസ്കരിക്കരുതെന്ന് മന്ത്രി പറഞ്ഞു.

പ്രസ് അക്കാദമി വൈസ് ചെയർമാൻ കെ.സി. രാജഗോപാൽ അധ്യക്ഷത വഹിച്ചു. 'പൊതുകാര്യങ്ങളിലെ സുതാര്യത; മാധ്യമങ്ങളുടെ പങ്ക്' എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ സി.എൻ.എൻ. - ഐ.ബി.എൻ. മാനേജിങ് എഡിറ്റർ ആർ. രാധാകൃഷ്ണൻ, ദീപിക അസോസിയേറ്റ് എഡിറ്ററും ഡൽഹി ബ്യൂറോ ചീഫുമായ ജോർജ് കള്ളിവയലിൽ, അഡ്വ. ശിവൻ മഠത്തിൽ എന്നിവർ പങ്കെടുത്തു. പ്രസ് അക്കാദമി സെക്രട്ടറി എൻ.എസ്. അനിൽകുമാർ, അസിസ്റ്റന്റ് സെക്രട്ടറി എൻ.പി. സന്തോഷ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ചന്ദ്രഹാസൻ വടുതല എന്നിവർ പ്രസംഗിച്ചു.

പ്രസ് അക്കാദമി പ്രസിദ്ധീകരണമായ മീഡിയയുടെ ദേശീയ മാധ്യമദിനപ്പതിപ്പ് മന്ത്രി കെ.സി. ജോസഫ് പ്രകാശനം ചെയ്തു. അക്കാദമിയിൽ സജ്ജമാക്കിയ സ്മാർട്ട് ക്ലാസ് റൂം, റെക്കോർഡിങ് സ്റ്റുഡിയോ എന്നിവയുടെ ഉദ്ഘാടനവും വിവിധ മത്സരങ്ങളിൽ വിജയിച്ച വിദ്യാർഥികൾക്കുള്ള സമ്മാനദാനവും മന്ത്രി നിർവഹിച്ചു.


# സുതാര്യകേരളം തുണച്ചു;
# കുഞ്ഞികൃഷ്ണൻനായർക്ക് വീട് നൽകും


സുതാര്യകേരളം തുണയായി, കോട്ടൂർ സ്വദേശി കുഞ്ഞികൃഷ്ണൻ നായർക്ക് വീട് നിർമിച്ചു നൽകാൻ മുഖ്യമന്ത്രി കലക്ടർക്ക് നിർദേശം നൽകി. ഇതിനുപുറമെ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 25,000 രൂപ അടിയന്തര ചികിത്സാ ധനസഹായവും ആശ്വാസകിരണം പദ്ധതി വഴി പെൻഷനും അനുവദിച്ചിട്ടുണ്ട്. വീടില്ലാത്ത തനിക്ക് വീട് നിർമിച്ചു നൽകുന്നതിനും മനോരോഗിയായ മകളുടെ തുടർ ചികിത്സക്ക് ധനസഹായം ആവശ്യപ്പെട്ടുമാണ് കോട്ടൂർ പഞ്ചായത്തിലെ തട്ടാന്റെമീത്തൽ കുഞ്ഞികൃഷ്ണൻ നായർ സുതാര്യ കേരളത്തെ സമീപിച്ചത്.

ജന്മനാ മനോരോഗിയായ ഏകമകൾ 19 വയസ്സുകാരി സൂര്യകൃഷ്ണയുടെ ഇതുവരെയുള്ള ചികിത്സക്ക് ഒരു ലക്ഷത്തിലധികം രൂപ ചെലവായെന്നും തുടർ ചികിത്സ നടത്താൻ മറ്റു വരുമാനമാർഗമൊന്നുമില്ലാത്ത രോഗിയായ 66 വയസ്സ് പ്രായമുള്ള തനിക്ക് സാധിക്കുന്നില്ലെന്നും കാണിച്ചാണ് കുഞ്ഞികൃഷ്ണൻനായർ സുതാര്യകേരളം കോഴിക്കോട് സെല്ലിൽ അപേക്ഷ സമർപ്പിച്ചത്. മഴ പെയ്താൽ ചോർന്നൊലിക്കുന്ന അടച്ചുറപ്പില്ലാത്ത കൂരയിലാണ് താനും ഭാര്യയും മകളുമടങ്ങുന്ന കുടുംബം താമസിക്കുന്നതെന്നും പ്രായപൂർത്തിയായ മനോരോഗിയായ മകളോടൊപ്പം സുരക്ഷിതമായി അന്തിയുറങ്ങാൻ വീട് നിർമിച്ച് നൽകണമെന്നും ഇദ്ദേഹം ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കുഞ്ഞികൃഷ്ണൻ നായരുമായി വീഡിയോ കോൺഫറൻസ് വഴി സംസാരിച്ച മുഖ്യമന്ത്രി ചികിത്സാ ധനസഹായവും പെൻഷനും അനുവദിക്കുകയും ഐ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയോ സ്പോൺസർഷിപ്പോടുകൂടിയോ വീട് നിർമിച്ചു നൽകാൻ ജില്ലാ കലക്ടർക്ക് നിർദേശം നൽകുകയും ചെയ്യുകയായിരുന്നു.

*ഖാദർ പാലാഴി*

ജില്ലാ ഇൻഫർമേഷൻ ഓഫീസർ,
കോഴിക്കോട്





# കേരളത്തെ സമ്പൂർണ ജൈവകൃഷി സംസ്ഥാനമാക്കും: മുഖ്യമന്ത്രി

കേരളത്തിന്റെ മണ്ണും വായുവും ജലവും വിമലീകരിക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായി 2016 നകം സംസ്ഥാനത്ത് സമ്പൂർണ ജൈവകൃഷി നടപ്പാക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. ആരോഗ്യത്തിന് ഹാനികരമായ കീടനാശിനികളും രാസവളങ്ങളും ഒഴിവാക്കിയുള്ള കൃഷിരീതിയിലേക്ക് സംസ്ഥാനം ചുവടുവച്ചു കഴിഞ്ഞു. കാസർകോട് തുടക്കം കുറിച്ച പദ്ധതി അടുത്ത ഘട്ടത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലേക്ക് വ്യാപിപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ഗ്ലോബൽ അഗ്രോമീറ്റിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു മുഖ്യമന്ത്രി.



ആഗോള കാർഷിക സംഗമം ഉദ്ഘാടന ചടങ്ങിൽ നിന്ന്

ആധുനിക സാങ്കേതികവിദ്യയും സംസ്കരണരീതികളും പ്രയോജനപ്പെടുത്തിയുള്ള കൃഷിരീതികളിലൂടെ കാർഷികരംഗത്ത് നിലവിലുള്ള പരിമിതികൾ മറികടക്കാൻ കഴിയും. കാർഷികോത്പന്നങ്ങൾ മൂല്യ

# സമര ചരിത്രവുമായി 'അഗ്നിപഥങ്ങൾ' അരങ്ങിൽ

അരങ്ങിൽ 50 ഓളം കലാകാരന്മാരും 10 നൃത്തരൂപങ്ങളുമായി 'അഗ്നിപഥങ്ങൾ' എന്ന ദൃശ്യ-ശ്രാവ്യ പരിപാടി കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് കോഴിക്കോട് ടൗൺഹാളിൽ അരങ്ങേറി. ചരിത്രവും



'അഗ്നിപഥങ്ങൾ' എന്ന ദൃശ്യ-ശ്രാവ്യ പരിപാടിയിൽ നിന്ന്

ജില്ലാവാർത്തകൾ

വർധിതമാക്കുന്നതിന് ഉത്തമോദാഹരണമാണ് നീര. തെങ്ങിൽ നിന്നും ഉത്പാദിപ്പിക്കുന്ന നീരയുടെ ശേഖരണത്തിനും വിപണനത്തിനും ലൈസൻസ് നൽകുന്നതിനായി കോക്കനട്ട് നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. പഴങ്ങളുടെയും പച്ചക്കറികളുടെയും ഉപഭോഗത്തിൽ മുന്നിൽ നിൽക്കുന്ന കേരളത്തിൽ ഇവയുടെ ഉത്പാദനം വർധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ ഏറെ മുന്നോട്ടു പോയതായി മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.



കാർഷികമേഖലയിൽ കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനൊപ്പം വിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുതിനും സർക്കാർ സജീവമായി ഇടപെടുന്നുണ്ട്. ഇടത്തട്ടുകാരുടെ ചൂഷണം തടഞ്ഞ് കർഷകരെ സംരക്ഷിക്കുകയാണ് സർക്കാരിന്റെ ദൗത്യം. ആറ് കാർഷിക മൊത്തവ്യാപാര വിപണികളാണ് നിലവിൽ സംസ്ഥാനത്തുള്ളത്. ഈ രംഗത്ത് കേന്ദ്ര സർക്കാരിന്റെ കൂടുതൽ പിന്തുണ തേടിയിട്ടുണ്ട്. പരിശീലനം ലഭിച്ച തൊഴിലാളികളെ ലഭ്യമാക്കുക ലക്ഷ്യമിട്ട് കാർഷിക കർമസേനയും പഞ്ചായത്ത് തോറും പ്രവർത്തിക്കുന്നു. കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്ന കുടുംബത്തിന് അതിൽ നിന്നും ജീവിതം മുന്നോട്ടു കൊണ്ടുപോകാനുള്ള വരുമാനം ലഭിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഗ്ലോബൽ അഗ്രോമീറ്റിലെ ചർച്ചകളിൽ നിന്നുരുത്തിരിയിരുന്ന നിർദേശങ്ങളിൽ പ്രായോഗികമായവ കാലതാമസമില്ലാതെ നടപ്പാക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

***നിജാസ് ജ്യുവൽ***
*അസിസ്റ്റന്റ് എഡിറ്റർ, ജില്ല ഇൻഫർമേഷൻ ഓഫീസ്, എറണാകുളം*

# സ്വാശ്രയ കാർഷിക കേരളത്തിന് കേളികൊട്ടുയർത്തി ഗ്ലോബൽ അഗ്രോമീറ്റ്

**കാ**ർഷികമേഖലയിൽ കേരളത്തെ സ്വാശ്രയമാക്കുന്നതിന് അടിത്തറ പാകുന്ന ദ്വിദിന ഗ്ലോബൽ അഗ്രോ മീറ്റിന് സാർഥക പരിസമാപ്തി. ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമെത്തിയ വിദഗ്ധരും കർഷകരുമടങ്ങിയ സദസ്സിനെ സാക്ഷിയാക്കി കേന്ദ്ര കൃഷി മന്ത്രി രാധ മോഹൻ സിങ്ങാണ് അങ്കമാലിയിലെ അഡ്‌ലക്സ് കൺവൻഷൻ സെന്ററിൽ മീറ്റിന് ഭദ്രദീപം തെളിയിച്ചത്. കേരളം ഇതുവരെ കണ്ടിട്ടുള്ളതിൽ വച്ചേറ്റവും സമഗ്രമായ കാർഷികമേളയാണ് നവംബർ ആറ്, ഏഴ് ദിവസങ്ങളിലായി അരങ്ങേറിയത്.

കാർഷികരംഗത്തിന്റെ അഭിവൃദ്ധിക്കായി സംസ്ഥാന സർക്കാർ മുന്നോട്ടു വയ്ക്കുന്ന പദ്ധതികൾക്ക് എല്ലാ പിന്തുണയും കേന്ദ്ര മന്ത്രി ഉദ്ഘാടനപ്രസംഗത്തിൽ വാഗ്ദാനം ചെയ്തു.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അധ്യക്ഷത വഹിച്ചു. കൃഷി വകുപ്പ് മന്ത്രി കെ.പി. മോഹനൻ, എക്സൈസ് - ഫിഷറീസ് മന്ത്രി കെ. ബാബു, ഭക്ഷ്യ - സിവിൽ സപ്ലൈസ് മന്ത്രി അനൂപ് ജേക്കബ്, നെതർലാൻഡ്സ് അംബാസഡർ അൽഫോൻസസ് സ്റ്റോലിങ്ക, ഇന്നസെന്റ് എം.പി, എം.എൽ.എമാരായ ജോസ് തെറ്റയിൽ, ടി.യു. കുരുവിള, അൻവർ സാദത്ത്, ചീഫ് സെക്രട്ടറി ഇ.കെ. ഭരത് ഭൂഷൺ, അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മിഷണർ സുബ്രത ബിശ്വാസ്, ജർമൻ കോൺസുലേറ്റ് ജനറൽ ജോം റോദെ, സി.ഐ.ഐ. കേരള ഘടകം ചെയർമാൻ ശ്യാം ശ്രീനിവാസൻ, ബയോഫാക് ഇന്ത്യ മാനേജിങ് ഡയറക്ടർ സോണിയ പ്രശാർ, കൃഷിവകുപ്പ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ എന്നിവർ പ്രസംഗിച്ചു.


ഭാരതം- ആഗോള കാർഷിക ഊർജ സ്രോതസ്സ് എന്ന ആശയാവതരണത്തോടെയാണ് വിവിധ സെഷനുകൾ ആരംഭിച്ചത്. ഒൻപത് സെഷനുകളിലായി അമ്പതോളം പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കൃഷി, ഭക്ഷ്യ സംസ്കരണ മേഖല എന്നിവയിലെ അവസരങ്ങൾ സംരംഭകർക്കും നിക്ഷേപകർക്കും പങ്കാളികൾക്കും മുന്നിൽ പ്രദർശിപ്പിക്കുകയായിരുന്നു സംഗമത്തിന്റെ ലക്ഷ്യം. ജൈവ-കാർഷിക മേഖലയുമായി ബന്ധപ്പെട്ട 150ലേറെ സ്റ്റാളുകളും നെതർലാന്റ്സ്, ജപ്പാൻ എന്നീ രാജ്യങ്ങളുടെ സ്റ്റാളുകളും പ്രദർശന നഗരിയിലുണ്ടായിരുന്നു.



ഗ്ലോബൽ അഗ്രോമീറ്റ് വേദിയിൽ കേന്ദ്ര കൃഷിമന്ത്രിയും മുഖ്യമന്ത്രിയും

സാഹിത്യവും നൃത്തവും സംഗീതവും തിയറ്ററും സമന്വയിച്ച മെഗാഷോ ഒരുക്കിയത് ശ്രേഷ്ഠഭാഷാ ദിനത്തിന്റെ ഭാഗമായി പബ്ലിക് റിലേഷൻസ് വകുപ്പിന്റെയും കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെയും സഹകരണത്തോടെ മാതാ പേരാമ്പ്രയാണ്. ജില്ലാ കലക്ടർ സി.എ. ലതയുടെ അദ്ധ്യക്ഷതയിൽ എ. പ്രദീപ്കുമാർ എം.എൽ.എ ഷോ ഉദ്ഘാടനം ചെയ്തു. ചേമഞ്ചേരി കുഞ്ഞിരാമൻ നായർ വിശിഷ്ടാതിഥിയായിരുന്നു.

സ്വാതന്ത്ര്യ സമര ചരിത്രം പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്താനുള്ള പരിപാടി ന്യൂഡൽഹിയിൽ അവതരിപ്പിക്കുന്നതിനുള്ള മുന്നോടിയായാണ് കോഴിക്കോട്ടെ അരങ്ങിൽ എത്തിയത്. കനകദാസാണ് സംവിധായകൻ. പി.കെ. ഗോപിയുടെ ഗാനങ്ങൾക്ക് ഈണം നൽകിയിരിക്കുന്നത് കെ. സുരേന്ദ്രനാണ്. നൃത്തസംവിധാനം ഡോ. ലജ്ന.



# അട്ടപ്പാടിയിൽ 82.99 കോടി ചെലവിൽ 16 റോഡുകൾ ഒരു വർഷത്തിനകം : മന്ത്രി കെ.സി. ജോസഫ്

അട്ടപ്പാടിയിൽ പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന (പി.എം.ജി.എസ്.വൈ) പദ്ധതി പ്രകാരം നിർമിക്കുന്ന 16 റോഡുകൾ ഒരു വർഷത്തിനകം നിർമാണം പൂർത്തിയാക്കി നാടിന് സമർപ്പിക്കുമെന്ന് ഗ്രാമവികസന മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം അട്ടപ്പാടി നല്ലശിങ്ക ഊരിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കഴിഞ്ഞവർഷം കേന്ദ്രമന്ത്രി ജയറാം രമേശ്, മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി എന്നിവർ അട്ടപ്പാടി സന്ദർശിച്ചപ്പോൾ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്ന് മന്ത്രി പറഞ്ഞു. അട്ടപ്പാടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എക്കാലത്തും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. ഇത് ഇനിയും തുടരുമെന്നും മന്ത്രി വ്യക്തമാക്കി. അട്ടപ്പാടി ബ്ലോക്കിൽ 69 ജനവാസ കേന്ദ്രങ്ങളെ കണക്കാക്കി 375.75 കിലോമീറ്റർ നീളമുള്ള 61 റോഡുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രാധാന്യമുള്ള 70 കിലോ മീറ്റർ നീളമുള്ള 16 റോഡുകളുടെ പുനരുദ്ധാരണമാണ് നടപ്പാക്കുന്നത്. റോഡുകൾ അഞ്ച് വർഷത്തെ ഗ്യാരണ്ടിയോടു കൂടിയാണ് പണി പൂർത്തിയാക്കുക. റോഡ് നിർമാണത്തിനുള്ള ചെലവ് കേന്ദ്ര സർക്കാരും അറ്റകുറ്റപണികൾക്കുള്ള ചെലവ് സംസ്ഥാനവും വഹിക്കും. റോഡ് നിർമാണത്തിനായി 76.14 കോടി രൂപയും അറ്റകുറ്റപണികൾക്കായി 6.85 കോടി രൂപയും അടക്കം 82.99 കോടി രൂപയുടെ പദ്ധതിയാണ് നടപ്പാക്കുന്നത്.




റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം അട്ടപ്പാടിയിൽ മന്ത്രി കെ.സി. ജോസഫ് നിർവഹിക്കുന്നു



2011-14 ലെ മികച്ച സർക്കാർ വെബ്സൈറ്റിനുള്ള (www.sabarimala.kerala.gov.in) ഇ-ഗവേണൻസ് അവാർഡ് വ്യവസായ-ഐ.ടി. വകുപ്പുമന്ത്രി കുഞ്ഞാലിക്കുട്ടിയിൽ നിന്നും പി.ആർ.ഡി. ഡയറക്ടർ മിനി ആന്റണി ഐ.എ.എസ്. ഏറ്റുവാങ്ങുന്നു.

അട്ടപ്പാടി മേഖലയിൽ മുഴുവൻ പേർക്കും തൊഴിൽ ഉറപ്പാക്കുക എന്നത് ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ്. അഹാഡ്സ് നിർത്തലാക്കിയപ്പോൾ തൊഴിൽ നഷ്ടപ്പെട്ട 93 എസ്.ടി വളണ്ടിയർമാർക്ക് ഗവൺമെന്റ് സ്ഥിരനിയമനം നൽകിക്കഴിഞ്ഞു. ഇതു കൂടാതെ 23 എസ്.സി വളണ്ടിയർമാർക്ക് കൂടി സ്ഥിരനിയമനം നൽകിയതായി മന്ത്രി പറഞ്ഞു.

സമ്പൂർണ ഭവന നിർമാണപദ്ധതി പ്രകാരം മേഖലയിലെ മുഴുവൻ ആദിവാസികൾക്കും വീട് നിർമിക്കാൻ ഉത്തരവ് നൽകിയതായി ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തിയ പട്ടികവർഗ ക്ഷേമ മന്ത്രി പി.കെ. ജയലക്ഷ്മി പറഞ്ഞു. സ്കിൽ ഡവലപ്മെന്റ് പദ്ധതി പ്രകാരം മേഖലയിലെ തൊഴിൽ നിപുണരായ എല്ലാവർക്കും കേന്ദ്ര സർക്കാറിന്റെ പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്തി പരിശീലനം നൽകുമെന്നും മന്ത്രി പറഞ്ഞു.

അഡ്വ.എൻ. ഷംസുദ്ദീൻ എം.എൽ.എ അധ്യക്ഷനായി. കെ.എസ്.ആർ.ആർ.ഡി.എ. ചീഫ് എൻജിനീയർ പി.ആർ. സജികുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ. കണ്ടമുത്തൻ, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. രാജൻ, അഗളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇ.ജെ. ആന്റണി, പ്രോജക്ട് ഡയറക്ടർ ടി.വി. ജോർജ്, അട്ടപ്പാടി ഐ.ടി.ഡി.പി. പ്രൊജക്ട് ഓഫീസർ വി.കെ. ചന്ദ്രശേഖരൻ, ജനപ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

*സി. അയ്യപ്പൻ,*
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പാലക്കാട്.*

# കലഞ്ഞൂർ ഐഎച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജ് ഉദ്ഘാടനം ചെയ്തു

സംസ്ഥാന സർക്കാർ ഏറ്റവുമധികം പ്രാധാന്യം നൽകുന്നത് ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾക്കാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. സംസ്ഥാന സർക്കാർ കലഞ്ഞൂരിൽ അനുവദിച്ച ഐഎച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.



കോന്നി മെഡിക്കൽ കോളേജ് അടുത്തവർഷം പ്രവർത്തനം ആരംഭിക്കും. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് അഞ്ച് മെഡിക്കൽ കോളേജുകളാണ് സർക്കാർ ഉടമസ്ഥതയിൽ ഉണ്ടായിരുന്നത്. ഇത് 16 മെഡിക്കൽ കോളേജാക്കി വർധിപ്പിക്കുകയാണ് ലക്ഷ്യം. ഇപ്പോൾ സർക്കാർ ഉടമസ്ഥതയിലുള്ള മെഡിക്കൽ കോളേജുകൾ എട്ടായി. അടുത്തവർഷം കോന്നി, തിരുവനന്തപുരം മെഡിക്കൽ കോളേജുകൾ കൂടി പ്രവർത്തനം തുടങ്ങുന്നതോടെ എണ്ണം 10 ആകും. 2016 ൽ സർക്കാർ മെഡിക്കൽ കോളേജുകളുടെ എണ്ണം 16 ആക്കി മാറ്റും. വിദ്യാഭ്യാസ രംഗത്ത് 22 ഗവമെന്റ് കോളേജുകൾ അനുവദിക്കാൻ സർക്കാർ തീരുമാനമെടുത്തതിൽ 15 എണ്ണം ആരംഭിച്ചുകഴിഞ്ഞു. വികസന പ്രവർത്തനങ്ങൾക്ക് നേരിടുന്ന ഏറ്റവും വലിയ തടസ്സം ആവശ്യമായ സ്ഥലം കിട്ടുകയെതാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം റവന്യൂ-കയർ വകുപ്പ് മന്ത്രി അടൂർ പ്രകാശ് നിർവഹിച്ചു. വിദ്യാഭ്യാസ മന്ത്രി പികെ. അബ്ദു റബ്ബ് അധ്യക്ഷത വഹിച്ചു. കോളേജിലെ എൻഎസ്.എസ് യൂണിറ്റിന്റെ ഉദ്ഘാടനം ആന്റോ ആന്റണി എം.പി നിർവഹിച്ചു. പരിസ്ഥിതി ക്ലബ് കെ.എൻ. ബാലഗോപാൽ എം.പി ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ആർ. ഹരിദാസ് ഇടത്തിട്ട, ജില്ലാ കളക്ടർ എസ്. ഹരികിഷോർ തുടങ്ങിയവർ പ്രസംഗിച്ചു.

# ഓഫീസ് ശുചിത്വ മത്സരം: പി.ആർ.ഡിക്ക് ഇരട്ടനേട്ടം

സംസ്ഥാന ശുചിത്വമാസാചരണത്തിന്റെ ഭാഗമായി എറണാകുളം സിവിൽ സ്റ്റേഷനിലെ ഓഫീസുകൾക്കായി നടത്തിയ മത്സരത്തിൽ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന് ഇരട്ടനേട്ടം.15 ജീവനക്കാരിൽ താഴെയുള്ള ഓഫീസുകളിൽ ഏറ്റവും ശുചിത്വനിലവാരം പുലർത്തുന്ന ഓഫീസിനുള്ള ഒന്നാം സ്ഥാനം പി.ആർ.ഡി മേഖലാ ഓഫീസിന് ലഭിച്ചു.


കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ എം. ജി. രാജമാണിക്യം പി.ആർ.ഡി മേഖലാ ഡെപ്യൂട്ടി ഡയറക്ടർപി. വിനോദിന് ഒന്നാം സ്ഥാനത്തിനുള്ള ട്രോഫിയും 5000 രൂപ ക്യാഷ് അവാർഡും സമ്മാനിച്ചു. ഈ വിഭാഗത്തിലെ പ്രോത്സാഹന സമ്മാനം പി.ആർ.ഡിയുടെ കീഴിലുള്ള സുതാര്യകേരളം ജില്ലാ സെല്ലിന് ലഭിച്ചു. സുതാര്യകേരളം നോഡൽ ഓഫീസർ കൂടിയായ ഡപ്യൂട്ടി ഡയറക്ടർ ഇതിനുള്ള ട്രോഫിയും ഏറ്റുവാങ്ങി.

*എൻ. സതീഷ്കുമാർ,*
*അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ, എറണാകുളം.*



**ഓഫീസ് ശുചിത്വമത്സരത്തിൽ പി.ആർ.ഡി.യ്ക്ക് പുരസ്കാരം ജില്ലാ കളക്ടർ എം. ജി. രാജമാണിക്യത്തിൽ നിന്നും മേഖലാ ഡെപ്യൂട്ടി ഡയറക്ടർ പി. വിനോദ് സ്വീകരിക്കുന്നു**

# ശബരിമലയിൽ ഇക്കോ ഗാർഡുകളെ വിന്യസിക്കും



ശബരിമല പ്ലാസ്റ്റിക്-നിർമാർജന പദ്ധതിക്കായി ഇക്കോ ഗാർഡുകളെ വിന്യസിക്കുമെന്ന് വനം-പരിസ്ഥിതി മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ശബരിമലയെ പ്ലാസ്റ്റിക് മുക്തമാക്കി സംരക്ഷിക്കുന്നതിന് വനം വകുപ്പും തിരുവിതാംകൂർ ദേവസ്വം ബോർഡും ജില്ലാ ഭരണകൂടവും സംയുക്തമായി സംഘടിപ്പിച്ച ഫോമും ലൈറ്റ് റിഫ്ളക്ടറുള്ള ഓവർകോട്ടും നൽകും.

യോഗത്തിൽ രാജു ഏബ്രഹാം എം.എൽ.എ അധ്യക്ഷത വഹിച്ചു. പ്ലാസ്റ്റിക് ബോധവത്കരണ ലഘുലേഖയുടെ പ്രകാശനം ആന്റോ ആന്റണി എം.പി നിർവഹിച്ചു. മാത്യു ടി. തോമസ് എം.എൽ.എ, ജില്ലാ കളക്ടർ എസ്. ഹരികിഷോർ, ജില്ലാ പഞ്ചായത്ത് പ്രസി



പ്ലാസ്റ്റിക്-മാലിന്യ നിർമാർജന ബോധവത്കരണത്തിന്റെ ഉദ്ഘാടനം മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിക്കുന്നു

പ്ലാസ്റ്റിക് മാലിന്യ നിർമാർജന ബോധവൽക്കരണത്തിന്റെ ഉദ്ഘാടനം ളാഹ രാജാമ്പാറ ഫോറസ്റ്റ് സ്റ്റേഷൻ അങ്കണത്തിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക്കിന്റെ ദോഷങ്ങളിൽ നിന്നു ജനങ്ങളെ സംരക്ഷിക്കുന്നതിനും പ്ലാസ്റ്റിക് നിർമാർജന പ്രവർത്തനത്തിൽ ഏർപ്പെടുന്നവർക്ക് പരിശീലനം നൽകുന്നതിനും വനം വകുപ്പ് പദ്ധതി നടപ്പാക്കും. ഇക്കോ ഗാർഡുകൾക്ക് പച്ച യൂണിഡന്റ് അഡ്വ. ആർ. ഹരിദാസ് ഇടത്തിട്ട, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എസ്.സി. ജോഷി, ദേവസ്വം കമ്മിഷണർ പി. വേണുഗോപാൽ, അസിസ്റ്റന്റ് കളക്ടർ ഡോ. ശ്രീറാം വെങ്കിട്ടരാമൻ തുടങ്ങിയവർ പ്രസംഗിച്ചു.

*സി. മണിലാൽ*
അസിസ്റ്റന്റ് എഡിറ്റർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്,
പത്തനംതിട്ട

## പ്ലാസ്റ്റിക് മുക്ത ശബരിമല പദ്ധതി : ആദ്യഘട്ട ബോധവത്കരണം വിജയകരം

ശബരിമല പൂങ്കാവനത്തെ പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് ജില്ലാ ഭരണകൂടം രൂപം നൽകിയ ബോധവത്കരണ പദ്ധതിയുടെ ആദ്യഘട്ടം വിജയകരം. ളാഹ, കണമല, ഇലവുങ്കൽ, പമ്പ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് എൻ.എസ്.എസ്., എൻ.സി.സി, ജെ.ആർ.സി., എസ്.പി.സി. കേഡറ്റുകളും റവന്യൂ, വനം, മോട്ടോർ വാഹന വകുപ്പ്, എക്സൈസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സന്നദ്ധ പ്രവർത്തകർ പ്ലാസ്റ്റിക്കിനെതിരെ തുലാമാസ പൂജയ്ക്കായി എത്തിയ ശബരിമല തീർഥാടകരെ ഒക്ടോബർ 17 മുതൽ 22 വരെ ബോധവത്ക്കരിച്ചു. തീർഥാടകർ സ്വമേധയാ നൽകിയ പ്ലാസ്റ്റിക് കവറുകൾ സന്നദ്ധ പ്രവർത്തകർ ഏറ്റുവാങ്ങുകയും പകരം സാധനങ്ങൾ കൊണ്ടുപോകുന്നതിന് തുണി സഞ്ചി നൽകുകയും ചെയ്തു. ഇതിനൊപ്പം പ്ലാസ്റ്റിക് ഉപയോഗത്തിനെതിരായ വിവിധ ഭാഷകളിലുള്ള ഓഡിയോ സന്ദേശങ്ങൾ സന്നദ്ധ പ്രവർത്തകർ തീർഥാടകരെ കേൾപ്പിച്ചു. പ്ലാസ്റ്റിക്കിനെതിരെ വിവിധ ഭാഷകളിൽ തയാറാക്കിയ സ്റ്റിക്കർ തീർഥാടകരുടെ വാഹനങ്ങളിൽ പതിച്ചു.

വിവിധ പോയിന്റുകൾ നിശ്ചയിച്ച് ആദ്യം ബോധവത്കരണവും അടുത്ത പോയിന്റിൽ പ്ലാസ്റ്റിക് കവറുകൾ ശേഖരിക്കുകയും ചെയ്തത് ഏറെ ഫലപ്രദമായി. തീർഥാടകർ ഏറെ സന്തോഷത്തോടെ സ്വമേധയാ പ്ലാസ്റ്റിക് കവറുകൾ സന്നദ്ധ പ്രവർത്തകർക്കു നൽകുകയും തുണി സഞ്ചികൾ വാങ്ങുകയും ചെയ്തു. ഓരോ ദിവസവും 100 കുട്ടികളും 40 ഉദ്യോഗസ്ഥരും ബോധവത്കരണപരിപാടിയിൽ പങ്കെടുത്തു.

# തൃശൂർ ജില്ലയുടെ ഭൂവിഭവ വിവര സംവിധാനം നിലവിൽ വന്നു

തൃശൂർ ജില്ലയുടെ ഭൂവിഭവ വിവര സംവിധാനം നിലവിൽ വന്നു. ജില്ലയിലെ പ്രകൃതി വിഭവങ്ങളെ സംബന്ധിച്ച് ലഭ്യമായിട്ടുള്ള വിവരങ്ങളെ സ്ഥലപരമായ ചട്ടക്കൂട്ടിൽ ഇന്റർനെറ്റിലൂടെ ലഭ്യമാക്കുന്ന പദ്ധതിയാണ് ഭൂവിഭവ വിവര സംവിധാനം.



സംസ്ഥാന ലാൻഡ് യൂസ് ബോർഡ് പ്രാദേശികാസൂത്രണത്തിന് സഹായകമായ രീതിയിലാണ് ഇത് തയാറാക്കിട്ടുള്ളത്. ഈ സംവിധാനം നിലവിൽ വരുന്നതോടെ കൃഷി, ഭൂപ്രകൃതി, പ്രകൃതിവിഭവങ്ങൾ, മൺതരങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ വിവരങ്ങൾ വിരൽതുമ്പിൽ ലഭിക്കും. ജില്ലയുടെ ഉപഗ്രഹ സാങ്കേതിക വിദ്യയും മനുഷ്യ വിഭവശേഷിയും ഒരുപോലെ പ്രയോജനപ്പെടുത്തിയാണ് വിപുലമായ ഈ വിജ്ഞാനശേഖരം ഒരുക്കിയിരിക്കുന്നത്. ആസൂത്രണ വകുപ്പ് മന്ത്രി കെ.സി. ജോസഫ് സംവിധാനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വികസന വകുപ്പുകൾക്കും ആസൂത്രകർക്കും ഗവേഷകർക്കും, പ്രകൃതി വിഭവങ്ങളെക്കുറിച്ച് അറിയുന്നതിനും, വിശകലനം നടത്തുന്നതിനും, സ്ഥിതിവിവരകണക്ക് ലഭ്യമാക്കുന്നതിനും, ഭൂപടങ്ങൾ തയാറാക്കി കോപ്പിയെടുക്കുന്നതിനും പുതുതായി നിലവിൽവന്ന സംവിധാനം ഏറെ സഹായകമായിരിക്കും. 2013 ലെ സർവേ അടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ് ഇപ്പോൾ ലഭ്യമാകുന്നത്. ആവശ്യാനുസരണം ഇതിൽ വിവരങ്ങൾ കൂട്ടിച്ചേർക്കാനും സൗകര്യമുണ്ട്. ഗൂഗിൾ എർത്തിന്റെ സഹായത്തോടെ ഭൂപ്രദേശങ്ങളുടെ ത്രിമാന ദൃശ്യങ്ങളും ലഭ്യമാകുന്നതാണ്. ത്രിതല പഞ്ചായത്തുകൾക്കും മറ്റു സർക്കാർ - സർക്കാറിതര ഏജൻസികൾക്കും പദ്ധതി ആസൂത്രണത്തിന് ഈ സംവിധാനത്തെ ഉപയോഗിക്കാം. റോഡുകൾ, പാലങ്ങൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ, വനം, കുന്നുകൾ തുടങ്ങിയവ ഉൾപ്പെടെ ഓരോ പ്രദേശത്തിന്റെയും സമഗ്രഘടന ഉൾപ്പെടുത്തിയ ദ്വിമാന മാപ്പുകളാണ് സൈറ്റിലുള്ളത്. അഞ്ചുദിവസത്തെ കാലാവസ്ഥാ പ്രവചനവും സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. സ്ഥലമാന സങ്കേതങ്ങളിലെ സമീപകാല പുരോഗതിയും വിദൂരസംവേദനം, ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം, ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം എന്നീ മേഖലകളിലെ മുന്നേറ്റങ്ങളും കാർഷിക - കാർഷികേതര ഭൂവിനിയോഗാസൂത്രണത്തിന് ഒട്ടേറെ സഹായകരമായിട്ടുണ്ട്. അതോടൊപ്പം തന്നെ പ്രകൃതിവിഭവ പരിപാലനം, ദുരന്ത പരിപാലനം, പാരിസ്ഥിതിക പ്രശ്നാവലോകനം എന്നിവയ്ക്കും ഈ സാങ്കേതികവിദ്യ ഉപയോഗിക്കുവാനാകും.

***പി.സി. സുരേഷ്കുമാർ***
*അസിസ്റ്റന്റ് എഡിറ്റർ, തൃശൂർ*

## പദവൃക്ഷം ശ്രദ്ധേയമായി



ഭരണഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരം കളക്ട്രേറ്റിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസ് ഒരുക്കിയ പദവൃക്ഷം വ്യത്യസ്ത അനുഭവമായി. ഇംഗ്ലീഷ് പദങ്ങളുടെ സമാന മലയാള പദങ്ങൾ പരിചയപ്പെടുത്തുന്ന പദവൃക്ഷം ക്യാൻവാസ് ആദ്യവാക്ക് രേഖപ്പെടുത്തി കളക്ടർ ബിജു പ്രഭാകർ ഉദ്ഘാടനം ചെയ്തു.

വാരാഘോഷത്തിന്റെ ഭാഗമായി എല്ലാ ദിവസങ്ങളിലും മലയാള ഭാഷയെയും സാഹിത്യത്തെയും കുറിച്ചുള്ള ഡോക്യുമെന്ററികളും പ്രഭാഷണങ്ങളും സംഘടിപ്പിച്ചിരുന്നു. നവംബർ ഒന്നിന് നടന്ന ഉദ്ഘാടന ചടങ്ങിൽ ഫയലുകൾ സംസാരിക്കേണ്ട മലയാളം എന്ന വിഷയത്തിൽ ഭരണഭാഷാ വിദഗ്ധനും ഐ.എം.ജി. ഫാക്കൽറ്റി മെമ്പറുമായ ഡോ. ആർ. മധുദേവൻനായർ പ്രഭാഷണം നടത്തി. സമാപന സമ്മേളനത്തിൽ പ്രമുഖ ഭാഷാ വിദഗ്ധൻ ഡോ. എഴുമറ്റൂർ രാജരാജവർമ മുഖ്യാതിഥിയായുമെത്തി.

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ,*
*തിരുവനന്തപുരം*


## മാധ്യമ സെമിനാർ

വരേണ്യ ഭാഷയുടെ അധീശത്വം തകർത്ത് ഭാഷയെ ജനകീയവത്കരിക്കാൻ മാധ്യമങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണെന്ന് ശ്രേഷ്ഠഭാഷാ ദിനാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച മാധ്യമ ഭാഷയുടെ വർത്തമാനം സെമിനാർ അഭിപ്രായപ്പെട്ടു. ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സഫയർ സെൻട്രൽ സ്കൂൾ എന്നിവർ സംയുക്തമായി കെ.പി.കേശവമേനോൻ ഹാളിലാണ് സെമിനാർ നടത്തിയത്.

പ്രസ് അക്കാദമി മുൻ ചെയർമാൻ എൻ.പി.രാജേന്ദ്രൻ വിഷയമവതരിപ്പിച്ചു. എൻ.പി.ചെക്കൂട്ടി, കെ.എഫ്.ജോർജ്, പി.പി.അബൂബക്കർ, കെ.ബാബുരാജ്, നവാസ് പൂനൂർ, കമാൽ വരദൂർ ചർച്ചയിൽ പങ്കെടുത്തു.

ശ്രേഷ്ഠ ഭാഷാ ദിനാചരണം കൈതപ്രം ദാമോദരൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. പബ്ലിക് റിലേഷൻസ് വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ടി. വേലായുധൻ അധ്യക്ഷത വഹിച്ചു. ഇടശ്ശേരിയുടെ അങ്ങേ വീട്ടിലേക്ക് കവിതയുടെ ദൃശ്യാവിഷ്കാരം, പൈതൃക പ്രദർശനം എന്നിവയും നടന്നു.

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ,*
*കോഴിക്കോട്*



# ഗ്രാന്റ് കേരള ഷോപ്പിങ് ഫെസ്റ്റിവല്‍
## കേരളത്തിന്റെ വ്യാപാരോത്സവത്തിന് തുടക്കം



**ഗ്രാന്റ് കേരള ഷോപ്പിങ് ഫെസ്റ്റിവല്‍ സീസണ്‍ എട്ട് കോട്ടയം നെഹ്റു സ്റ്റേഡിയത്തില്‍ മുഖ്യമന്ത്രി ഉമ്മന്‍ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു**

കേരളത്തിന്റെ വ്യാപാരമേഖലയിലും ഉപഭോക ക്തൃവിപണിയിലും നവോന്മേഷം പകര്‍ന്നുകൊണ്ട് സംസ്ഥാനത്തിന്റെ വ്യാപാരോത്സവമായി മാറിക്കഴിഞ്ഞ ഗ്രാന്റ് കേരള ഷോപ്പിങ് ഫെസ്റ്റിവലിന്റെ എട്ടാം സീസണ് സമാരംഭം. ഉത്പന്നങ്ങളുടെ വിപണി വിപുലമാക്കാനുള്ള ഒരു മഹാസംരംഭമാണ് ഗ്രാന്റ് കേരള ഷോപ്പിങ് ഫെസ്റ്റിവല്‍ എന്ന് മുഖ്യമന്ത്രി ഉമ്മന്‍ ചാണ്ടി പറഞ്ഞു. ഗ്രാന്റ് കേരള ഷോപ്പിങ് ഫെസ്റ്റിവല്‍ സീസണ്‍ എട്ടിന്റെ ഉദ്ഘാടനം കോട്ടയം നെഹ്റു സ്റ്റേഡിയത്തില്‍ നിര്‍വഹിക്കുകയായിരുന്നു അദ്ദേഹം. എല്ലാ മേഖലകളിലും വളര്‍ച്ചയും പുരോഗതിയും സാധ്യമാക്കാനുള്ള സന്ദേശം എത്തിക്കുകയാണ് ഈ സംരംഭം. കഴിഞ്ഞ ഏഴു വര്‍ഷക്കാലമായി വ്യാപാര-സാമ്പത്തിക-ടൂറിസം മേഖലകളില്‍ വലിയ സ്വാധീനം ചെലുത്താന്‍ ഫെസ്റ്റിവലിന് ആയിട്ടുണ്ട്. വ്യാപാരി സമൂഹത്തിന്റെ സഹകരണത്തോടെ നടത്തുന്ന 45 ദിവസം നീണ്ടുനില്‍ക്കുന്ന ഈ ഫെസ്റ്റിവലിന് എല്ലാവരും സഹകരിക്കണമെന്നും മുഖ്യമന്ത്രി അഭ്യര്‍ഥിച്ചു. ഫെസ്റ്റിവലിനാവശ്യമായ മൊബൈല്‍ ആപ്ലിക്കേഷന്‍ തയാറാക്കിയ വിദ്യാര്‍ഥികള്‍ക്ക് മുഖ്യമന്ത്രി മെമന്റോ നല്‍കി.

ടൂറിസം മന്ത്രി എ.പി. അനില്‍ കുമാര്‍ അധ്യക്ഷത വഹിച്ചു. ഗ്രാന്റ് കേരള ഷോപ്പിങ് ഫെസ്റ്റിവല്‍ സീസണ്‍ എട്ട് വന്‍വിജയമാക്കേണ്ടത് നാടിന്റെ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

മോന്‍സ് ജോസഫ് എം.എല്‍.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിര്‍മല ജിമ്മി, മുനിസിപ്പല്‍ ചെയര്‍മാന്‍ എം.പി. സന്തോഷ് കുമാര്‍, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ഫില്‍സണ്‍ മാത്യൂസ്, കൈരളി ചെയര്‍മാന്‍ എം.സി. കമറുദ്ദീന്‍, മുനിസിപ്പല്‍ കൗണ്‍സിലര്‍ സിന്‍സി പാറേല്‍, പ്രമുഖ വ്യാപാരികളും വിവിധ സംഘടനകളുടെ പ്രതിനിധികളും ആശംസ നേര്‍ന്നു.

ജി.കെ.എസ്.എഫ് ഡയറക്ടര്‍ കെ.എം. മുഹമ്മദ് അനില്‍ സ്വാഗതവും എ.ഡി.എം ടി.വി. സുഭാഷ് നന്ദിയും പറഞ്ഞു. തുടര്‍ന്ന് വിവിധ കലാപരിപാടികള്‍ അരങ്ങേറി.

# ശുചീകരണ തൊഴിലാളികളെ ആദരിച്ചു

നാടും നഗരവും വൃത്തിയാക്കാന്‍ നിശബ്ദ സേവനം നടത്തുന്ന തൊഴിലാളികള്‍ക്ക് സര്‍ക്കാരിന്റെ ആദരവും അംഗീകാരവും. നാടിനെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്ന ശുചീകരണ തൊഴിലാളികളുടെ സേവനത്തിന്റെ മഹനീയതക്കുള്ള അംഗീകാരമാണ് ഇന്‍ഫര്‍മേഷന്‍ പബ്ലിക് റിലേഷന്‍സ് വകുപ്പ് പയ്യന്നൂരില്‍ സംഘടിപ്പിച്ച ആദരം പരിപാടി. ഗാന്ധിജയന്തി വാരാചരണത്തിന്റെയും ശുചിത്വ മാസാചരണത്തിന്റെയും ഭാഗമായിട്ടായിരുന്നു ഈ വ്യത്യസ്തമായ ചടങ്ങ്. പയ്യന്നൂര്‍ നഗരസഭയുടെയും യുവവികാസ് കേന്ദ്രയുടെയും സഹകരണത്തോടെ നടന്ന പരിപാടിയില്‍ പയ്യന്നൂര്‍ നഗരസഭയിലെ 38 ശുചീകരണ തൊഴിലാളികളെയാണ് ഉപഹാരങ്ങള്‍ നല്‍കി ആദരിച്ചത്. നഗരസഭ ചെയര്‍പേഴ്സണ്‍ കെ വി ലളിതയുടെ അധ്യക്ഷതയില്‍ ജില്ലാ കലക്ടര്‍ പി ബാലകിരണ്‍ ചടങ്ങിന്റെ ഉദ്ഘാടനവും ആദരണവും നിര്‍വഹിച്ചു. ആര്‍ പ്രഭാകരന്‍ മാസ്റ്റര്‍ മുഖ്യ പ്രഭാഷണം നടത്തി. തൊഴിലാളികളുടെ പ്രതിനിധിയായി കെ വി മോഹനന്‍ സംസാരിച്ചു. ജില്ലാ ഇന്‍ഫര്‍മേഷന്‍ ഓഫീസര്‍ ഇ വി സുഗതന്‍ ആമുഖ ഭാഷണം നടത്തി. കാരയില്‍ സുകുമാരന്‍ സ്വാഗതവും നഗരസഭാ സെക്രട്ടറി കെ ഷെറി നന്ദിയും പറഞ്ഞു.

*ജില്ലാ ഇന്‍ഫര്‍മേഷന്‍ ഓഫീസ്, കണ്ണൂര്‍.*

■ എം. ശ്രീനാഥൻ

# അടുക്കളക്കാര്യങ്ങൾ


നരസംസ്കൃതിയിൽ തീയുടെ ഉപയോഗത്തിന് സവിശേ സ്ഥാനമുണ്ട്. ഭക്ഷണപൈതൃകവുമായുള്ള തീയുടെ ബന്ധം പ്രഥമഗണനീയമാണ്. ഭക്ഷണം പാകം ചെയ്തു തുടങ്ങിയതോടെ, നരവർഗം വ്യത്യസ്തമായൊരു ഭക്ഷണസംസ്കാരത്തിലേക്ക് പ്രവേശിക്കുകയായിരുന്നു. തുടർന്ന്, ഓരോജനവിഭാഗവും തനത് ഭക്ഷണ സംസ്കാരത്തിന് ഉടമയായി മാറി. രുചിഭേദങ്ങളുടെ കലവറയായ ഭക്ഷണ സംസ്കാരങ്ങൾ സ്വത്വമുദ്രകളായി സംസ്കാരത്തിൽ ഇടം കണ്ടെത്തി. തനതുരുചികളും അധിനിവേശരുചികളും സമ്പർക്കരുചികളും ചില രുചികളുടെ തിരോധാനവും മറ്റു ചിലതിന്റെ അധിനിവേശവുമൊക്കെ ചേർന്ന് സ്വാദിന്റെ രാഷ്ട്രീയമിത്ത് സാംസ്കാരിക പഠനമേഖലയായി തീർന്നിട്ടുണ്ട്. ഈ സന്ദർഭത്തിൽ രുചിയിടങ്ങളായ അടുക്കളയെക്കുറിച്ചുള്ള പദപാഠത്തിന് ഏറെ പ്രസക്തിയുണ്ട്.

'അടുക്കള' സാമാന്യ വ്യവഹാരത്തിലിന്നും സജീവമായി നിലകൊള്ളുന്ന ഒരു പദമാണ്. കിച്ചനും മോഡുലാർ കിച്ചനുമൊക്കെ വ്യവഹാരത്തിലുണ്ടെങ്കിലും അടുക്കളയുടെ പ്രയോഗമൂല്യത്തിന് വമ്പിച്ച ഇടിവ് വന്നിട്ടില്ല. ഇതിനുകാരണം അടുക്കള ഒരു വാക്കെന്നതിലുപരി, ഒരു സംസ്കാരിക വിഷയവും ബിംബവും രൂപകവും മാധ്യമവുമായി നിലകൊള്ളുന്നതുകൊണ്ടാണ്. അരിയും കറിയും പാകം ചെയ്യുന്ന സ്ഥലമാണ് അടുക്കള. ഗോത്ര സംസ്കൃതിയിൽ മിക്കപ്പോഴും തുറന്ന ഇടങ്ങളിലായിരുന്നുവെങ്കിലും ക്രമേണ അതൊരു പ്രത്യേകമുറിയായി. അടുപ്പുള്ളതാണ് അടുക്കള. പാത്രങ്ങൾവെച്ചു തീകത്തിക്കുന്നതിനു തക്കവണ്ണം കല്ലുകൊണ്ടും മറ്റും ഉണ്ടാക്കുന്നതാണ് അടുപ്പ്. പാകംചെയ്യാനായി തീകത്തിക്കുന്ന സ്ഥലം അഥവാ ഉപകരണമാണ് അത്. അടുപ്പുള്ള പാകശാലയാണ് അടുക്കള. അടു എന്ന ധാതുവിൽ നിന്നാണ് അടുക്കളയുടെ പിറവി. അടുവിന് ഭിന്നാർഥങ്ങളുണ്ടെങ്കിലും 'വേവിക്കുക', 'പാകം ചെയ്യുക' എന്ന അർഥങ്ങളാണ് ഈ സന്ദർഭത്തിൽ ഉചിതം. വാക്കെന്നതിനെക്കാളുപരി അടുക്കള ഒരു സാംസ്കാരിക ചിഹ്നമാണ്. മലയാളിയുടെ സാംസ്കാരിക നിലപാടുകളെ പ്രതിഫലിപ്പിക്കുന്ന ഒരിടമെന്ന നിലയിൽ അടുക്കളയ്ക്ക് സവിശേഷമായ പ്രാധാന്യമുണ്ട്.

മാറുന്ന മൂല്യങ്ങൾക്കനുസരിച്ച് മാറുന്ന ഒരിടമാണത്. അടുക്കള സംസ്കാരത്തെ രൂപപ്പെടുത്തുന്നു. മലയാളിയുടെ ഭക്ഷണചരിത്രം അടുക്കളയുടെ സാംസ്കാരിക ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. അടുക്കള ഒരേസമയം സ്ഥലവും കാലവുമാണ്. സ്ഥലത്തോടൊപ്പം അതതു കാലത്തെയും അത് പ്രതിനിധാനം ചെയ്യുന്നു. രൂപാന്തരത്തിന്റെ ഒരു മേഖലയാണത്. അടുക്കള ചരിത്രം വ്യത്യസ്ത കാലഘട്ടങ്ങളിൽ മലയാളിയുടെ അടുക്കളയോടുള്ള മനോഭാവം വെളിപ്പെടുത്തുന്നുണ്ട്. അടുക്കളയുടെ സ്ഥാനത്തിലും വലിപ്പത്തിലും രൂപകല്പനയിലുമൊക്കെ കാലാനുസൃതമായ മാറ്റം ദർശിക്കാം. പ്രത്യേകമായ അടുക്കള നിർമിച്ചിരുന്ന പഴയകാലത്തുനിന്നും വ്യത്യസ്തമായി വീടിന്റെ ഭാഗമായിത്തീർന്നുവെന്നതാണീ മാറ്റങ്ങളിലൊന്ന്. സമീപകാലംവരെ വീടിന്റെ പുറകുവശത്തായിരുന്നു അടുക്കളയുടെ സ്ഥാനം. ക്രമേണ അത് വീടിന്റെ മുൻഭാഗത്തായി. അടുക്കളയുടെ സ്ഥാനമാറ്റം മാറുന്ന മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്നു. ഈ മാറ്റമാകട്ടെ അതിലുള്ളടങ്ങുന്ന ഭൗതികവസ്തുക്കളുടെ പരിണാമം സാക്ഷ്യപ്പെടുത്തുന്നു. തനത് ഉപകരണങ്ങളായ ഉരലും ഉലക്കയും വിറകടുപ്പും തുടങ്ങിയുള്ള തദ്ദേശമുദ്രകൾ ഗൃഹാതുരത്വത്തിലേക്ക് പിൻവാങ്ങുകയും അടുക്കളകൾ കമ്പോളത്തിന്റെ കുത്തക താവളമായി പരിവർത്തനപ്പെടുകയും ചെയ്തതാണ് അടുക്കളയുടെ ചരിത്രം. സാംസ്കാരികവും സാമ്പത്തികവുമായ വിശകലന സാധ്യതകൾ പ്രദാനം ചെയ്യുന്ന ഒരിടമായി അടുക്കള മാറിയെന്ന് ചുരുക്കം.

അടുക്കളയുടെ സാമൂഹികശാസ്ത്രം വർഗപരവും ലിംഗപരവുമാണ്. അരിയും കറിയും പാകംചെയ്യുന്ന സ്ഥലം അടുക്കളയാണെങ്കിലും രാജാക്കന്മാർക്കും മറ്റും ഭക്ഷണം തയാറാക്കുന്ന സ്ഥലം മടപ്പള്ളിയാണ്. ക്ഷേത്രത്തിലെ പാചകശാലയും മടപ്പള്ളിയാണ്. അടുക്കളയെ കുശിനിയെന്നും പറയാറുണ്ട്. ഫ്രഞ്ച് ഭാഷയിലെ കുയിസിൻ മലയാളിക്ക് കുശിനിയായി. അടുക്കള ഒരു പെണ്ണിടമായിട്ടാണ് കണക്കാക്കിവരുന്നത്. അടുക്കളപ്പെണ്ണിന് അഴകെന്തിനെന്ന് മലയാളി ചോദിക്കുമ്പോൾ അടുക്കളക്കാരിയോടുള്ള മനോഭാവം വ്യക്തമാകുന്നു. അടുക്കളക്കാരി വീട്ടുകാരിയാണെന്നതിവിടെ പ്രസക്തമാണ്. ഭാഷയിൽ അടുക്കള സൃഷ്ടിച്ച അടയാളങ്ങൾ നോക്കിയാൽ ലിംഗ അസമത്വം വ്യക്തമാണ്. ഒപ്പം സ്ത്രൈണതയെക്കുറിച്ചുള്ള പുരുഷമനോഭാവവും. സ്ത്രീകൾ തമ്മിലുള്ള തുച്ഛകാരണം കൊണ്ടുള്ള കലഹവും അടുക്കളക്കലഹമാണ്. വീട്ടുകാരിക്കുള്ള ചാരിത്ര്യദൂഷ്യം അടുക്കളക്കുറ്റമാണ്. വെളിയിൽ ഒരിടത്തും പോകാതെയും ആരോടും അധികം ഉരിയാടാതെയും ഇരിക്കുന്നവർ അടുക്കളപ്പൂച്ചകളാണ്. സ്ത്രീജനങ്ങളുടെ മിടുക്കും വീട്ടിനുള്ളിലെ സാമർഥ്യവും അടുക്കളമിടുക്കാണ്. വീട്ടിലിരുന്ന് വമ്പ് പറയുന്നവൻ അടുക്കളക്കുട്ടനാണ്. വീട്ടുകാര്യം അടുക്കളകാര്യമാണ്. അരിയും കറിയും പാകം ചെയ്യൽ അടുക്കളവെപ്പാണ്. അടുക്കളക്കാരൻ അരിവെപ്പുകാരനായുണ്ടെങ്കിലും വീട്ടിൽ അടുക്കളക്കാരിതന്നെ. മടപ്പള്ളിയിൽ മടപ്പള്ളിക്കാരനെയുള്ളു, മടപ്പള്ളിക്കാരിയില്ല. മടപ്പള്ളി ചെലവിലേക്ക് വിട്ടുകൊടുക്കുന്ന വസ്തുവാണ് അടുക്കളപ്പുറം.

വിവാഹാനന്തരമുള്ള അടുക്കളകാണൽ ഇന്നും നടപ്പിലുള്ള ഒരു ചടങ്ങാണ്. നായികമുഖേന നായകന്റെ ഇഷ്ടം സമ്പാദിക്കുന്ന അടുക്കളസേവയ്ക്ക് ഇന്ന് ഏറെ പ്രാധാന്യം കൈവന്നിട്ടുണ്ട്. അടുക്കളത്തോട്ടം, അടുക്കളപ്പൂങ്കാവ്, അടുക്കളക്കുരിയൽ (കുരുവി) എന്നിങ്ങനെ അടുക്കളയുമായി ബന്ധപ്പെട്ട പദങ്ങളേറെയുണ്ട്. അടുക്കളപൂട്ടൽ സമരത്തിന്റെ കാലമാണിതെന്നോർക്കുമ്പോൾ അടുക്കളയുടെ സാംസ്കാരിക രാഷ്ട്രീയം ഏറെ വിപുലമാണെന്ന് വ്യക്തമാകും. മലയാളിയുടെ ആരോഗ്യം പരിരക്ഷിച്ചിരുന്ന തനതുരുചിയിടങ്ങളായിരുന്നു അടുക്കള. പരിഷ്കൃതിയുടെ പരീക്ഷണശാലകളായതോടെ ആരോഗ്യപരിപാലനം മരുന്നുകമ്പിനികൾക്ക് കൈമാറിയ മലയളിയുടെ ദുരവസ്ഥയിൽ അടുക്കളയുടെ വീണ്ടെടുപ്പിന് ഏറെ പ്രസക്തിയുണ്ടെന്ന് ഓർക്കുക. ■



■ ഡോ. എം.കെ. ചാന്ദ്‌രാജ്

# മലയാളം
## മലയാളിയുടെ ജന്മാവകാശം



## ഭരണഭാഷ

### മലയാളഭാഷ നേരിടുന്ന വെല്ലുവിളികളും പ്രതിരോധ മാർഗങ്ങളും

പൊതുമണ്ഡലത്തിൽ നിന്ന് പതിയെ പിൻവാങ്ങുന്ന ഭാഷ എത്തിച്ചേരുന്നത് ഭാഷാമരണത്തിലേക്കാണ്. ഇന്ന് ലോകത്ത് നിലനിൽക്കുന്ന ആറായിരത്തോളം ഭാഷകളിൽ പകുതിയും ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ നശിക്കുമെന്നാണ് ഭാഷാശാസ്ത്രജ്ഞർ നൽകുന്ന മുന്നറിയിപ്പ്. ഈ മുന്നറിയിപ്പ് മാതൃഭാഷകൾ നശിക്കാതിരിക്കണമെന്ന് കരുതുന്നവർ വളരെ ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്. അധിനിവേശത്തിന്റെയും അതിനെത്തുടർന്നുണ്ടായ അടിച്ചമർത്തലിന്റെയും ഫലമായി പല ഭാഷകളും നശിച്ചുപോയത് ചരിത്രവസ്തുതയാണ്. എന്നാൽ ഇക്കാര്യം തിരിച്ചറിയുകയും സ്വന്തം മൊഴി വീണ്ടെടുക്കാൻ കഠിനമായി പ്രയത്നിക്കുകയും ചെയ്ത ജനവിഭാഗങ്ങളുമുണ്ട്. കെനിയൻ ഭാഷയായ ഗികുയു ഇത്തരത്തിലുള്ള അടിച്ചമർത്തൽ ഏറെ അനുഭവിച്ച ഭാഷയാണ്. സ്കൂളുകളിൽ ഇംഗ്ലീഷിനാണ് മാന്യത. ഗികുയു പാറഞ്ഞാൽ പിഴയിടുകയും അധിക്ഷേപത്തിന് പാത്രമാവുകയും ചെയ്യും. അപമാനഭയം മൂലം കുട്ടികൾ സ്വഭാഷ ഉച്ചരിക്കാൻ ഭയപ്പെടുന്നു. ഈ അവസ്ഥയെക്കുറിച്ച് കെനിയൻ എഴുത്തുകാരനായ എൻഗുഗി വാ തിയോംഗോ വളരെ ദുഃഖത്തോടെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിൽ സർഗാത്മക സൃഷ്ടികൾ നടത്തിയ അദ്ദേഹം മേലിൽ തന്റെ ഭാഷയായ ഗികുയുവിൽ മാത്രമേ സൃഷ്ടികൾ നടത്തുകയുള്ളുവെന്ന് ഈ അടുത്തകാലത്ത് ശപഥം ചെയ്തിരിക്കുന്നു! അടിച്ചമർത്തലിനു വിധേയമാകുന്ന എല്ലാ ഭാഷകൾ സംസാരിക്കുന്നവർക്കും ഇതൊരു പാഠമാകേണ്ടതാണ്. ഇക്കാര്യം ഇവിടെ പരാമർശിച്ചതിനുകാരണം മലയാളഭാഷയുടെ ഇന്നത്തെ അവസ്ഥയെപ്പറ്റി ഓർമിപ്പിക്കാൻ വേണ്ടിയാണ്. മാതൃഭാഷയെക്കുറിച്ച് അധമചിന്തവളർത്താൻ ചിലരുടെ പ്രവൃത്തികൾ വഴിയൊരുക്കുന്നു, മാത്രമല്ല കുട്ടിയിൽ അപകർഷബോധം വേരുറപ്പിക്കാനും കാരണമാരുന്നു. മാതൃഭാഷയും നമ്മുടെ മസ്തിഷ്കവും തമ്മിലുള്ള ഗാഢബന്ധത്തെക്കുറിച്ച് ടോക്കിയോ സർവകലാശാല പഠനം നടത്തിയിട്ടുണ്ട്. മാതൃഭാഷാനിരാസം കുട്ടിയുടെ മാനസിക വ്യാപാരങ്ങളെ പ്രതികൂലമായി ബാധിക്കും എന്നാണ് നിഗമനം. നമ്മുടെ യുവതലമുറയിൽപ്പെട്ടവരിൽ കാണുന്ന മാനസിക പ്രശ്നങ്ങളിൽ ചിലതിന്റെയെങ്കിലും കാരണം ഇത്തരത്തിലുള്ള മാതൃഭാഷാനിരാസമല്ലേ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു. 'മലയാളം ശ്രേഷ്ഠഭാഷ' എന്ന് ഒട്ടൊരു ഗർവോടെ പറയുന്ന മലയാളികൾ തന്നെയാണ് തങ്ങളുടെ കുട്ടികളെ മലയാളം പറഞ്ഞാൽ ശിക്ഷിക്കുന്ന സ്ഥാപനങ്ങളിലേക്ക് ആട്ടിത്തെളിക്കുന്നത്!

മാതൃഭാഷ നശിക്കാതെ കാത്തുസൂക്ഷിക്കാനുള്ള കടമ അതു സംസാരിക്കുന്ന ജനവിഭാഗങ്ങൾക്കുണ്ടാവണം. ഭാഷയെ സമൂഹപുരോഗതിക്കായി കാത്തുസൂക്ഷിക്കേണ്ടത് തങ്ങളുടെ ഉത്തരവാദിത്വമല്ലെന്നും അതു മറ്റുള്ളവർക്കോ ചില സംഘടനകൾക്കോ രാഷ്ട്രീയകക്ഷികൾക്കോ ഉള്ളതാണെന്നും മലയാളികൾ തെറ്റിദ്ധരിക്കുന്നു! സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കാതെ അതു മറ്റുള്ളവർ ചെയ്യണമെന്ന് പ്രസംഗിക്കുന്നവർ മാതൃഭാഷാവഗണനയ്ക്ക് ആക്കം കൂട്ടുകയാണ് ചെയ്യുന്നത്.

### അപചയം ഒഴിവാക്കാൻ

ഭാഷയുടെ അപചയം ഒഴിവാക്കാൻ പൊതുമണ്ഡലത്തിൽ എല്ലാ സ്ഥാനങ്ങളിലും അതിനെ അവരോധിക്കുകയാണ് വേണ്ടത്. വ്യക്തി, കുടുംബം, സമൂഹം ഇവയുടെ കൂട്ടായ്മയിലൂടെ മാത്രമേ ഇതു സാധ്യമാകൂ. വിദ്യാഭ്യാസതലത്തിലും ഭരണഭാഷാതലത്തിലും നീതിന്യായകോടതികളിലും മാതൃഭാഷയ്ക്ക് അർഹമായ സ്ഥാനം നൽകാൻ തയാറാകണം. പ്രാഥമിക വിദ്യാഭ്യാസതലം മുതൽ ഉന്നതവിദ്യാഭ്യാസതലം വരെ മാതൃഭാഷയായിരിക്കണം പഠനമാധ്യമമെന്ന് ഇന്ത്യയിലെ എല്ലാ വിദ്യാഭ്യാസ കമ്മിഷനുകളും അടിവരയിട്ടു രേഖപ്പെടുത്തിയിട്ടുണ്ട്. അതു വിദ്യാർഥിയുടെ ബൗദ്ധിക വ്യാപാരങ്ങൾക്ക് ഗുണകരമാണെന്നുമാത്രമല്ല, വിജ്ഞാനവ്യാപനം സമൂഹത്തിന്റെ അടിത്തട്ടിലേക്കും ലഭ്യമാകുന്നതിനു സഹായിക്കുന്നു. അതുമൂലം സമൂഹപുരോഗതി സാധ്യമാകുന്നു. ജനങ്ങളുടേതല്ലാത്ത ഭാഷയിൽ ഭരണ നിർവഹണം നടത്തിയാൽ സമൂഹത്തിന്റെ മുകൾത്തട്ടിലുള്ള ഒരു ന്യൂനപക്ഷത്തിനു മാത്രമേ നേട്ടമുണ്ടാകൂ. ജനായത്തഭരണസംവിധാനത്തെ ഇതു പ്രതികൂലമായി ബാധിക്കുന്നു. നീതിന്യായകോടതികളുടെ പ്രവർത്തനങ്ങളിലും ജനങ്ങളുടെ ഭാഷയ്ക്കാവണം പ്രമുഖ സ്ഥാനം നൽകേണ്ടത്. അതല്ലെങ്കിൽ സമൂഹത്തിലെ ഭൂരിഭാഗത്തിനും

നീതിനിധേഷം അനുഭവിക്കേണ്ടിവരും! ഇതും ജനാധിപത്യപ്രക്രിയയ്ക്ക് കോട്ടം വരുത്തുന്ന സംഗതിയാണ്. ചുരുക്കത്തിൽ, മുൻപ് സൃഷ്ടിച്ചതുപോലെ, മാതൃഭാഷയെ സർവമണ്ഡലങ്ങളിലും പ്രതിഷ്ഠിക്കാനുള്ള നടപടികൾ കൈക്കൊള്ളാൻ തയാറായെങ്കിൽ മാത്രമേ ഭാഷാപുരോഗതിക്കൊപ്പം സമൂഹപുരോഗതിയും സാധ്യമാകൂ. മലയാളത്തിന്റെ കാര്യമെടുത്താൽ ഇത്തരം പൊതുമണ്ഡലങ്ങളിൽ ഒക്കെത്തന്നെ മലയാളഭാഷയുടെ സാന്നിധ്യം വിരളമാണ്. അവിടെയൊക്കെ വിദേശഭാഷയെ പ്രതിഷ്ഠിച്ചിരിക്കുകയാണ്. നമ്മുടെ വ്യാപാരസ്ഥാപനങ്ങളുടെ ബോർഡുകൾ, രസീതുകൾ എന്തിന് സിനിമയിൽ നിന്നുവരെ മലയാളം പിൻവാങ്ങിക്കൊണ്ടിരിക്കുന്നു. ഭാഷയുടെ ആരോഗ്യകരമായ സാന്നിധ്യം ഉണ്ടാകുന്നത് വായ്മൊഴിയിലൂടെയും വരമൊഴിയിലൂടെയും ചിഹ്നങ്ങളുടെ പ്രയോഗത്തിലൂടെയും ആണെന്നു ഭാഷാശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു. തലമുറകളിൽ നിന്ന് തലമുറകളിലൂടെ ഇത്തരത്തിൽ വളരുന്ന ഭാഷക്കേ നിലനിൽക്കാനാവൂ. അല്ലാത്തപക്ഷം കാലക്രമേണ അത് നാശത്തിലേക്ക് കൂപ്പുകുത്തും. നേരത്തേ സൂചിപ്പിച്ചപോലെ, ലോകത്തിലെ ആറായിരത്തോളം ഭാഷകളിൽ പകുതിയും ഇത്തരത്തിൽ അനാരോഗ്യാവസ്ഥയിലാണ്. നാശോന്മുഖമായ ഭാഷകൾ സംസാരിക്കുന്ന ജനവിഭാഗങ്ങളുടെ അടിയന്തരമായ ഇടപെടലുകൾ ഇക്കാര്യത്തിൽ ഉണ്ടാവണമെന്നതാണ് ഭാഷാഗവേഷകർ നൽകുന്ന മുന്നറിയിപ്പ്. ആഫ്രിക്കയിലെയും ഇന്ത്യയിലെയും തെക്കേ അമേരിക്കയിലെയും പല ഭാഷകളും ഇങ്ങനെ നാശത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഓരോ രണ്ടാഴ്ചകൂടുമ്പോഴും ലോകത്തെ ഏതെങ്കിലും ഒരു ഭാഷ മരിക്കുകയാണത്രെ!




## ഭാഷാപരമായ മനുഷ്യാവകാശം

മാതൃഭാഷകൾ മനുഷ്യന്റെ അവിഭാജ്യഘടകമാണെന്ന തിരിച്ചറിവിന്റെ ഫലമാണ് യൂറോപ്യൻ യൂണിയനിൽ ഉൾപ്പെട്ട രാജ്യങ്ങളിലെ ചില പണ്ഡിതന്മാർ പുറപ്പെടുവിച്ച ഭാഷാമനുഷ്യാവകാശ വിളംബരം. ഭാഷാമനുഷ്യാവകാശത്തിന് സർവദേശികമായി അംഗീകരിച്ച മാനദണ്ഡങ്ങൾ ഇല്ലെങ്കിൽപ്പോലും ഇതിന് ഇന്ന് പ്രസക്തി ഏറെയുണ്ട്. യഥാർഥ മാതൃഭാഷ ഏതെന്നുതിരിച്ചറിയാനുള്ള കുട്ടിയുടെ അവകാശത്തെ മറ്റുള്ളവർ അംഗീകരിക്കുകയും ആദരിക്കുകയും വേണം, കുട്ടിക്ക് സ്വന്തം മാതൃഭാഷ പൂർണമായും പഠിക്കാനുള്ള അവകാശമുണ്ട്; ഏതെങ്കിലും ഔദ്യോഗികാവശ്യം നിറവേറ്റുന്നതിനായി കുട്ടിക്ക് മാതൃഭാഷ തിരഞ്ഞെടുക്കാനുള്ള അവകാശമുണ്ട്; താൻ താമസിക്കുന്ന പ്രദേശത്തെ ഔദ്യോഗിക ഭാഷ തിരഞ്ഞെടുത്ത് പഠിക്കാനുള്ള അവകാശം കുട്ടിക്കുണ്ട്. ഈ നാലു കാര്യങ്ങൾക്കാണ് ഭാഷാമനുഷ്യാവകാശവിളംബരത്തിൽ ഊന്നൽ കൊടുത്തിട്ടുള്ളത്. സൂക്ഷ്മമായി പരിശോധിച്ചാൽ ഏതു ദേശത്തിനും ബാധകമായിട്ടുള്ള വസ്തുതകൾ തന്നെയാണ് ഈ 'വിളംബര'ത്തിൽ ഉൾച്ചേർന്നിട്ടുള്ളത്.

ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ അധിവസിക്കുന്ന ഭാഷാന്യൂനപക്ഷങ്ങൾക്കായി ഇന്ത്യൻ ഭരണഘടന നൽകുന്ന പ്രത്യേക പരിരക്ഷകൂടി ഇവിടെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. സംസ്ഥാനത്തെ ഭാഷാന്യൂനപക്ഷങ്ങൾക്ക് അവരവരുടെ മാതൃഭാഷകളിലൂടെ പ്രാഥമികവിദ്യാഭ്യാസം നിർവഹിക്കാനുള്ള എല്ലാ സഹായവും ചെയ്തുകൊടുക്കാൻ സംസ്ഥാന, പ്രാദേശിക ഭരണകൂടങ്ങൾ ബാധ്യസ്ഥമാണ്. ഇന്ത്യൻ ഭരണഘടനയുടെ 350 ാം വകുപ്പിൽ സംസ്ഥാനങ്ങൾക്കു കൊടുത്തിട്ടുള്ള ഈ പ്രത്യേക നിർദേശം പാലിക്കാൻ ബന്ധപ്പെട്ട സംസ്ഥാനങ്ങൾ ശ്രദ്ധിക്കുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടിയിരിക്കുന്നു. കേരളവും മറ്റു ചില സംസ്ഥാനങ്ങളും ഈ നിർദേശത്തെ അക്ഷരംപ്രതി പാലിക്കുന്നുണ്ടെങ്കിലും പല സംസ്ഥാനങ്ങളും ഇതു ലംഘിക്കുന്നതായി കാണാം. (തമിഴ്നാട്ടിൽ മലയാളം പഠനം നിർത്തുവാൻ നടപടികൾ തുടങ്ങിക്കഴിഞ്ഞുവെന്ന വാർത്ത ഈ അർഥത്തിൽ ഗൗരവമായി എടുക്കേണ്ടതുണ്ട്.)

മാതൃഭാഷയായ മലയാളത്തിന്റെ ശാക്തീകരണത്തിന് ശാസ്ത്രീയ സമീപനങ്ങൾ കൈക്കൊള്ളുകയാണ് ഇന്നത്തെ ആവശ്യം. 'ലിപിമൗലികവാദം' പോലുള്ള ആശയങ്ങൾ ഇപ്പോൾ ഉന്നയിക്കുകയും അവയ്ക്കുവേണ്ടി സമയം പാഴാക്കുകയും ചെയ്യുന്നത് ഭാഷാപുരോഗതിക്കുവേണ്ടിയുള്ള മറ്റു പ്രവർത്തനങ്ങൾക്കു തടസ്സമാണ്. മലയാളം ശാസ്ത്രസാങ്കേതിക വിഷയങ്ങൾ ഉൾപ്പെടെ എല്ലാ വിഷയങ്ങൾക്കും അനിവാര്യമായ ഒന്നായി മാറ്റിത്തീർക്കാനുള്ള നടപടികളാണുവേണ്ടത്. മലയാളമാധ്യമത്തിലൂടെയുള്ള പഠനത്തിന് മുൻതൂക്കം നൽകണം. സാഹിത്യത്തിന്റെ മാത്രമല്ല, സാങ്കേതികവിജ്ഞാനത്തിന്റെ ആരോഗ്യശാസ്ത്രത്തിന്റെ, നിയമത്തിന്റെ, തത്വചിന്തയുടെ, ചരിത്രത്തിന്റെ, ധനശാസ്ത്രത്തിന്റെ ഒക്കെ ഭാഷയായാൽ മാത്രമേ മലയാളം പുരോഗമിക്കുകയുള്ളൂ. മലയാളത്തെക്കാൾ വളരെ ചുരുക്കംപേർ സംസാരിക്കുന്ന ഫിന്നിഷ്, മംഗോളിയൻ തുടങ്ങിയ ഭാഷകൾക്ക് എല്ലാ വിഷയങ്ങളെയും പ്രകടമാക്കാൻ കഴിയുമെങ്കിൽ മലയാളത്തിനും അതിനുകഴിയും. ഇത്തരം ആത്മവിശ്വാസം വളർത്തിയെടുക്കാൻവേണ്ടി പ്രയത്നിക്കുമെന്ന് മലയാളികൾ പ്രതിജ്ഞചെയ്തേ മതിയാകൂ. മലയാളം മലയാളിയുടെ ജന്മാവകാശമാണെന്നു നാം തിരിച്ചറിയണം. ■

■ ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)





# ഭീതിയൊഴിഞ്ഞപ്പോൾ

പക്ഷിപ്പനി ഏതാനും നാളുകൾ സംസ്ഥാനത്ത് ഭീതിയുണ്ടാക്കിയിരുന്നു. മനുഷ്യരിൽ പനി, ചുമ, തുടങ്ങിയ ലക്ഷണങ്ങളോടെ തുടങ്ങി ഗുരുതരാവസ്ഥയിലേക്ക് മാറാവുന്നതാണ് ഈ രോഗം. സംസ്ഥാനത്ത് ചില പ്രദേശങ്ങളിലെ വളർത്തു പക്ഷികളിൽ രോഗം കണ്ടതിനെ തുടർന്ന് സർക്കാർ സമയോചിത നടപടികളിലേക്ക് നീങ്ങി.

അനേകം കർഷകരുടെ ജീവനോപാധിയാണെങ്കിലും രോഗസാധ്യതാ മേഖലകളിലെ താറാവുകളെ ശാസ്ത്രീയ രീതിയിൽ നശിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. ആരോഗ്യവകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും ഒരുമിച്ചുള്ള പ്രവർത്തന ഫലമായി താറാവുകളെ കൂട്ടമായി നശിപ്പിച്ചു. കർഷകരുടെയും പൊതുസമൂഹത്തിന്റെയും സഹകരണവും ഇക്കാര്യത്തിലുണ്ടായി. കർഷകർക്ക് നഷ്ടപരിഹാരം ഉടനടി നൽകുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചു. ആശങ്കകളകറ്റി ശാസ്ത്രീയ നിലപാടുകൾ സ്വീകരിക്കുന്നതിനു സഹായകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും സർക്കാർ സംവിധാനങ്ങളുപയോഗിച്ച് നടത്തി. ആരോഗ്യവകുപ്പിന്റെ മെഡിക്കൽ സംഘം വീടുകൾ തോറും പരിശോധന നടത്തി രോഗലക്ഷണങ്ങളില്ലെന്ന് ഉറപ്പു വരുത്തി. പ്രതിരോധ മരുന്നുകളടങ്ങിയ കിറ്റുകൾ തയാറാക്കി വിതരണം ചെയ്തു. രോഗലക്ഷണങ്ങൾ കണ്ട സ്ഥലങ്ങളിൽ നിന്ന് വാഹനങ്ങളിലും മറ്റും ദൂരസ്ഥലങ്ങളിലേക്ക് വളർത്തു പക്ഷികളെ കൊണ്ടു പോകുന്നത് തടയാനും നടപടി സ്വീകരിച്ചു.

രോഗം റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലത്തിന് ഒരു കിലോ മീറ്റർ ചുറ്റളവിലെ പക്ഷികളെ ശാസ്ത്രീയമായി കൊന്ന് സംസ്കരിക്കണമെന്നതാണ് വിദഗ്ദരുടെ നിർദ്ദേശം. ഇക്കാര്യത്തിൽ വരുത്തുന്ന വീഴ്ച ഗുരുതര ആരോഗ്യപ്രശ്നങ്ങളിലേക്ക് നയിച്ചേക്കാം. ഈ സാഹചര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ നടത്തിയ ഏകോപിത പ്രവർത്തനത്തിനാണ് ഗുണപരമായ ഫലമുണ്ടായത്.

അടിയന്തര ഘട്ടത്തിൽ സർക്കാർ സംവിധാനങ്ങൾക്ക് എങ്ങനെ ഉണർന്ന പ്രവർത്തിക്കാൻ കഴിയും എന്നതിന്റെ ഉത്തമോദാഹരണമാണ് ഈ ദിവസങ്ങളിൽ കേരളം കണ്ടത്. അഹോരാത്രം അധ്വാനിച്ചതിന്റെ ഫലമായി ഒരു വലിയ വിപത്തിനെ ഒഴിവാക്കാൻ സാധിച്ചു. അവരെയെല്ലാം അനുമോദിക്കുന്നു. ■